FMPB
# മിത്രാസമാചാർ
fmpb
(for private circulation only)

വാല്യം 16 | ലക്കം 5 | മെയ് 2026

# രാഷ്ട്രത്തെ സ്നേഹിക്കാനായി വിളിക്കപ്പെട്ടു





# ആമുഖം ...

## നാം നമ്മുടെ ദേശത്തെ ശരിക്കും സ്നേഹിക്കുന്നുണ്ടോ?

നാം പലപ്പോഴും ഞാൻ ഇന്ത്യയെ സ്നേഹിക്കുന്നു എന്നു പറയുന്നു, എന്നാൽ ഒരു ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യ തോൽക്കുമ്പോൾ ക്രിക്കറ്റ് ആരാധകർ ചെരുപ്പും കല്ലുകളും വലിച്ചെറിഞ്ഞ് ഇന്ത്യയുടെ സ്വത്തിനു നാശനഷ്ടമുണ്ടാക്കുന്നു. ഇതെല്ലാം ആ സ്നേഹത്തിന്റെ പേരിലാണെന്നു പറയുന്നു. എന്നാൽ ഇത് ശരിയായ സ്നേഹമാണോ?

വില്യം കേറിയുടെ കാഴ്ചപ്പാടിൽ ഇന്ത്യ ചൂഷണം ചെയ്യപ്പെടേണ്ട ഒരു ദേശമല്ല മറിച്ച് സ്നേഹിക്കുവാനും രൂപാന്തരപ്പെടുത്തുവാനുമുള്ള തന്റെ സ്വർഗ്ഗസ്ഥ പിതാവിന്റെ നാടായി കാണുന്നു. ആ സ്നേഹം വില്യം കേറി പ്രായോഗികമാക്കി - അദ്ദേഹം വിദ്യാഭ്യാസത്തിനു സംഭാവന നൽകി. സസ്യ ശാസ്ത്ര ലോകത്തിനു സംഭാവന നൽകി. സാമൂഹ്യ പരിഷ്കരണത്തിനായി പ്രവർത്തിച്ചു സതി പോലുള്ള ദുഷിച്ച ആചാരങ്ങളെ എതിർത്തു.

ആവർത്തനം 11:12 ഇതു ദൈവമായ യഹോവ പരിപാലിക്കുന്ന ദേശമാകുന്നു. ദൈവത്തിന്റെ ദൃഷ്ടി എല്ലായ്പോഴും ദേശത്തിന്റെമേൽ ഉണ്ട്. അപ്പോൾ ഒരു ദേശത്തെ സ്നേഹിക്കുക എന്നു പറഞ്ഞാൽ ദൈവം ചെയ്യുന്നതു പോലെ ശ്രദ്ധയോടും ധാരണയോടും പ്രതിബദ്ധതയോടും കൂടെ ദേശത്തെ പരിപാലിക്കുക എന്നതാകുന്നു.

യഥാർത്ഥ സ്നേഹം വിമർശനത്തിലൂടെയും സംവാദത്തിലൂടെയും മാത്രമല്ല പ്രകടിപ്പിക്കേണ്ടത് മറിച്ച് സമയം നൽകുന്നതിലൂടെയും ത്യാഗം ചെയ്യുന്നതിലൂടെയും മദ്ധ്യസ്ഥ പ്രാർത്ഥന അണയ്ക്കുന്നതിലൂടെയും പ്രകടമാക്കണം. നമ്മുടെ രാജ്യത്തിനായി വാദിക്കുന്നതിനു പകരം അതിനു വേണ്ടി പ്രാർത്ഥിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. നെഹമ്യാവ് ഈ മാതൃക കാണിച്ചു തന്നു - തന്റെ ദേശത്തിന്റെ തകർച്ചയും പരിതാപ സ്ഥിതിയും മനസ്സിലാക്കിയ നെഹമ്യാവ് കരഞ്ഞു, ഉപവസിച്ചു, പ്രാർത്ഥിച്ചു (നെഹ.1:3-4).

ജോൺ പൈപ്പർ പറഞ്ഞത്, 'ലോകത്തെ നേടുന്നതും രൂപാന്തരപ്പെടുത്തുന്നതുമായ വേല സാധ്യമാകുന്നത് നമ്മുടെ മുഴങ്കാലിലുള്ള പ്രാർത്ഥനയിലൂടെയാണ്.'

എന്നിരുന്നാലും പ്രാർത്ഥന പ്രവൃത്തിയിലേക്കു നയിക്കണം. 1 യോഹ.3:18 ൽ ദൈവം നമ്മെ വാക്കുകളിലൂടെ മാത്രമല്ല പ്രവർത്തിയിലൂടെയും സ്നേഹിക്കുവാൻ ആഹ്വാനം ചെയ്യുന്നു. ദൈവം സ്വപുത്രനെ അയച്ചതിലൂടെ ഇതു പ്രായോഗികമാക്കി കാണിച്ചു.

നാം യഥാർത്ഥത്തിൽ ഇന്ത്യയെ സ്നേഹിക്കുന്നുവെങ്കിൽ അതിലെ ജനങ്ങൾക്കായി നമ്മുടെ സമയത്തെ ചിലവഴിക്കണം. അവരുടെ രൂപാന്തരീകരണത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കണം. നെഹമ്യാവിനെ പോലെ പ്രാർത്ഥനയിൽ നിന്നും പ്രവർത്തിയിലേക്കു നീങ്ങണം: ആവശ്യങ്ങൾ മനസ്സിലാക്കി, ജനങ്ങളെ ഒന്നിപ്പിച്ച് അവരിൽ മാറ്റങ്ങൾ കൊണ്ടുവരണം.

ഇന്നും ദേശത്തോടു ത്യാഗപൂർണ്ണമായ സ്നേഹം പ്രകടിപ്പിക്കുന്ന ജനങ്ങളെ നമുക്കു കാണാം. - രാഷ്ട്രത്തിന്റെ ആവശ്യങ്ങൾക്കായി സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ സംഭാവന നൽകുന്നു. മാതാപിതാക്കൾ തങ്ങളുടെ മക്കളെ സേനയിൽ സേവനം ചെയ്യുവാൻ അയയ്ക്കുന്നു. വ്യക്തികൾ തങ്ങളുടെ ദേശത്തിന്റെ സംരക്ഷണക്കായി സ്വയം സമർപ്പിക്കുന്നു. സ്വന്തം രാജ്യത്തിന്റെ ഭൗതിക സംരക്ഷണത്തിനായി ജനങ്ങൾ ഇത്രത്തോളം ചെയ്യുവാൻ തയ്യാറാണെങ്കിൽ നമ്മുടെ ജനങ്ങളുടെ ആത്മീക ക്ഷേമത്തിനായി ദൈവമക്കളായ നാം എത്രത്തോളം പ്രവർത്തിക്കണം?

**ശേഷം പേജ് 10 ൽ**

"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തികൊടുക്കും."

– 2 ദിനവൃത്താന്തം. 7:14

"സ്വന്തം രാജ്യത്തെ വ്യക്തമായി കാണുവൻ കഴിയുന്ന വിധത്തിലും രാജ്യത്തെ എല്ലായിടത്തും ദൈവത്തിന്റെ മനുഷ്യ സ്നേ ഹം കാണുവാൻ കഴിയുന്ന തരത്തിലുമുള്ള കരുതലാണ് യഥാർത്ഥ ദേശ സ്നേഹം."

– ക്രിസ്റ്റീന റേ സ്റ്റാന്റൺ

"യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്കു അവകാശമായി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളതു."

– സങ്കീർത്തനം. 33:12

"കർത്താവേ, ഈ രാജ്യത്തുള്ള നിന്റെ ജനത്തിന്റെ ഹൃദയങ്ങളെ സമാധാനത്താൽ നിറയ്ക്കേണമേ, അങ്ങനെ അവർക്ക് നിന്റെ നന്മയുടെയും സുവിശേഷത്തിന്റെയും സാക്ഷികളായി തീരുവാൻ കഴിയും."

– ടി കെ ചാപ്ലിൻ

## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



**FMPB** യുടെ പ്രതിമാസ സൂനം

ജനറൽ സെക്രട്ടറി
**വിജയ് പ്രസന്ന ഐസക്**

*Publisher & Editor*
**വിജയ് പ്രസന്ന ഐസക്**

SUBSCRIPTION
Annual - Rs.100
Life - Rs.1500



H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in


**For remarks, recommendations and requests**
**feedbackfmpb@fmpb.org**

# ജനറൽ സെക്രട്ടറിയുടെ കത്ത്...



പ്രിയപ്പെട്ട പ്രാർത്ഥന സഹകാരികളെ,

“നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശമാകുന്നു. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു” (ആവർ.11:12).

ഈ വാക്യം ദൈവത്തിന്റെ ഹൃദയത്തിലേക്കുള്ള ഒരു ജാലകമാകുന്നു, ദേശത്തിലേക്കു മാത്രമല്ല അതിൽ പാർക്കുന്ന ജനങ്ങളിലേക്കുമുള്ളതാകുന്നു. ഇത് ദൈവശാസ്ത്രപരമായി ആഴമുള്ളതാണ് എന്നാൽ അതേ സമയം പ്രായോഗികമാണ്. ഇത് ദൈവീക ശ്രദ്ധയെയും ഉടമ്പടിപരമായ പരിചരണം, മാനുഷികമായ ഉത്തരവാദിത്തം എന്നിവയെക്കുറിച്ച് സംസാരിക്കുന്നു.

### 1. ഉടമ്പടി ദൈവത്തിന്റെ വ്യക്തിപരമായ പരിചരണം

*“നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതായ ദേശം”* എന്ന വാചകം ആഴമായ ബന്ധത്തെ വെളിപ്പെടുത്തുന്നു. ഈ ദൈവം ആകലങ്ങളിൽ നിന്നു നിരീക്ഷിക്കുന്ന ദൈവമല്ല, മറിച്ച് ദേശത്തിന്റെയും അതിൽ വസിക്കുന്ന ജനത്തിന്റെയും ക്ഷേമത്തിനായി വ്യക്തിപരമായി നിക്ഷേപിച്ച ഉടമ്പടി പാലിക്കുന്ന ദൈവമാണ്. ഇവിടെ വിവരിക്കുന്ന പരിചരണം വല്ലപ്പോഴും ഉള്ളതല്ല; ഇത് മനപൂർവ്വവും ബന്ധമുള്ളതുമാണ്.

വേദപുസ്തക പശ്ചാത്തലത്തിൽ യിസ്രായേൽ ജനം വാഗ്ദത്ത നാട്ടിൽ പ്രവേശിച്ച വേളയിൽ ദൈവം നൽകിയ വാഗ്ദത്തമാണിത്. ജലസേചനം പോലെയുള്ള മനുഷ്യ സംവിധാനങ്ങളിൽ ആശ്രയിച്ചിരുന്ന ഈജിപ്തിലെ പോലെയല്ല ഈ രാജ്യം ദൈവീക കരുതലിൽ ദൈവത്തിന്റെ കരങ്ങളുടെ പ്രവർത്തനമായ സ്വർഗ്ഗത്തിൽ നിന്നുള്ള മഴയെയും ഋതുക്കളെയും ആശ്രയിക്കുന്നു. ഒരു രാഷ്ട്രം അഭിവൃദ്ധി പ്രാപിക്കുന്നത് മാനുഷിക പ്രയത്നം കൊണ്ടല്ല, മറിച്ച് ദൈവീക ആനുഗ്രഹം കൊണ്ടാണെന്നുള്ള സുപ്രധാന സത്യം ഇത് നമ്മെ പഠിപ്പിക്കുന്നു.

നമ്മെ സംബന്ധിച്ചിടത്തോളം ഇന്ന് നമ്മുടെ രാജ്യം നിലനിൽക്കുന്നത് നയങ്ങൾ കൊണ്ടു മാത്രമല്ല, മറിച്ച് ദൈവത്തിന്റെ അദൃശ്യമായ കരുതലും കരുണയും കൊണ്ടാണ്. രാഷ്ട്രത്തെ സ്നേഹിക്കുക എന്നാൽ ഈ ആശ്രയത്തെ തിരിച്ചറിയുകയും താഴ്മയോടെ ദൈവത്തിന്റെ കൃപ തുടർച്ചയായി തേടുകയും ചെയ്യുക എന്നാകുന്നു.

### 2. ദൈവത്തിന്റെ നിരന്തരമായ ജാഗ്രത

നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു. ദൈവത്തിന്റെ നിരന്തരമായ കാവലിന്റെ ആഴമേറിയ യാഥാർത്ഥ്യത്തെ അനാവരണം ചെയ്യുന്നു. കാലങ്ങൾക്കനുസരിച്ച് ചാഞ്ചാടുകയോ ശാന്തമായ സമയങ്ങളിൽ പിൻവാങ്ങുകയോ

ചെയ്യാത്ത തുടർച്ചയായ ശ്രദ്ധയോടു കൂടിയ നോട്ടമാണിത്. ദേശത്തോടുള്ള ദൈവത്തിന്റെ കരുതൽ സ്ഥിരമാണ്. "യഹോവയുടെ കണ്ണ് എല്ലാടവും ഉണ്ട്; ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു." (സദൃ.15:2) എന്ന വേദപുസ്തക സത്യത്തെ പ്രതിഫലിപ്പിക്കുന്നു. ഈ ദിവ്യമായ ശ്രദ്ധയിൽ ആഴമായ ആശ്വാസവും ഗൗരവമേറിയ ഉത്തരവാദിത്തവും ഉൾക്കൊള്ളുന്നു. വ്യവസ്ഥകളിൽ മറഞ്ഞിരിക്കുന്ന അനീതി, നിശ്ശബ്ദതയിൽ മുടപ്പെട്ട കഷ്ടതകൾ, അടിച്ചമർത്തപ്പെട്ടവരുടെ കേൾക്കാതെ പോകുന്ന നിലവിളി തുടങ്ങി ഒന്നും കർത്താവിന്റെ ശ്രദ്ധയിൽ നിന്നും രക്ഷപ്പെട്ടു പോകാത്തതിനാൽ ലഭിക്കുന്ന ആശ്വാസം. ദൈവത്തിന്റെ നോട്ടത്തിൻ കീഴിലുള്ള ഒരു ദേശം അവനോടു ഉത്തരം പറയേണ്ടതായിരിക്കുന്നതിനാൽ ഗൗരവമായ ഉത്തരവാദിത്തം ഉണ്ട്. തിരുവചനത്തിലുടനീളം കാണുന്നതു പോലെ ദൈവം ജനങ്ങളുടെയും ഭരണാധികാരികളുടെയും പ്രവർത്തികൾ ഒരു പോലെ തൂക്കിനോക്കുന്നു. നേതൃത്വം എടുക്കുന്ന ഓരോ തീരുമാനങ്ങളും നീതിപൂർവ്വവും അല്ലാത്തതുമായ എല്ലാ പ്രവർത്തികളും സമൂഹത്തിലെ എല്ലാ ധാർമ്മീക തിരഞ്ഞെടുപ്പുകളും സത്യത്തോടും നീതിയോടും ന്യായം വിധിക്കുന്നവന്റെ മുമ്പാകെ വെളിപ്പെടും. ഇത്തരത്തിലുള്ള ഒരു വെളിപ്പെടുത്തൽ നമ്മിൽ ഒരു വിശുദ്ധ ബോധം ഉണർത്തണം കാരണം നാം ജീവിക്കുന്നതും സേവിക്കുന്നതും ദൈവത്താൽ നിരീക്ഷിക്കുന്ന ഒരു നാട്ടിലാണ്. എന്നിരുന്നാലും ഈ ബോധ്യം നമ്മെ തളർത്തുവാനല്ല ദൗത്യത്തിലേക്കു നയിക്കുവാനുള്ളതാണ്. ദൈവം നിരീക്ഷിക്കുന്നുണ്ടെങ്കിൽ, അവന്റെ ജനം അയയ്ക്കപ്പെടുന്നു; അനീതിയുള്ള ഇടങ്ങളിൽ അവന്റെ നീതി വഹിക്കുന്നു; കഷ്ടപ്പാടുകളുള്ള ഇടങ്ങളിൽ അവന്റെ മനസ്സലിവ് എത്തിക്കണം; മാറിക്കൊണ്ടിരിക്കുന്ന മൂല്യങ്ങളുള്ള ലോകത്തിൽ ദൈവീക സത്യത്തിന്റെ സാക്ഷികളായി നില കൊള്ളണം. ദൈവത്തിന്റെ ജാഗ്രത നമ്മുടെ നിയോഗമായി തീരുന്നു. അവന്റെ വീണ്ടെടുപ്പിൻ പദ്ധതികളിൽ പങ്കുചേരുവാൻ നമ്മെ വിളിക്കുന്നു. അങ്ങനെ നമ്മുടെ വിശ്വസ്ത സാന്നിധ്യത്തിലൂടെ രാഷ്ട്രം ദൈവത്തിന്റെ നീതിയും മഹത്വവും കൂടുതലായി പ്രതിഫലിപ്പിക്കും.

### 3. ആരംഭം മുതൽ അവസാനം വരെ: എല്ലാ കാലങ്ങളിലും ദൈവം

"*ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ*" ഈ വാചകം എല്ലാ സമയങ്ങളിലുമുള്ള ദൈവത്തിന്റെ വിശ്വസ്തക്കു ഊന്നൽ നൽകുന്നു. രാഷ്ട്രീയ പരിവർത്തനങ്ങളിലും സാമ്പത്തിക മാറ്റങ്ങളിലും സാമൂഹ്യ അസ്വസ്ഥതകളിലും സമാധാന നിമിഷങ്ങളിലും തുടങ്ങി എല്ലാ കാലങ്ങളിലും ദൈവം സന്നിഹിതനാണ്. പുതിയ സർക്കാരുകൾ, പുതിയ നയങ്ങൾ, പുതിയ പ്രതീക്ഷകൾ തുടങ്ങി ഒരു രാജ്യത്തിനു തുടക്ക കാലങ്ങൾ ഉണ്ട്. അതുപോലെ അടച്ചുപൂട്ടലിന്റെയോ അനിശ്ചിതത്വത്തിന്റെയോ അല്ലെങ്കിൽ തകർച്ചയുടെയോ അവസാന കാലങ്ങളും ഉണ്ട്. എന്നാൽ ഈ രണ്ടു കാലങ്ങളിലും ദൈവം മാറ്റമില്ലാത്തവനായി നിലനിൽക്കുന്നു.

ദേശീയ ആഘോഷങ്ങളുടെ വേളയിൽ മാത്രമല്ല പിരിമുറുക്കത്തിന്റെയും പരീക്ഷകളുടെയും നാളുകളിലും ദൈവത്തിൽ ആശ്രയിക്കുവാൻ ഈ സത്യം നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ ഒരു

അദ്ധ്യായവും ദൈവത്തിന്റെ പരമാധികാര പരിപാലനത്തിനു പുറത്തല്ല എന്ന സത്യവും ഇത് നമുക്കു ഉറപ്പു നൽകുന്നു

## 4. ആത്മീക ഉത്തരവാദിത്തത്തിലേക്കുള്ള ഒരു ആഹ്വാനം

ദൈവം ഇത്ര ശ്രദ്ധയോടെ ഭൂമിയെ കാക്കുന്നുവെങ്കിൽ അവന്റെ ജനത്തിനു നിസ്സംഗതയുടെ ആഡംബരം താങ്ങാനാവില്ല, മറിച്ച് ദൈവിക പരിപാലനം ബോധപൂർവ്വമായ മനുഷ്യ പ്രതികരണം ആവശ്യപ്പെടുന്നു. ദൈവത്തിന്റെ നിരന്തരമായ നോട്ടത്തിൽ കീഴിൽ ജീവിക്കുക എന്നാൽ രാഷ്ട്രീയ വിശകലനത്തിനു അപ്പുറം പോകുന്ന ആത്മീക വിവേചനശേഷി വളർത്തിയെടുക്കുക എന്നതാകുന്നു. കാലത്തെ മനസ്സിലാക്കി യിസ്രായേൽ എന്തു ചെയ്യണമെന്ന് അറിഞ്ഞ് പ്രവർത്തിച്ച "യസ്സാഖാർ പുത്രന്മാരുടെ" ആത്മാവിനെ പ്രതിധ്വനിപ്പിക്കുക എന്നതാണ്. ദേശത്തിന്റെ ഭാരം വഹിക്കുക എന്നത് പൊതു സ്ഥലങ്ങളിലെ അഭിപ്രായ പ്രകടനങ്ങൾ മാത്രമല്ല, മറിച്ച് ദൈവസന്നിധിയിൽ മദ്ധ്യസ്ഥത അണച്ച്, ഒരു കാവൽക്കാരനായി ഇടിവിൽ നിന്ന് ദൈവത്തിന്റെ കരുണക്കും നീതിക്കും നവികരണത്തിനും വേണ്ടി നിലവിളിക്കുന്നതാണ്. പൊതു ജീവിതത്തിലും സ്വകാര്യ ജീവിതത്തിലും ദൈവത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുക, എല്ലാ സ്വാധീന മേഖലയിലും ദൈവത്തിന്റെ നീതി, കരുണ, സത്യം എന്നിവ ഉൾക്കൊള്ളുക, അങ്ങനെ നമ്മുടെ ജീവിതം തന്നെ ദൈവരാജ്യത്തിന്റെ സാക്ഷ്യമായി തീരുന്നു. ഈ വിധത്തിൽ ആവർത്തനം 11:12 നമ്മെ നിഷ്ക്രീയ പൗരത്വത്തിൽ നിന്ന് പ്രവചനപരമായ ഉത്തരവാദിത്തമുള്ള സജീവ പൗരത്വത്തിലേക്കു നയിക്കുന്നു. അവിടെ നാം കേവലം ദേശത്തിലെ നിവാസികൾ മാത്രമല്ല മറിച്ച് അതിന്റെ ആത്മീയ വിധിയുടെ കാര്യസ്ഥന്മാരാണ്. ഈ വിളി അഗാധമായ ദൗത്യ നിർവഹണം വഹിക്കുന്നു: നാം ദൈവത്തിന്റെ പ്രതിനിധികളായി സമൂഹത്തിന്റെ ഘടനകളിലേക്കു അയയ്ക്കപ്പെട്ടിരിക്കുന്നു, അവന്റെ വീണ്ടെടുപ്പിൻ വേലയിൽ പങ്കെടുക്കുവാനും ദൈവീക മൂല്യങ്ങളാൽ സംസ്കാരങ്ങളെ സ്വാധീനിക്കുവാനും രൂപാന്തരപ്പെടുത്തുന്ന കൃപയുടെ സാക്ഷ്യം വഹിക്കുവാനും വിശ്വസ്തമായ അനുസരണത്തിലൂടെ ദേശത്ത് ദൈവം നവീകരണം കൊണ്ടുവരുമെന്നു വിശ്വസിക്കുവാനും ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

## 5. ദൈവത്തിന്റെ ഹൃദയത്തിലൂടെ രാഷ്ട്രത്തെ സ്നേഹിക്കുക

ആത്യന്തികമായി ആവർത്തനം 11:12 നമ്മെ ക്ഷണിക്കുന്നത് ദൈവം സ്നേഹിച്ചതു പോലെ ദേശത്തെ ആഴമായ ശ്രദ്ധയോടും ഉടമ്പടിപരമായ വിശ്വസ്തതയോടും അചഞ്ചലമായ പ്രത്യാശയോടും കൂടെ സ്നേഹിക്കുവാനാണ്. ദൈവത്തിനു ദേശത്തോടുള്ള സ്നേഹം ഇടപാടു സംബന്ധമായിട്ടുള്ളതല്ല, മറിച്ച് ബന്ധപരമാണ്. രാഷ്ട്രം പിന്മാറുമ്പോൾ ദൈവം തന്റെ കരുതൽ പിൻവലിക്കുന്നില്ല, രാഷ്ട്രം വഴുതിപ്പോകുമ്പോൾ ദൈവം പിന്മാറുകയില്ല, ദൈവം ദേശത്തിന്റെമേൽ സ്ഥിരമായി നിന്ന് ക്ഷമയും സഹിഷ്ണതയും വീണ്ടെടുപ്പും നൽകുന്നതുമായ സ്നേഹം വെളിപ്പെടുത്തുന്നു. ഈ ദിവ്യമായ നിലപാട് നമ്മുടെ സ്വന്തം വിളിയുടെ മാതൃകയാകുന്നു. അനീതിയുടെയോ ധാർമ്മീക ആശയകുഴപ്പത്തിന്റെയോ ഭാരത്താൽ ദേശം വലയുമ്പോൾ ഉറച്ചു നിൽക്കുവാനും മറുപടി വൈകുന്നതായി തോന്നിയാലും മദ്ധ്യസ്ഥ പ്രാർത്ഥന തുടരുവാനും ഇത്തരത്തിലുള്ള പ്രതിബദ്ധതയ്ക്കു ത്യാഗം, ധൈര്യം, വ്യക്തിപരമായ വില എന്നിവ

ആവശ്യപ്പെടുമ്പോഴും നീതിക്കായി പോരാടുവാൻ ദൈവം നമ്മെ ക്ഷണിക്കുന്നു.

എന്നിരുന്നാലും ഈ സ്നേഹം നിഷ്ക്രീയമായ സഹിഷ്ണതയല്ല, മറിച്ച് വ്യക്തമായ ദൗത്യ നിർവഹണ ഊർജ്ജം വഹിക്കുന്നു. ദേശത്തെ സ്നേഹിക്കുക എന്നാൽ ദൈവം എവിടെയാണ് പ്രവർത്തിക്കുന്നത് എന്നു മനസ്സിലാക്കുകയും ആ പ്രവർത്തനത്തിൽ മനപൂർവ്വം ദൈവത്തോടൊപ്പം ചേരുക എന്നതുമാകുന്നു. തലക്കെട്ടുകൾക്കും നയങ്ങൾക്കും അപ്പുറം ദേശത്തെ രൂപാന്തരപ്പെടുത്തുന്ന ആത്മീക യാഥാർത്ഥ്യം മനസ്സിലാക്കി എല്ലാ സ്വാധീന മേഖലയിലും ദൈവരാജ്യത്തിന്റെ സ്ഥാനാപതികളായി പ്രവർത്തിക്കുക എന്നതാണ്. ഇത് അർത്ഥമാക്കുന്നത്, സമൂഹങ്ങളിൽ അനുകമ്പയോടെ ഇടപഴകുക, പാർശ്വവത്ക്കരിക്കപ്പെട്ടവരോടു ചേർന്നു നിൽക്കുക, ഭിന്നതയുള്ളിടത്ത് അനുരജ്ഞനത്തിന്റെ വക്താക്കളാകുക സുവിശേഷത്തിന്റെ പരിവർത്തന ശക്തി വാക്കിലും പ്രവർത്തിയിലും ഉൾക്കൊള്ളുക. അങ്ങനെ രാഷ്ട്രത്തെ സ്നേഹിക്കുക എന്നത് ദൈവത്തിന്റെ ദൗത്യ നിർവഹണത്തിൽ പങ്കെടുക്കുന്ന പ്രവർത്തിയായി മാറുന്നു. അവിടെ ദൈവത്തിന്റെ ജനം ചരിത്രത്തിന്റെ നിരീക്ഷകരല്ല, മറിച്ച് നവീകരണത്തിന്റെ ഉപകരണങ്ങളാണ്. ദേശത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ ഹൃദയഭാരം വഹിക്കുക. തന്റെ ജനത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ ഭാരം അനുഭവമാക്കുക. ദൈവം നയിക്കുന്നതുപോലെ അനുസരണമുള്ളവരായി പ്രവർത്തിക്കുക. വിശ്വസ്തമായ സാക്ഷ്യത്തിലൂടെയും ത്യാഗപരമായ സേവനത്തിലൂടെയും ദൈവം ദേശത്തിലെ ജനതക്കു പുനസ്ഥാപനവും സൗഖ്യവും പ്രത്യാശയും നൽകുന്നതിനു പ്രവർത്തിക്കുന്നുവെന്നു വിശ്വസിക്കുക.

ഒരു ദേശവും ഒരിക്കലും ദൈവത്തിന്റെ പരിഗണനക്കു അതീതമല്ലെന്ന ഗഹനമായ പ്രഖ്യാപനം ഇവിടെ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ കാവൽ സ്ഥിരതയുള്ളതും ജാഗ്രതയുള്ളതും കരുണയുള്ളതുമാകുന്നു. രാഷ്ട്രത്തെ സ്നേഹിക്കുവാനുള്ള നമ്മുടെ വിളിയെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ ദേശത്തിന്റെ ഭാവി അനിശ്ചിതത്വത്തിലോ മത്സരത്തിലോ, ഭാരത്തിലോ ആയിരിക്കുമ്പോൾ നമ്മുടെ ഹൃദയം ദൈവത്തിന്റെ ഹൃദയവുമായി ബന്ധിപ്പിക്കുവാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു.

## വഴിത്തിരിവിൽ നിൽക്കുന്ന രാജ്യം

ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ രാജ്യം ഒരു സുപ്രധാനഘട്ടത്തിലാണ്. നിരവധി സംസ്ഥാനങ്ങളിൽ നടക്കാനിരിക്കുന്ന നിയമസഭ ഇലക്ഷൻ വെറും രാഷ്ട്രീയ വ്യായാമങ്ങൾ മാത്രമല്ല, അത് രാജ്യത്തിന്റെ സാമൂഹ്യവും ധർമ്മീകവുമായ പാതയെ രൂപപ്പെടുത്തുന്ന നിമിഷങ്ങളാണ്. ദേശത്തെ സ്നേഹിക്കുന്നവർക്കു ഇത് നിഷ്ക്രീയ നിരീക്ഷണത്തിന്റെ സമയമല്ല മറിച്ച് ആഴത്തിലുള്ള ആത്മീയ ഇടപെടലിന്റെ സമയമാണ്.

ഇത്തരത്തിലുള്ള ഒരു കാലത്ത് രാജ്യത്തെ സ്നേഹിക്കുക എന്നാൽ നീതി, സത്യസന്ധത, ജനങ്ങളോടുള്ള യഥാർത്ഥ കരുതൽ എന്നിവയാൽ അടയാളപ്പെട്ട നേതൃത്വത്തിന്റെ ആവിർഭാവത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ഭരണം അധികാരത്താൽ മാത്രം നയിക്കപ്പെടരുത്, കാരുണ്യം, നീതി, ഉത്തരവാദിത്തം എന്നിവയാൽ നടത്തപ്പെടണം. ഒരു രഷ്ട്രം അഭിവൃദ്ധി പ്രാപിക്കുന്നത് അതിലെ നേതാക്കന്മാർ സത്യത്തെ മുറുകെപ്പിടിക്കുകയും താഴ്മയോടെ സേവിക്കുകയും ചെയ്യുമ്പോഴാണ്.

## നീതിക്കും കരുണക്കും സ്നേഹത്തിനും വേണ്ടിയുള്ള നിലവിളി

രാഷ്ട്രത്തെ സ്നേഹിക്കുവാൻ നാം വിളിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നീതിയും കരുണയും സ്നേഹവും അതിന്റെ നീളത്തിലും പരപ്പിലും ഒഴുകുന്നതു കാണാൻ നാം ആഗ്രഹിക്കണം. ഇവ അമൂർത്തമായ ആദർശങ്ങളല്ല മറിച്ച് ആരോഗ്യകരമായ ഒരു സമൂഹത്തിന്റെ അടിത്തറയാണ്. നീതി നിലനിൽക്കുന്നിടത്ത് മർദ്ദിത വർഗ്ഗം അന്തസ്സ് കണ്ടെത്തുന്നു. കരുണ പെരുകുന്നിടത്ത് മുറിവ് ഉണങ്ങുവാൻ തുടങ്ങും. സ്നേഹം ബന്ധങ്ങളെ നിയന്ത്രിക്കുന്നിടത്ത് ഐക്യം ഭിന്നതയെ മറികടക്കും.

നമ്മുടെ ദൈനം ദിന ജീവിതത്തിൽ ഈ മൂല്യങ്ങൾ ഉൾക്കൊള്ളുക എന്നതാണ് നമ്മുടെ വിളി. അതോടൊപ്പം നയിക്കുന്നവരുടെ നയങ്ങളും മുൻഗണനകളും ഈ മൂല്യങ്ങളാൽ രൂപപ്പെടേണ്ടതിനായി പ്രാർത്ഥിക്കുകയും വേണം.

## രാഷ്ട്രത്തിന്റെ ആത്മാവിനെ സംരക്ഷിക്കുക

അതെസമയം വിവേചന ബുദ്ധിയും പ്രാർത്ഥനാ പൂർവ്വമായ പ്രതികരണവും ആവശ്യപ്പെടുന്ന ആശങ്കകൾ വർദ്ധിച്ചു വരുന്നു. വിദേശ സംഭാവന നിയന്ത്രണ ചട്ടക്കൂട്ടിലെ ഭേദഗതികൾ, നിർദ്ദിഷ്ഠ മതസ്വാതന്ത്ര്യ നിയമങ്ങൾ തുടങ്ങിയ നിയമനിർമ്മാണ സഭയിലെ സംഭവവികാസങ്ങൾ പൗരസ്വാതന്ത്ര്യത്തിലും ദീർഘകാലമായി നിലനിന്ന മതേതര ധാർമ്മീകതയിലും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചു പലരിലും ചോദ്യങ്ങൾ ഉയർത്തിയിട്ടുണ്ട്.

രാജ്യത്തെ സ്നേഹിക്കുക എന്നാൽ ഇത്തരം ആശങ്കകളെ അവഗണിക്കുക എന്നല്ല മറിച്ച് ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുക എന്നതാണ്. ജ്ഞാനം, താഴ്മ, സത്യത്തോടുള്ള സമർപ്പണം എന്നിവകളോടു കൂടെ പ്രവർത്തിക്കുക. എല്ലാ സമൂഹങ്ങളിലും സ്വാതന്ത്ര്യം, നീതി, പരസ്പര ബഹുമാനം എന്നിവ സംരക്ഷിക്കപ്പെടുമ്പോഴാണ് ഒരു രാഷ്ട്രത്തിന്റെ ഘടന ശക്തിപ്പെടുന്നത്.

## സംഘർഷ സമയങ്ങളിലെ സൗഖ്യം

നമ്മുടെ രാജ്യം ആഴത്തിലുള്ള ഭിന്നതകളോടു മല്ലിടുന്നത് തുടരുകയാണ് എന്നതിന്റെ വേദനാജനകമായ ഓർമ്മപ്പെടുത്തലാണ് മണിപ്പൂരിൽ നടന്നുകൊണ്ടിരിക്കുന്ന വംശീയ സംഘർഷം. അക്രമം, കുടിയിറിക്കപ്പെടൽ, അവിശ്വാസം എന്നിവ നയങ്ങൾ കൊണ്ടു മാത്രം സുഖപ്പെടുത്തുവാൻ കഴിയാത്ത മുറിവുകൾ അവശേഷിപ്പിച്ചിട്ടുണ്ട്.

ഇവിടെ സ്നേഹിക്കുവാനുള്ള ആഹ്വാനം കൂടുതൽ ആഴമുള്ളതും അടിയന്തരവും ആയി തീർന്നിരിക്കുന്നു. അത് മദ്ധ്യസ്ഥത പ്രാർത്ഥനക്കും സമാധാനം സ്ഥാപിക്കുന്നതിനും കാരുണ്യപൂർവ്വമായ പ്രവർത്തനങ്ങൾക്കും ആഹ്വാനം നൽകുന്നു. ദുരിതം അനുഭവിക്കുന്നവരോടു ഐക്യധാർഢ്യം പ്രകടിപ്പിക്കുവാനും വെടിനിർത്തലുകൾക്കപ്പുറം ശാശ്വതമായ സമാധാനം വരെ നീളുന്ന അനുരഞ്ജനത്തിനായി പ്രാർത്ഥിക്കുവാനും ഇതു നമ്മെ പ്രേരിപ്പിക്കുന്നു.

## മദ്ധ്യസ്ഥതയിലേക്കും ഉത്തരവാദിത്തത്തിലേക്കുമുള്ള വിളി

ദൈവത്തിന്റെ ദൃഷ്ടി രാഷ്ട്രത്തിലാണെങ്കിൽ അവന്റെ ജനം നിഷ്ക്രിയ അശങ്കകളോടെയല്ല, മറിച്ച് മനപൂർവ്വമായ പ്രാർത്ഥനയോടും ഉദ്ദേശപൂർണ്ണമായ ദൗത്യ നിർവഹണത്തോടെയും പ്രതികരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. രാജ്യത്തെ സ്നേഹിക്കുക എന്നാൽ അതിലെ നേതാക്കന്മാർക്കും സ്ഥാപനങ്ങൾക്കും വേണ്ടി വിശ്വസ്തതയോടെ പ്രാർത്ഥനയാൽ മദ്ധ്യസ്ഥത വഹിക്കുക. ആത്മീക പരിവർത്തനത്തിലൂടെ

സമൂഹത്തിൽ നിലനിൽക്കുന്ന മാറ്റങ്ങൾ വരുമെന്ന് തിരിച്ചറിയുക. ഭവനങ്ങൾ, ജോലിസ്ഥലങ്ങൾ, സമൂഹം തുടങ്ങിയ സാധാരണ ജീവിതയിടങ്ങളിൽ നീതിയുടെ ഏജന്റന്മാരായി നിലകൊള്ളുക. അവിടെ ദൈവമക്കളുടെ സ്വഭാവം ദൈവരാജ്യത്തിന്റെ ശാന്തവും എന്നാൽ ശക്തവുമായ സാക്ഷ്യമായി മാറുന്നു. ഭിന്നിപ്പിന്റെ കാലത്തു സമാധാനവും ഐക്യവും പ്രോത്സാഹിപ്പിക്കുക, ശിഥിലമായ സമൂഹത്തിൽ പാലം പണിയുന്നവരായി മാറുക, ചെലവേറിയതാണെങ്കിലും മാന്യതയോടും കൃപയോടും ധൈര്യത്തോടും കൂടി സത്യം സംസാരിക്കുക.

എന്നിരുന്നാലും ഈ വിളി വ്യക്തിപരമായ ഭക്തിക്കപ്പുറം ദൗത്യ നിർവഹണത്തിനു ഊർജ്ജം പകരുന്നതാണ്. ദേശത്തെ സ്നേഹിക്കുക എന്നാൽ രാഷ്ട്രത്തിന്റെ വീണ്ടെടുപ്പിനായുള്ള ദൈവീക പദ്ധതിയിൽ പങ്കുകരാകുക. വാക്കിലും പ്രവർത്തിയിലും സുവിശേഷം ഉൾക്കൊള്ളുക. പ്രത്യാശയോടും കരുണയോടും കൂടെ അരികുവത്ക്കരിക്കപ്പെട്ടവരോടു സുവിശേഷം പങ്കുവെക്കുക. രാഷ്ട്രത്തെ കേവലം ഒരു രാഷ്ട്രീയ ആസ്തിത്വമായി കാണാതെ ജനത്തെ തന്നിലേക്കു ആകർഷിക്കുന്ന ഒരു ദൗത്യമേഖലയായി കാണണം. ദൈവത്തിനു തന്റെ ദാസന്മാരിലൂടെ ഉണർവ്വും നവീകരണവും കൊണ്ടുവരുവാൻ കഴിയുമെന്നു വിശ്വസിച്ചു കൊണ്ട് ഇടപഴകുവാനും സേവിക്കുവാനും സാക്ഷ്യം വഹിക്കുവാനും ദൈവസ്നേഹം നമ്മെ നിർബന്ധിക്കുന്നു. ഇത് ഒരു നിഷ്ക്രിയ സ്നേഹമല്ല മറിച്ച് അത് സ്നേഹവും ത്യാഗപൂർണ്ണവും ദൈവത്തിന് ഹൃദയങ്ങളെയും രാഷ്ട്രങ്ങളെയും രൂപാന്തരപ്പടുത്തുവാൻ കഴിയുമെന്ന അചഞ്ചലമായ പ്രത്യാശയിൽ നങ്കൂരമിട്ടതുമാണ്.

## ദൈവത്തിൽ നങ്കൂരമിട്ട പ്രത്യാശ

ആത്യന്തികമായി നമ്മുടെ വിശ്വാസം മാനുഷിക വ്യവസ്ഥകളിലല്ല മറിച്ച് ദൈവത്തിന്റെ മാറ്റമില്ലാത്ത വിശ്വസ്തതയിലാണ്. ദേശത്തെ കാക്കുന്നവന് അതിനെ നയിക്കുവാനും തിരുത്തുവാനും പുനസ്ഥാപിക്കുവാനും കഴിയും. പ്രക്ഷുബ്ധമായ സമയങ്ങളിൽ പോലും അവന്റെ ഉദ്ദേശങ്ങൾ സ്ഥിരമായി നിലനിൽക്കുന്നു.

വിശ്വാസികളുടെ ആത്മീക നവീകരണത്തിനും ദൗത്യനിർവഹണത്തിനു അവരെ സംയോജിപ്പിക്കുന്നതിനുമായി ബഥേലിൽ ഉടനെ നടത്തുവാൻ പോകുന്ന തമിഴ്നാടിന്റെയും പോണ്ടിച്ചേരിയുടെയും വാർഷിക ക്യാമ്പ് 2026 നായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. പങ്കെടുക്കുന്ന ഓരോരുത്തരിലും പരിശുദ്ധാത്മാവിന്റെ ശക്തമായ വ്യാപാരം ഉണ്ടാകേണ്ടതിനും ഭാരത സുവിശേഷീകരണത്തോടുള്ള തീഷ്ണതയുടെയും അഭിനിവേശത്തിന്റെയും പുതിയ തരംഗം ഉണ്ടാകേണ്ടതിനും ഹൃദയങ്ങൾ വൈകാരിക തലത്തിൽ മാത്രമല്ല ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന പ്രതിബദ്ധതയുള്ളതായി രൂപാന്തരപ്പെടേണ്ടതിനുമായി നമുക്കു പ്രാർത്ഥിക്കാം. ഈ കോൺഫറൻസ് ഉദ്ഘാടനം ചെയ്യുന്ന കർണ്ണാടക മദ്ധ്യ മഹായിടവക ബിഷപ്പ് റൈറ്റ് റവ. വിനോദ് കുമാറിനെ പ്രാർത്ഥനയിൽ ഓർക്കുക. ദൈവീക ജ്ഞാനത്തോടും അധികാരത്തോടും ആത്മീക വ്യക്തതയോടും കൂടി ശുശ്രൂഷ നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തലമുറകളിലൂടനീളം ശുശ്രൂഷ ചെയ്യുന്നതിനായി ഈ വർഷത്തെ ക്യാമ്പ് ആലോചനപൂർവ്വം ക്രമീകരിച്ചിരിക്കുന്നു. യൗവ്വനക്കാർക്കും കൗമാരക്കാർക്കും ബാലന്മാർക്കുമായി പ്രത്യേക യോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. യുവഹൃദയങ്ങൾ വ്യ

ക്തിപരമായി ദൈവത്തെ കണ്ടുമുട്ടേണ്ടതിനും ദൗത്യനിർവഹണത്തിലുള്ള അവരുടെ വിളി തിരിച്ചറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. അതുപോലെ കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആഴമേറിയ ആത്മീക ഐക്യം നേടുന്നതിനും ദൈവത്തെ ഒരുമിച്ചു സേവിക്കുന്നതിനുള്ള പൊതുവായ കാഴ്ചപ്പാട് നേടുന്നതിനും ആഗ്രഹിക്കുന്ന യുവദമ്പതികൾക്കായി പ്രത്യേക യോഗം ക്രമീകരിച്ചിട്ടുണ്ട്. ഈ ലക്ഷ്യത്തോടു ക്രമീകരിച്ചിരിക്കുന്ന യോഗങ്ങൾ വ്യക്തികളെയും കുടുംബങ്ങളെയും രൂപാന്തരപ്പെടുത്തി ദൈവരാജ്യത്തിൽ നിലനിൽക്കുന്ന സ്വാധീനം ഉരുവാക്കുന്നവരായി തീരട്ടെ. ഈ സമ്മേളനത്തെ തുടർന്നു എക്സിക്യൂട്ടിവ് കമ്മറ്റി കൂടുന്നതാണ്. ദൈവീക ശുശ്രൂഷയോടുള്ള ബന്ധത്തിൽ അവിടെ നടത്തുന്ന ചർച്ചകളും കൈക്കൊള്ളുന്ന ഓരോ തീരുമാനവും ദൈവീക ജ്ഞാനത്തോടും വിവേചനത്തോടും ആത്മാവിന്റെ ഐക്യത്തോടും വ്യക്തമായ കാഴ്ചപ്പാടോടും ദൈവത്തിന്റെ ഉദ്ദ്യശ്യങ്ങളുമായി പൂർണ്ണമായി യോജിക്കുന്നതും ആകേണ്ടതിനായി പ്രാർത്ഥിക്കുക.

ദേശത്തെ സ്നേഹിക്കുവാൻ വിളിക്കപ്പെടുക എന്നാൽ ദൈവത്തിന്റെ ഭാരം ഏറ്റെടുത്ത് ദേശത്തിന്റെ ക്ഷേമം അന്വേഷിക്കുക, അതിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുക, അതിന്റെ രൂപാന്തരീകരണത്തിനായി പ്രവർത്തിക്കുക എന്നിവയാണ്.

ഈ നിർണ്ണായ മണിക്കൂറിൽ പുതുക്കിയ പ്രതിബദ്ധതയോടെ എഴുന്നേൽക്കാം: നീതി, കരുണ, സ്നേഹം എന്നിവ നമ്മുടെ രാജ്യത്തു നദിപോലെ ഒഴുകട്ടെ; നീതിനിഷ്ഠവും ജനകേന്ദ്രീകൃതവുമായ നേതൃത്വം ഉയർന്നുവരട്ടെ; രാജ്യത്തിനുള്ളിലെ എല്ലാ മുറിവുകളും ദൈവീക സ്പർശനത്താൽ സൗഖ്യമാകട്ടെ.

എല്ലാം വീക്ഷിച്ചുകൊണ്ട് കരുതലോടെ പ്രതികരിക്കുവാൻ തന്റെ ജനത്തെ ക്ഷണിച്ചു കൊണ്ട് ദൈവത്തിന്റെ ദൃഷ്ടി എല്ലായ്പ്പോഴും ദേശത്തിന്റെ മേൽ ഉണ്ട്.

ദൈവീക ശുശ്രൂഷയിൽ നിങ്ങളുടെ



റവ. വിജയ് പ്രസന്ന ഐസക്
ജനറൽ സെക്രട്ടറി

**പുറം പേജ് 2 ന്റെ തുടർച്ച...**

എതിർപ്പ്, രോഗം, ഭയം, അസ്വസ്ഥതകൾ എന്നിവകളുടെ മദ്ധ്യേ കർത്താവിനെ സേവിച്ചു കൊണ്ട് നഷ്ടപ്പെട്ടു പോയ ആത്മാക്കളെ വീണ്ടെടുക്കുന്നതിനായി വിദ്യാഭ്യാസം, കുടുംബം, സുരക്ഷിതത്വം എന്നിവ ഉപേക്ഷിച്ച് നമ്മുടെ രാജ്യത്തോടുള്ള സ്നേഹം പ്രകടിപ്പിക്കുവാൻ മുന്നോട്ടു വന്ന് മിഷൻ വയലുകളിലും മൊബലൈസേഷൻ മേഖലയിലും ആസ്ഥാന മന്ദിരത്തിലും മുൻനിരയിൽ നിന്നു പ്രവർത്തിക്കുന്ന എല്ലാവരെയും പ്രാർത്ഥനയിൽ ഓർക്കുക. അക്ഷീണം പരിശ്രമിക്കുന്ന പ്രാർത്ഥനക്കൂട്ട നേതാക്കൾ മറ്റുള്ളവരെ പ്രാർത്ഥിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

അപ്പോൾ. ചോദ്യം അവശേഷിക്കുന്നു: നിങ്ങൾ ദേശത്തെ ശരിക്കും സ്നേഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഈ നാടിന്റെയും അതിലെ ജനങ്ങളുടെയും വീണ്ടെടുപ്പിനും പുനഃസ്ഥാപനത്തിനും വേണ്ടി നിങ്ങൾ അവസാനമായി ചെയ്തത് എന്താണ്? അത് പറയുക മാത്രമല്ല, ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യുക.

\- **മേഴ്സി സെൽവിൻ**, കമ്മ്യൂണിക്കേഷൻ വിഭാഗം

# ദൈവം നമുക്കു നൽകിയ രാജ്യത്തെ സ്നേഹിക്കുക



## പൂർത്തിയാക്കുവാൻ പറ്റിയ ഒരു ഓട്ടമത്സരം

സമയം 3:25:27 ചരിത്രത്തിൽ അവിസ്മരണിയമായി തുടരുന്നു. 1968 ലെ മെക്സക്കോ സിറ്റി ഒളിമ്പിക്സിലെ മാരത്തണിൽ ടാൻസാനിയൻ അത്‌ലറ്റ് ജോൺ സ്റ്റീഫൻ അഖ്‌വാരി 42 കിലോമിറ്റർ പൂർത്തീകരിച്ചത് വിജയിയായ മാമോ വോൾഡെ പൂർത്തീകരിച്ചതിനെക്കാൾ വളരെ പിന്നിലായിരുന്നു. അദ്ദേഹം ഓട്ടം തികെച്ച സമയം 2:20:26 ആണ്.

ആഖ്‌വാരി ഓട്ടത്തിനിടെ താഴെ വിണു മുട്ടിലും തോളിനും സാരമായ പരുക്കു പറ്റി. കഠിനമായ വേദന സഹിച്ചു കൊണ്ട് ദീർഘനേരം നടക്കേണ്ടി വന്നെങ്കിലും അയാൾ മത്സരം ഉപേക്ഷിച്ചില്ല. എന്തിനാണ് ഇങ്ങനെ തുടർന്നത് എന്ന ചോദ്യത്തിനു മറുപടി പറഞ്ഞു, *“എന്റെ രാജ്യം എന്നെ അയച്ചത് 5000 മൈൽ ഓട്ടം തുടങ്ങുവാനല്ല മറിച്ച് അത് പൂർത്തീകരിക്കുവാനാണ്.”* തന്റെ രാജ്യത്തോടുള്ള ആഴമായ സ്നേഹവും ആദരവും നിമിത്തം അവൻ കഷ്ടപ്പാടുകൾ സഹിച്ചു.

### 1. ദേശത്തോടുള്ള ദൈവത്തിന്റെ സ്നേഹം (ആവർത്തനം11:12)

ആവർത്തനം 11:12 ൽ നാം ഇങ്ങനെ വായിക്കുന്നു, *“നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശമാകുന്നു. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു.”* ദൈവം യിസ്രായേലിനെ ആഴമായി കരുതുന്നു കാരണം അവൻ യിസ്രായേൽ ജനതയെ സ്നേഹിക്കുന്നു. തിരുവെഴുത്തിലുടനീളം ദൈവത്തിന്റെ സ്നേഹം അവന്റെ വീര്യ പ്രവൃത്തിയിലൂടെയും ദൈവീക സംരക്ഷണയിലൂടെയും അവന്റെ വിശ്വസ്തതയിലൂടെയും വെളിപ്പെടുന്നു. യിസ്രായേലിനെ സ്നേഹിച്ച അതെ ദൈവം ഇന്നു നമ്മെയും സ്നേഹിക്കുന്നു. നമ്മെ ആക്കി വെച്ച ദേശത്തെ നാം സ്നേഹിക്കണമെന്നു ദൈവം പ്രതിക്ഷിക്കുന്നു.

### 2. ആവർത്തനം 11 ൽ മൂന്നു വിധ ആഹ്വാനം

ഒന്നാമതായി ദൈവം തന്റെ ജനത്തെ **ഭൂതകാലത്തേക്കു നോക്കുവാൻ** ആഹ്വാനം ചെയ്തു. 2 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ ജനത്തോടു ദൈവത്തിന്റെ മഹത്വത്തെയും ശക്തമായ കരങ്ങളെയും ഈജിപ്തിൽ ദൈവം തന്റെ ജനത്തിന്റെ ശത്രുക്കളോടു ചെയ്ത വിര്യപ്രവർത്തികളെയും കുറിച്ച് അവരെ ഓർമ്മിപ്പിക്കുന്നു. ഇത് അവർ കാതുകൊണ്ടു കേട്ട വെറും കഥയല്ല, മറിച്ച് അവർ

നേരിട്ടു കണ്ട വ്യക്തിപരമായ ജീവിത അനുഭവമാണ്. ദൈവം അവർക്കു വേണ്ടി ചെയ്തതെല്ലാം ഓർക്കുവാൻ അവരെ ക്ഷണിക്കുന്നു.

അടുത്തതായി **വർത്തമാന കാലത്തിലേക്കു** നോക്കുവാൻ ആഹ്വാനം നൽകുന്നു. 8 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ ദൈവത്തെ അനുസരിക്കുവാനും പുർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും കൂടെ ദൈവത്തെ സ്നേഹിക്കുവാനും സേവിക്കുവാനും കല്പിക്കുന്നു. ഈ അനുസരണം അവർക്കു ദേശത്തെ കൈവശമാക്കുന്നതിനും ദേശത്തു ദീർഘായുസ്സോടിരിക്കുന്നതിനും ശക്തി നൽകും. ദൈവം തന്നെ കാവൽ നിൽക്കുന്ന ഒരു വിശേഷ ദേശമാകുന്നു എന്നത് അവർക്ക് വലിയൊരു പദവി നൽകി.

പിന്നെ ദൈവം അവരോടു **ഭാവിയിലേക്കു** നോക്കുവാൻ ആവശ്യപ്പെടുന്നു. 16 മുതൽ 32 വരെയുള്ള വാക്യങ്ങളിൽ അനുസരണക്കേടു അവർക്കു ശാപം വരുത്തിവെക്കുമെന്നതിനാൽ അന്യ ദൈവങ്ങളിലേക്കു തിരിയരുതെന്നു മുന്നറിയിപ്പു നൽകുന്നു. അതുപോലെ തന്നെ ദൈവത്തിന്റെ വചനം അവരുടെ ഹൃദയത്തിൽ സൂക്ഷിക്കണമെന്നും അവരുടെ മക്കളെ പഠിപ്പിക്കണമെന്നും ദിനം തോറും ദൈവവചനത്തെക്കുറിച്ചു സംസാരിക്കണമെന്നും നിർദ്ദേശം നൽകി. അവർ അതു അനുസരിച്ചാൽ ദീർഘായുസ്സും ശത്രുക്കളുടെമേൽ ജയവും വലിയ അനുഗ്രഹവും ആസ്വദിക്കുമെന്നു ദൈവം വാഗ്ദത്തം നൽകുന്നു. വ്യവസ്ഥ വ്യക്തമാണ്. ഈ അനുഗ്രഹങ്ങളെല്ലാം അവനെ അനുസരിച്ചാൽ മാത്രമേ ലഭിക്കയുള്ളു.

### 3. ദുഷ്കരമായ സമയത്തു പോലും രാഷ്ട്രത്തെ സ്നേഹിക്കുക.

യിസ്രായേൽ ദൈവത്താൽ സ്നേഹിക്കപ്പെട്ടിട്ടും ജനങ്ങൾ പാപത്തിൽ വീണു. അവർ ബാബിലോണ്യ അടിമത്തത്തിൽ ആകേണ്ടി വന്നു. അവർ പ്രവാസത്തിലായിരുന്നെങ്കിലും അവിടെ ചില ചെറുപ്പക്കാർ അപ്പോഴും അവരുടെ രാജ്യത്തെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. ദാനിയേൽ, ശദ്രക്, മേശക്, അബേദ്നെഗോ, നെഹമ്യാവ്, സെരുബാബേൽ തുടങ്ങിയവർ അവരിൽ ചിലരാണ്. അവരിൽ ചിലർ പ്രവാസ കാലഘട്ടത്തിൽ ജനിച്ചവരാകയാൽ മാതൃരാജ്യത്തെ നേരിൽ കണ്ടിട്ടില്ല. എന്നിട്ടും അവർ തങ്ങളുടെ മാതൃരാജ്യത്തെ സ്നേഹിച്ചു കാരണം അവർ തങ്ങളുടെ മാതാപിതാക്കളിലൂടെ മാതൃരാജ്യത്തെ കുറിച്ചു കേട്ടിരുന്നു (11:19–21). കർത്താവ് ദേശത്തെ സ്നേഹിച്ചതിനാൽ തന്റെ അഭിഷക്തന്മാരിൽ തങ്ങളുടെ രാജ്യത്തെക്കുറിച്ചുള്ള ഭാരവും അഭിനിവേശവും ഉണർത്തി. അവരെ സജ്ജരാക്കി. ദേശത്തെ ജനത്തെ വിടുവിക്കുന്നതിനായി ഉപയോഗിച്ചു.

**നാം മുഴങ്കാലിൽ നിൽക്കുക:** നമ്മുടെ ദേശത്തോടുള്ള ശരിയായ സ്നേഹത്തെ പ്രകടമാക്കുന്നതിനു ഒന്നാമതായി നാം ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിക്കണം. നെഹമ്യാവ് ദേശത്തോടുള്ള സ്നേഹം പ്രാർത്ഥനയിലൂടെ പ്രകടമാക്കിയത് നെഹമ്യാവ്. 1:4–11 ൽ കാണുവാൻ സാധിക്കും. വിവിധ തരത്തിൽ നെഹമ്യാവ് പ്രാർത്ഥിച്ചു. ഉപവസിച്ചു പ്രാർത്ഥിച്ചു (1:4), സംഘം ചേർന്നു പ്രാർത്ഥിച്ചു (1:9), അത്യാവശ്യഘട്ടങ്ങളിൽ നിമിഷ പ്രാർത്ഥനകൾ നടത്തി (എട്ടു തവണ ഇപ്രകാരം പ്രാർത്ഥിച്ചു). നെഹമ്യാവ് സംരക്ഷണത്തിനായി, വിജയത്തിനായി, വഴിനടത്തലിനായി പ്രാർത്ഥിച്ചു. വിജയം ലഭിക്കേണ്ടതിനായി പ്രാർത്ഥിച്ചു (1:11), ഭീഷണികൾ നേരിട്ടപ്പോൾ പ്രാർത്ഥിച്ചു (4:9,6:9), സംരക്ഷണത്തിനായി (4:9), ശത്രുക്കൾക്കായി (4:4,5), പുരോഹിതർക്കായി (13:28–29). രാജാവിന്റെ

മുമ്പിൽ വെച്ചു പ്രാർത്ഥിച്ചു, രാത്രിയിലും പകലിലും പ്രാർത്ഥിച്ചു, ഭയപ്പെട്ടപ്പോൾ പ്രാർത്ഥിച്ചു (4:4), ഭയം, ഭീഷണി എന്നിവ നേരിട്ടപ്പോൾ അല്ലെങ്കിൽ പ്രധാന തീരുമാനങ്ങൾ എടുക്കേണ്ടി വന്നപ്പോൾ അവൻ ദൈവത്തിന്റെ മുഖത്തേക്കു നോക്കി. നെഹമ്യാവ് ദൈവത്തെ സ്നേഹിച്ചു അത് പ്രാർത്ഥനയിലൂടെ അവൻ പ്രകടമാക്കി. ഇത് നമ്മെ പഠിപ്പിക്കുന്നത് ഒരുവൻ തന്റെ രാജ്യത്തെ ശരിയായ വിധം സ്നേഹിച്ചാൽ അവൻ രാജ്യത്തിനു വേണ്ടി നിരന്തരം ദൈവത്തോടു പ്രാർത്ഥിക്കും.

**പദ്ധതി തയ്യാറാക്കുക.** രാജ്യത്തിന്റെ നന്മക്കായി പദ്ധതികൾ തയ്യാറാക്കുക. അഹ്വാരിയ മുറിവേറ്റപ്പോൾ ഉപേക്ഷിച്ചു കളയാതെ മുന്നേറി. ഇതുപോലെ നെഹമ്യാവ് എതിർപ്പിന്റെയും നിരുത്സാഹപ്പെടുത്തലിന്റെയും മുന്നിൽ തളർന്നു പോയില്ല. യിസ്രായേൽ ജനതയുടെ പരിതാപകരമായ സ്ഥിതിയും തകർന്നു കിടക്കുന്ന മതിലും കണ്ടപ്പോൾ രാജ്യത്തോടുള്ള അവന്റെ സ്നേഹം അവന്റെ ഉള്ളിൽ ഒരു ഭാരമായി തോന്നി. അവൻ ശാന്തമായി ചുറ്റുപാടുകൾ പഠിച്ചു ആവശ്യമായതു ചെയ്യുവാൻ പദ്ധതികൾ തയ്യാറാക്കി. അവന്റെ ചുറ്റിലുമുള്ള ആവശ്യങ്ങളുടെ മുമ്പിൽ അവൻ തന്റെ സുരക്ഷിതത്വം വെടിയുവാൻ തയ്യാറായി. യഥാർത്ഥ സ്നേഹം വെറും വൈകാരികം മാത്രമല്ല മറിച്ച് അത് മനപൂർവ്വവും ചിന്തനിയവുമാണെന്ന് നമ്മെ പഠിപ്പിക്കുന്നു (2:12–16).

**പ്രാവർത്തീകമാക്കുക:** മൂന്നാമത്തെ പ്രകടനം പ്രവർത്തിയിലേക്കു ഇറങ്ങുക. നെഹമ്യാവ് പ്രാർത്ഥനയിലും പദ്ധതി തയ്യാറാക്കുന്നതിലും നിറുത്തിയില്ല പ്രാവർത്തീകമാക്കുവാൻ തയ്യാറായി. അവൻ തന്റെ ഭാരം മറ്റുള്ളവരുമായി പങ്കുവെച്ചു (2:17). അവരെ ഉത്സാഹിപ്പിച്ചു, ഒരു സംഘമായി അവരോടു ചേർന്നു നിന്നു പ്രവർത്തിച്ചു. തത്ഫലമായി 52 ദിവസം കൊണ്ടു പണി പൂർത്തീകരിച്ചു. മതിലിന്റെ പുനർ നിർമ്മാണത്തിനു നെഹമ്യാവ് സാധാരണ ജനങ്ങളുടെ സഹായം സ്വീകരിച്ചു. മതിൽ നിർമ്മിതിയിൽ നെഹമ്യാവ് നിറുത്തിയില്ല കാരണം പുനർ നിർമ്മാണവും നവീകരണവും ആവശ്യമായിരുന്നത് മതിലുകൾക്കു മാത്രമല്ല അവിടെ താമസിച്ചിരുന്ന ആളുകൾക്കും വേണമായിരുന്നു. എസ്രാ പുരോഹിതന്റെയും ലേവ്യരുടെയും പങ്കാളിത്തത്തോടെ ജനങ്ങളുടെ ആത്മീക ജീവിതം പുനസ്ഥാപിക്കുന്നതിനായും പ്രവർത്തിച്ചു (8:9). ദൈവാലയ ശുദ്ധീകരണം (13:4–8), ദൈവാലയത്തിലെ ഉപകരണങ്ങൾ വൃത്തിയാക്കി (13:9), ദൈവദാസന്മാർക്കു ഉപജീവനം നൽകി (13:10–13), ശബ്ബത്തിനെ ക്രമീകരിച്ചു, വിവാഹങ്ങളിലെ ക്രമക്കേടുകൾ നീക്കി ശുദ്ധീകരിച്ചു (13:15–22). യഥാർത്ഥ സ്നേഹം ഘടനകളിൽ മാത്രമല്ല ആളുകളുടെ ജീവിതങ്ങളിലും പരിവർത്തനം കൊണ്ടു വരുന്നു.

## ഓട്ടം പൂർത്തീകരിക്കുക

ടാൻസാനിയയിലെ ജനങ്ങൾക്കു ജോൺ സ്റ്റീഫൻ അഹ്വാരിയോടുള്ള ആഴമായ സ്നേഹവും പ്രതീക്ഷയും തിരിച്ചറിഞ്ഞ അദ്ദേഹം കഠിനമായ വേദന വകവെക്കാതെ തന്റെ ഓട്ടം പൂർത്തിയാക്കി. അതു പോലെ എതിർപ്പുകളും നിരവധി ഹൃദയ വേദനകളും ഉണ്ടായിട്ടും നെഹമ്യാവ് തന്റെ ദൗത്യം പൂർത്തീകരിച്ചു. അതുപോലെ നാമും വിശ്വസ്തരായി തുടരുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

യിസ്രായേൽ അന്നു ആയിരുന്ന സ്ഥിതിയിലാണ് നമ്മുടെ രാജ്യത്തിലെ ജനങ്ങളും. പ്രതീക്ഷയില്ലാത്തവരായി ഭയത്തിലും നിരാശയിലും ചിതറപ്പെട്ടവരായി ജനങ്ങൾ ആയിരിക്കുന്നു. നെഹമ്യാവിനെ പോലെയുള്ള ആളുകളെ

ദൈവം തേടുന്നു. രാജ്യത്തിന്റെ ഭാരം അവരുടമേൽ ചുമത്തുവാൻ ദൈവം ആഗ്രഹിക്കുന്നു (നെഹ.2:12). ദൈവം സ്നേഹിക്കുന്ന രാജ്യത്തെ ജനങ്ങളുടെ കഷ്ടപ്പാടുകൾ കാണുന്ന ദൈവത്തിന്റെ ഹൃദയം ദുഃഖിക്കുന്നു. ബോബ് പീയേഴ്സ് പറഞ്ഞതു പോലെ, "ദൈവത്തിന്റെ ഹൃദയത്തെ തകർക്കുന്ന കാര്യങ്ങൾ എന്റെ ഹൃദയത്തെയും തകർക്കട്ടെ."

നെഹമ്യാവ് ഒരു പാനപാത്ര വാഹകൻ മാത്രമായിരുന്നു, എന്നിട്ടും ദൈവം അവനെ ഒരു നിർമ്മാതാവ്, എഞ്ചിനിയർ, ഭരണാധികാരി, അത്മീക നേതാവ് എന്നീ നിലകളിൽ ഉപയോഗിച്ചു. അതു പോലെ നാം നമ്മെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുമ്പോൾ നമുക്കു സങ്കൽപ്പിക്കുവാൻ കഴിയുന്നതിലുമപ്പുറമുള്ള വിധങ്ങളിൽ ദൈവത്തിനു നമ്മെ ഉപയോഗിക്കുവാൻ കഴിയും.

ഇതു സംഭവിക്കണമെങ്കിൽ നാം നമ്മുടെ ചുറ്റുമുള്ള ആളുകളുടെ ആവശ്യങ്ങളെ സംവേദനക്ഷമതയോടെ നോക്കി കാണണം. നാം കണ്ടു മുട്ടുന്ന ഓരോ വ്യക്തിയെയും ദൈവം നമ്മുടെ മുമ്പിൽ എത്തിക്കുന്ന ആത്മാക്കളായി കാണണം. നമ്മുടെ ദേശത്തെ സ്നേഹിക്കുന്നതിനും അതിനു വേണ്ടി പ്രാർത്ഥിക്കുന്നതിനും അതിന്റെ നന്മക്കായി പദ്ധതികൾ തയ്യാറാക്കുന്നതിനും വിശ്വസ്തതയോടെ അത് പ്രാവർത്തീകമാക്കുന്നതിനും നാം ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു.

അതുകൊണ്ട് ഇന്ന് നാം സ്വയം ചോദിക്കേണ്ട ചോദ്യം ഇതാകുന്നു. **നമ്മുടെ രാജ്യത്തെ നാം എത്രമാത്രം സ്നേഹിക്കുന്നുണ്ട്?**

**– മേഴ്സി സെൽവിൻ**,
കമ്യൂണിക്കേഷൻ വിഭാഗം


# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI - A/c No. 602701216912** - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb@icici**

**SBI - A/c No. 10402752621** - IFS Code SBIN0000987 - Branch: Ambattur

**Indian Bank - A/c No. 406157474** - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## QR Code
**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# ഹലിയാൽ മിഷൻ ഫീൽഡ്

## പുതിയ കൊയ്ത്തു നിലം




ഇന്ത്യയുടെ തെക്കു പടിഞ്ഞാറൻ മേഖലയിലുള്ള സംസ്ഥാനമാണ് **കർണ്ണാടക.** 1956 നവംബർ ഒന്നിന് സംസ്ഥാന പുനസംഘടന നിയമം പാസ്സാക്കിയതോടെ ഇത് മൈസൂർ സംസ്ഥാനമായി രൂപീകരിക്കപ്പെട്ടു. പിന്നീട് 1973 ൽ കർണ്ണാടക എന്നു നാമ കരണം ചെയ്തു. പടിഞ്ഞാറ് ലക്ഷം ദ്വീപ് സമുദ്രം, വടക്ക് പടിഞ്ഞാറ് ഗോവ, വടക്ക് മഹാരാഷ്ട്ര, വടക്ക് കിഴക്ക് തെലുങ്കാന, കിഴക്ക് ആന്ധ്രപ്രദേശ്, തെക്ക് കിഴക്ക് തമിഴ്നാട്, തെക്ക് പടിഞ്ഞാറ് കേരളം എന്നിവയാണ് കർണ്ണാടകയുടെ അതിർത്തികൾ.

കർണ്ണാടകയുടെ ഉത്തര മേഖലയിലുള്ള ജില്ലയിലെ ഹലിയാൽ എന്ന പട്ടണം ഒരു താലൂക്ക് ആസ്ഥാനമാണ്. പ്രകൃതി സൗന്ദര്യത്താലും സംസ്കാരിക വൈവിധ്യത്താലും ആഴത്തിൽ വേരൂന്നിയ പാരമ്പര്യത്താലും സമ്പന്നമാണ് ഈ പട്ടണം. ഇടതൂർന്ന വനങ്ങളാൽ ചുറ്റപ്പെട്ട പ്രദേശം പ്രകൃതിദത്തമായ ആകർഷണങ്ങളാൽ പ്രസിദ്ധമാണ്. ശക്തമായ ആത്മീയ വിശ്വാസങ്ങളാലും പര മ്പരാഗതമായ ആചാരങ്ങളാലും ദൈനംദിന ജീവിതത്തെ രൂപപ്പെടുത്തുന്ന സാമൂഹ്യഘടനകളാലും ഈ പ്രദേശം അടയാളപ്പെടുത്തിയിരിക്കുന്നു.



ഹലിയാൽ സമുദായം പ്രാഥമികമായും കൃഷി ചെയ്തും കൂലിവേല ചെയ്തുമാണ് ഉപ ജീവനം കണ്ടെത്തിയിരുന്നത്. കരിമ്പ്, മാവ് മരങ്ങൾ എന്നിവയാണ് ഇവിടുത്തെ പ്രധാന കൃഷി. അനേകർ ഫാക്ടറികളിൽ ജോലി ചെയ്യുന്നു. ഈ പ്രദേശം തനതായ മാമ്പഴം ഉല്പാ ദിപ്പിക്കുന്നതിൽ പ്രസിദ്ധമാണ്. ഇടതൂർന്ന വന പ്രദേശമുള്ള ഈ പ്രദേശം ചരിത്ര പ്രാധാന്യ മുള്ളതാണ്. സാസ്കാരികമായി ഇവിടെയുള്ളവർ ഉണക്ക ചപ്പാത്തി, നിലക്കടല ചട്നി, തൈര്, വഴുതന വിഭവങ്ങൾ, മത്സ്യം, പ്രാദേശികമായ ലഘുഭക്ഷണങ്ങൾ തുടങ്ങിയ പരമ്പരാഗതമായ ഭക്ഷണരീതികൾ തുടരുന്നു. വിവാഹ ആചാര

ങ്ങൾ വിപുലവും പലപ്പോഴും സാമ്പത്തിക ബാധ്യതകൾ നിറഞ്ഞതുമാണ്. ചടങ്ങുകളും വിരുന്നുകളും നടത്തുവാൻ കുടുംബങ്ങൾ വായ്പ എടുക്കാറുണ്ട്.

കുറമ്പാസ്, വദ്ദർ, ഹരിജൻ, ലിംഗായത്, സിദ്ദി, ബഞ്ചാര, കൊൽക്കാർ, തുടങ്ങി വിവിധ സമുദായത്തിൽ പെട്ടവരാണ് ഹലിയാലിൽ പാർക്കുന്ന ജനങ്ങൾ. ഇവരിൽ കുറമ്പാസ്, വദ്ദർ, ഹരിജൻ, ലിംഗായത്, സിദ്ദി, ബഞ്ചാര, കൊൽക്കാർ എന്നീ സമുദായങ്ങളുടെ ഇടയിൽ നാം പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നു. ഓരോ ജാതിക്കൂട്ടത്തിനും അവരുടെതായ സംസ്കാരവും ഭാഷ സ്വാധീനങ്ങളും വിശ്വാസ വ്യവസ്ഥകൾ എന്നിവ വഹിക്കുന്നു. ഇത് ഈ മേഖലയെ വൈവിധ്യപൂർണ്ണവും ആത്മീയമായി വെല്ലുവിളി നിറഞ്ഞതുമാക്കുന്നു.

ശക്തമായ പാരമ്പര്യത്തിന്റെയും എതിർപ്പിന്റെയും ആത്മീക അന്ധതയുടെയും മധ്യെ ഹലിയാലിൽ കർത്താവ് സുവിശേഷത്തിനായി വാതിൽ തുറന്നു. ജീവിതങ്ങൾ രൂപാന്തരപ്പെട്ടു. കുടുംബങ്ങൾ പുനസ്ഥാപിക്കപ്പെട്ടു. വിശ്വാസത്താൽ പുതിയ വിശ്വാസികൾ എഴുന്നേറ്റു. 2023 ജനുവരി പത്തിനാണ് ഹലിയാൽ പുതിയ മിഷൻ വയൽ ഔദ്യോഗികമായി ആരംഭിച്ചത്. ദൈവത്തിന്റെ കൃപയാൽ ഫ്രെണ്ടസ് മിഷനറി പ്രെയർ ബാൻഡിന്റെ പ്രാരംഭ മിഷനറിമാർ ഈ മിഷൻ വയലിൽ തങ്ങളുടെ പാദങ്ങൾ വെച്ചു. അങ്ങനെ പ്രവർത്തനം ആരംഭിച്ചു. ആരംഭം മുതൽ തന്നെ ഈ മിഷൻ വയൽ ധാരാളം അവസരങ്ങളും കടുത്ത വെല്ലുവിളികളും നിറഞ്ഞതായിരുന്നു.

**വെല്ലുവിളികളും എതിർപ്പുകളും:** ഈ മിഷൻ വയലിലെ പ്രധാന തടസ്സം ഇവിടെയുള്ള ജാതി വ്യവസ്ഥയാണ്. ഇത് ആഴത്തിലുള്ള സാമൂഹ്യ വിഭജനത്തിനും വിവേചനത്തിനും കാരണമാകുന്നു. ഒറ്റപ്പെടൽ, ജോലി അവസരം നിഷേധിക്കൽ, സാമൂഹത്തിൽ നിന്നു ഒഴിവാക്കുക, സർക്കാർ അനുകൂല്യങ്ങൾ നിഷേധിക്കുക തുടങ്ങിയവയാണ് വിശ്വാസത്തിലേക്കു വരുന്നവർ പലപ്പോഴും നേരിടുന്നത്. ഇവിടെ എതിർപ്പുകളും ഉണ്ട്. മിഷനറിമാരെ ഭീഷണിപ്പെടുത്തുകയും അവർക്കു മുന്നറിയിപ്പുകൾ നൽകുകയും ചെയ്യുന്നു. സുവിശേഷം പ്രഘോഷിക്കുന്ന ചില ഗ്രാമങ്ങളിലുള്ളവർ സുവിശേഷത്തെ എതിർക്കുന്നു. ഈ വെല്ലുവിളികളുടെ മധ്യെ ഹലിയാലിൽ ദൈവം ശക്തമായി പ്രവർത്തിക്കുന്നു. രൂപാന്തരീകരണത്തിന്റെയും സൗഖ്യത്തിന്റെയും വിടുതലിന്റെയും ധാരാളം സാക്ഷ്യങ്ങൾ ഉണ്ട്.



**മതപരമായ വിശ്വാസം:** മറ്റൊരു പ്രധാനമായ വെല്ലുവിളി വീടുകളിൽ ദേവി പൂജ (മാനെ ദേവരു) വ്യാപകമായിട്ടുണ്ട്. ഇവിടെ മിക്കവാറും എല്ലാ വീടുകളിലും ആചാരങ്ങളും വഴിപാടുകളും ഉണ്ട്. കൂടാതെ പ്രാദേശിക അമ്പലങ്ങൾ പരിപാലിക്കുന്നതിന്റെയും പതിവായി വിളക്ക് കത്തിക്കുന്നതിന്റെയും ഉത്തര



വാദിത്തം സമൂഹങ്ങൾ പങ്കിടുന്നു. വിശ്വാസികളായാലും ഈ ഉത്തരാവാദിത്തം നിറവേറ്റുവാൻ അവരിൽ സമ്മർദ്ദം ചെലുത്തുന്നു. പരമ്പരാഗത വിശ്വാസം ഈ മിഷൻ വയലിനെ ആഴമായി സ്വാധീനിച്ചിട്ടുണ്ട്. യെല്ലമ്മ ദേവിയോടുള്ള ഭക്തിയിൽ മുടി കഴുകാതിരുന്നാൽ ദേവതയെ ഭവനത്തിൽ കുടിയിരുത്തുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു. യെല്ലമ്മ ദേവി ബാധിച്ച് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി വഴിപാടുകൾ നൽകുന്നു. ഭക്തിയുടെ അടയാളമായി നഗ്നപാദരായി പന്ധാർപൂറിലേക്കു തീർത്ഥാടനം നടത്തുന്നത് പിതിവ് കാഴ്ചയാണ്. പാപപരിഹാരത്തിനായി ഉത്സവങ്ങളിൽ മൃഗബലി നടത്തുന്നു. അതിഥികളെ സൽക്കരിക്കുവാൻ വായ്പയെടുക്കുന്നതും ഇവിടെ വ്യാപകമായ വിപത്താണ്. അഗ്നിയിൽ നടക്കുക, തലമുറകളെ ലഭിക്കുന്നതിനായി ആൽമരത്തിൽ ചരടു കെട്ടുക ഇങ്ങനെ പ്രാദേശികമായി ദേവി പ്രസാദത്തിനായി ധാരാളം അചാരങ്ങൾ അനുഷ്ഠിക്കുന്നു. ആഴത്തിൽ വേരോടിയ ഇങ്ങനെയുള്ള ആചാരങ്ങൾ ഇവിടെ സുവിശേഷം പ്രഘോഷിക്കുന്നത് സംവേദനക്ഷമതയോടെ ആയിരിക്കണം.

**ആദ്യ വിശ്വാസി:** ഈ മിഷൻ വയലിലെ ആദ്യ വിശ്വാസിയായ രേഖ വിശ്വാസത്തിലേക്കു വന്നത് കഠിനമായ ദുരിത വേളയിലാണ്. അവളുടെ മകൻ പരജ്വാൾ ഹൃദയ സംബന്ധമായ രോഗത്താലും മാനസിക വിഷാദത്തിലുമായിരുന്നു. അവന്റെ ജീവൻ അപകടത്തിലായിരുന്നു. അവൾ വിവിധ അമ്പലങ്ങൾ കയറിയിറങ്ങി, വിവിധ ഇടങ്ങളിൽ സഹായം അഭ്യർത്ഥിച്ചു. അതിനായി അവൾ തമിഴ്നാട്ടിലേക്കും പോയി. എന്നാൽ ഒരു ആശ്വാസവും ലഭിച്ചില്ല. അവൾ സുവിശേഷം ശ്രവിച്ചു കർത്താവിൽ വിശ്വസിച്ചു അത്ഭുതകരമായ മാറ്റം ജീവിതത്തിൽ സംഭവിച്ചു. അവളുടെ മകന്റെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുവാൻ തുടങ്ങി. ഇന്ന് അവൻ പുർണ്ണ സൗഖ്യവാനാണ്. രേഖയും അവളുടെ മകനും സ്നാനപ്പെട്ടു വിശ്വാസത്തിൽ വളർന്നു വരുന്നു.

മറ്റൊരു ശക്തമായ സാക്ഷ്യമാണ് **യശോദ**യുടെത്. അവളെ ആദ്യമായി സന്ദർശിച്ചത് ഗുരുതരാവസ്ഥയിൽ ആയിരുന്നപ്പോഴാണ്. ശയ്യാവലംബയാണ്, കാഴ്ചയില്ല, സംസാരിക്കുവാനോ ചലിക്കുവാനോ കഴിയുന്നില്ല. അവളുടെ ശരീരം മരവിച്ചു. കൈകൾ നീയന്ത്രണമില്ലാതെ വിറെക്കുന്നു. അവൾ പലവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്നു. അവളുടെ ഭർത്താവ് ദുർഘേഷിന്റെ ഭൂതകാലം പ്രശ്നസങ്കീർണ്ണമായിരുന്നു. അനേക ക്രിമിനൽ കേസുകൾ അയാൾക്കെതിരെയുണ്ട്. നിരന്തരമായ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ഫലമായി ദൈവം അവളുടെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങി. ഒരാഴ്ചക്കുള്ളിൽ അവൾക്കു കാഴ്ച ശക്തി തിരികെ ലഭിച്ചു. നാളുകൾ കഴിഞ്ഞപ്പോൾ അവൾക്കു സമ്പൂർണ്ണ സൗഖ്യം ലഭിച്ചു. അവൾക്കു സംസാരിക്കുവാൻ സാധിക്കുന്നു. അവയവങ്ങൾ ചലിപ്പിക്കുന്നു. ശരീരത്തിന്റെ നീയന്ത്രണം അവൾക്കു ലഭിച്ചു. ഇന്ന് അവൾ പൂർണ്ണ സൗഖ്യമുള്ളവളായി. അനുഗ്രഹം അവിടെ നിന്നില്ല. മുമ്പു അവർക്കു മക്കളില്ലായിരുന്നു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു ഒരു ആൺ പൈതലിനെ നൽകി അനുഗ്രഹിച്ചു. ഗർഭാവസ്ഥയിൽ ആരോഗ്യപരമായ പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ദൈവം അവൾക്കു സുഖ പ്രസവം നൽകി. ഈ അത്ഭുതത്തിനു സാക്ഷ്യം വഹിച്ച അവളുടെ ഭർത്താവ് ദുർഘേഷും യേശുവിൽ വിശ്വസിച്ച് സ്നാനപ്പെട്ടു. ഇപ്പോൾ ഈ ദമ്പതികൾ രുപാന്തരപ്പെട്ട ജീവിതം നയിച്ച് വിശ്വാസത്തിൽ വളരുന്നു.

മറ്റൊരു സാക്ഷ്യം **ഗൗരവ**യുടെതാണ്. അവൾ ആഭിചാര ദോഷങ്ങളാൽ ഗുരുതരമായി ബാധിക്കപ്പെട്ടു. അവളുടെ ശരീരത്തിന്റെ പ്രതികരണ ശേഷി നഷ്ട

പ്പെട്ടു. ഭക്ഷണം കഴിക്കുവാൻ കഴിയാതെ മരണത്തോടു അടുത്തു. അവൾക്കു വേണ്ടി പ്രാർത്ഥിക്കുമ്പോഴൊക്കെ താല്ക്കാലികമായി ആശ്വാസം ലഭിക്കും. എന്നാൽ അധികം താമസിയാതെ വീണ്ടും രോഗിയാകും. സ്ഥിരമായ ഉപവാസത്താലും പ്രാർത്ഥനയാലും അവൾ പരിപൂർണ്ണ സൗഖ്യം പ്രാപിച്ചു. അവൾ ഇപ്പോൾ ആരോഗ്യത്തോടിരിക്കുന്നു. ദൈവത്തിന്റെ അത്ഭുത സൗഖ്യത്തിന്റെ സാക്ഷിയായി നിന്നു കൊണ്ട് ഒരു പേപ്പർ ഫാക്ടറിയിൽ ജോലി ചെയ്യുന്നു.

ഈ മിഷൻ വയലിൽ ദൈവം ആരംഭിച്ച പ്രവർത്തനങ്ങൾക്കു ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. വരും നാളുകളിൽ ശക്തമായ കൊയ്ത്തു ലഭിക്കുന്നതിനു ഞങ്ങൾ ദൈവത്തിൽ ആശ്രയിക്കുന്നു.

## സ്തോത്രത്തിനായി

- 2023 ജനുവരിയിൽ ഈ മിഷൻ വയൽ പ്രവർത്തനം ആരംഭിച്ചതിനായി...
- കർത്താവിന്റെ ഉത്തമ സാക്ഷികളായി നിലകൊള്ളുന്ന ആദ്യ വിശ്വാസിയായ രേഖക്കും അവളുടെ കുടുംബത്തിനുമായി...
- യശോദ, ഗൗരവ തുടങ്ങിയവരുടെ ജീവിതങ്ങളിൽ ദൈവം നൽകിയ അത്ഭുത സൗഖ്യത്തിനും വിടുതലിനുമായി...
- ശക്തമായ എതിർപ്പിന്റെ മധ്യെ രൂപാന്തരപ്പെട്ടു ക്രിസ്തുവിൽ വിശ്വസിക്കുന്ന വ്യക്തി ജീവിതങ്ങൾക്കായും കുടുംബങ്ങൾക്കായും ...
- മിഷനറിമാരെ ഇവിടെ നിലനിർത്തുന്നതിനായും പ്രവർത്തിക്കുന്നതിനുള്ള ധൈര്യവും അഭിഷേകവും മിഷനറിമാർക്കു നൽകുന്നതിനായി..

## പ്രാർത്ഥനക്കായി...

- ഭീഷണിയും എതിർപ്പും അഭിമുഖീകരിക്കുന്ന മിഷനറിമാർക്കു പ്രവർത്തിക്കുന്നതിനുള്ള ധൈര്യവും സുരക്ഷിതത്വവും ലഭിക്കേണ്ടതിനായി ...
- സാമൂഹ്യ തിരസ്കരണത്തിന്റെയും സമ്മർദ്ദങ്ങളുടെയും ഇടയിൽ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി...
- കുറുമ്പാസ്, വദ്ദാർ, ഹരിജൻ, ലിംഗായത്, സിദ്ദി, ബഞ്ചാര, കോൽക്കാർ എന്നീ സമുദായങ്ങളുടെ ഇടയിൽ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി...
- ജാതി വേർതിരിവും വിഗ്രഹാരാധനയും, അന്ധവിശ്വാസങ്ങളും ഇല്ലാതാകേണ്ടതിനായി...
- അത്ഭുതങ്ങളാലും അടയാളങ്ങളാലും ദൈവവചനത്താലും ധാരാളം വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി ...
- പ്രവർത്തനത്തിനാവശ്യമായതെല്ലാം ദൈവം നൽകേണ്ടതിനായും അവശ്യമായ പ്രവർത്തകരെ ലഭിക്കേണ്ടതിനായും...
- ഹലിയാലിലുള്ള വിശ്വാസികളുടെ ഐക്യത്തിനും വളർച്ചക്കും ആത്മീക പക്വതക്കുമായി...
- ചുറ്റുപാടുമുള്ള പ്രദേശങ്ങൾക്കു വെളിച്ചമായും ഉണർവ്വിന്റെ കേന്ദ്രമായും ഹലിയാൽ മാറേണ്ടതിനായി...

– തങ്ലാൽ സൗ

## മെയ് 1 വെള്ളി

### ജന്മദിനാശംസകൾ

സിഷോര ബീറോ, ബാബു ബഞ്ചമിൻ,
പ്രോസോൺസിത മാലി,
മനോജ് പി.ജെ, ജോൺ പെനിൻ ജെ,
കോക്കാനി സുമിത്ര ബൻ ക്രിസ്റ്റ്യൻ,
കിങ്സ്ലി ലിവിങ്സ്റ്റൺ

## ജമ്മു

### ബാഷോലി

**അരുൺഘാന്ത & രേണു ഘാന്ത**

ദൈവത്തിന്റെ കൃപയാൽ രാത്രി യോഗം ഭംഗിയായി നടത്തി. പുതിയ സ്നേഹിതരെ ലഭിച്ചു. പഴകിയ ഉദരവേദനയാൽ കഷ്ടപ്പെട്ട ബർണാല ഗ്രാമത്തിലെ സുജ ദേവിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ധദാൽ ഗ്രാമത്തിലെ മോഹൻ ചന്ദ് ക്ഷയരോഗത്തിൽ നിന്നും ദൈവീക സ്പർശനത്താൽ സൗഖ്യം പ്രാർത്ഥിച്ചു. അവന്റെ കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഈ ജനങ്ങളുടെ ഇടയിൽ ദൈവം പ്രവർത്തിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് ഈ സംഭവം.

മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നും ജസ്റ്റിനും ഭാര്യയും പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയതായി യേശുവിനെ സ്വീകരിച്ച രേണു പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മധുവിന്റെ ഉപജീവന മാർഗ്ഗത്തിനുള്ള വഴി തെളിയേണ്ടതിനായി പ്രാർത്ഥിക്കുക. ബസോലി മിഷൻ വയലിലുള്ള ആത്മീക അന്ധത മാറി സുവിശേഷത്തിന്റെ വാതിൽ തുറക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിച്ചവർ ജീവനുള്ള ദൈവമായ യേശുക്രിസ്തുവിൽ വിശ്വസിക്കേണ്ടതിനും ആത്മീക ജീവിതത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക.

### റാംനഗർ

**ജോൺ എസണ് & ലിബേനി ജാമി**

കർണി, മാജിരി എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ രണ്ടു സ്നേഹിതരെ ലഭിച്ചു. ദൈവത്തിന്റെ കൃപയാൽ രാത്രി യോഗങ്ങളും അനുബന്ധ യോഗങ്ങളും തടസ്സങ്ങളില്ലാതെ നടത്തി. സുക്ക് ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിക്കുവാൻ ദൈവം കൃപ നൽകി. നഷ്ടത്തിലായിരുന്ന നീതു, വാൻസിലാൽ എന്നിവരുടെ ബിസിനസ്സിനെ ദൈവം ശക്തീകരിച്ചു. കുശി, കാലേബ്, എയ്ഞ്ചൽ എന്നിവർ പരീക്ഷയിൽ നല്ല മാർക്ക് കരസ്ഥമാക്കി.

സാമൂഹ്യപരവും സർക്കാർ തലത്തിലുമുള്ള സമ്മർദ്ദങ്ങളെ അതിജീവിച്ച് രാജ്കുമാർ, സോമദേവി, നാഥൻഷാ, ആഞ്ച്, സത്യ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വാതസംബന്ധമായ രോഗത്താൽ വലയുന്ന സത്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും വച്ചാൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്ന രാജ്കുമാറിന്റെ ഭാര്യ, പോത്തിരാജ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പീഡനം സഹിക്കുന്ന മധുവിന്റെ കുടുംബം യേശു കർത്താവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവരുടെ ഭവനത്തിൽ ആരംഭിച്ച ആരാധന യോഗം തുടരേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**

**2**

**ശനി**

## ജന്മദിനാശംസകൾ

ലിസ അരുളാന്ദം, ഗോഡ്വിൻ കൃപാകരൻ, സുനിൽ കുമാർ, സുശീൽ ഹെബ്രോം ലതഭായ് കാവപവ്റ

### സാമ്പ

### സർക്കാർ രമേശ് ഭായ് & ഗവിത് സുനിതബെൻ

ഹർണിയ, ദ്രിവ്യ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം കൃപ നൽകി. വിവാഹം കഴിഞ്ഞ് അഞ്ചു വർഷമായിട്ടും മക്കളില്ലാതെ ഭാരപ്പെട്ട കോയി ഗ്രാമത്തിലെ മധു ദേവി പ്രാർത്ഥനയുടെ ഫലമായി കുഞ്ഞിനു ജന്മം നൽകുവാൻ ഒരുങ്ങുന്നു. റെഡിയകല്യാൺ, കാദർപൂർ എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗങ്ങൾ പുനരാരംഭിച്ചു.

പൊങ്കുവാലി, തൈനി, വിജയപൂർ, കുലിയാൻ, സാക്കാരിണിയ എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗങ്ങൾ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന പത്വാൽ, ഭഗത് എന്നീ ജാതിക്കൂട്ടങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തിനെതിരെ ഈ പ്രദേശത്തുള്ള എതിർപ്പുകൾ ദൈവശക്തിയാൽ നീങ്ങിപ്പോകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### നാരോട്ട്

### സിയാൻലുതാങ് സൗ & ല്ഹിഗ്നെയ്ഹോയ്

മൂലക്കുരു രോഗത്തിൽ നിന്നും സനം പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. പീറ്റർ, സോണിയ എന്നിവർ സന്നദ്ധ സുവിശേഷകരായി പ്രവർത്തിക്കുവാൻ നമ്മോടു ചേർന്നു. സുമവ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു ദൈവം അവസരം നൽകി.

കാത്തുർ പ്രദേശത്തു ജീവിക്കുന്ന ഗുജ്ജാർ, വാത്മീകി എന്നി സമുദായത്തിലുള്ളവരോടു സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരങ്ങൾ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കർത്താവായ യേശുവിൽ വിശ്വസിക്കുന്ന യൗവ്വനക്കാർ ദുഷിച്ച കൂട്ടുകെട്ടുകളിൽ നിന്നും മുക്തരായി ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പ്രാർത്ഥനയുടെ ശക്തി

ഉത്തർഖാണ്ഡിൽ നനക്മാട്ട മിഷൻ വയലിലുള്ള മാതിയ ഗ്രാമത്തിലെ വിശ്വാസിയായ ബൽവിന്ദർ സിങ് M.Com പാസ്സായി. ജോലിക്കു വേണ്ടി നാലു തവണ ഇന്റർവ്യൂവിൽ പങ്കെടുത്തെങ്കിലും എല്ലാ പ്രാവശ്യവും നിരാശയിലാണ് അവസാനിക്കുന്നത്. വിഷാദത്തിലായ അവൻ കർത്താവിന്റെ സന്നിധിയിൽ നിരന്തരമായി പ്രാർത്ഥിച്ചു. ദൈവം കൃപയാൽ പ്രാർത്ഥനക്കുത്തരം നൽകി. ഇന്ത്യൻ നാഷണൽ ബാങ്കിൽ അവനു ജോലി ലഭിച്ചു. നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന്റെ വിശ്വസ്തതയുടെ അത്ഭുത സാക്ഷ്യം അനേകരോടു പങ്കു വെച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

## മെയ് 3 ഞായർ

### ജന്മദിനാശംസകൾ

വിക്ടർ ജയശീലൻ സി, ഷീല ഷൺമുഖം,
ജപരാജ് ശമുവേൽ വി.പി.,
സരൾ ജാൻസി റാണി ജസ്റ്റിൻ,
വിനു എം, ആനന്ദി ശങ്കർ,
സബീന മുർമ്മു

### ബസന്ത്ഘട്

**കുൽദീപ് സിങ് & ഗുരുപ്രീത് കൗർ**

ദൈവത്തിന്റെ വലിയ കൃപയാൽ മാൽത്ത ഗ്രാമത്തിലെ ജനങ്ങൾ ദൈവാലയം നിർമ്മിക്കുന്നതിനു വസ്തു ദാനമായി നൽകുവാൻ തയ്യാറായി. നിമ്പാല ഗ്രാമത്തിലെ ജനങ്ങൾ ദിനപരിപാലന കേന്ദ്രം ആരംഭിക്കുന്നതിനു തങ്ങളുടെ വസ്തു ദാനമായി നൽകി. മൂന്നു പേർ സന്നദ്ധ സുവിശേഷകരായി നമ്മോടു ചേർന്നു. ബസന്ത് ഗർ ഗ്രാമത്തിൽ ഒരു പുതിയ ആരാധന യോഗം ആരംഭിച്ചു. നമ്മുടെ മിഷനറിമാരെ അപകടത്തിൽ നിന്നും ദൈവം പരിപാലിച്ചു. നാലു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു.

ഇവിടെ വേഗത്തിൽ ഒരു ദിന പരിപാലന കേന്ദ്രം ആരംഭിക്കേണ്ടതിനും അനേക കുടുംബങ്ങൾക്ക് അതൊരു അനുഗ്രഹമാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ദൈവാലയ നിർമ്മാണത്തിനാവശ്യമായ അനുവാദം വേഗത്തിൽ ലഭിക്കേണതിനും താമസമില്ലാതെ നിർമ്മാണം ആരംഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സ്ത്രീകളുടെയും പുരുഷന്മാരുടെയും പ്രാർത്ഥനക്കൂട്ടങ്ങൾ തടസ്സമില്ലാതെ മുന്നേറുന്നു. പുതുതായി ആരംഭിച്ച മിഷൻവയലിലെ ശുശ്രൂഷ ഫലകരമാകേണ്ടതിനായും അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

### കർസോങ്

**പവൻകുമാർ & പ്രഭാഷിണി ദേവി**

രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദോലു, ഡാക്ഷി എന്നിവരെ ടൈഫോയ്ഡിൽ നിന്നും സോമാ ദേവിയെ കഠിനമായ തലവേദനയിൽ നിന്നും കാജലിന്റെ മകനെ ശ്വസന സംബന്ധമായ പ്രശ്നത്തിൽ നിന്നും പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. ദൈവത്തിന്റെ കൃപയാൽ പപ്പു കടഭാരത്തിൽ നിന്നും മുക്തനായി. രേഖ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ആറുമാസ ഗർഭിണിയായ പ്രീതി അമിത രക്തസ്രാവത്താൽ കഷ്ടപ്പെടുന്നു. അവൾക്കു പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനും സുഖ പ്രസവം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ചെവി വേദനയിൽ നിന്നും എയ്ഞ്ചൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുനിത, നമ്മുടെ മിഷനറി പ്രഭാഷിണി എന്നിവർക്കു സുഖ പ്രസവം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബസന്ത്പൂർ ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതർ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മെയ്
4
തിങ്കൾ

## ജന്മദിനാശംസകൾ

ഹേബ്സിബ സൈറസ്,
ലീഗൾ മേരി ഗോൾഡൻ, സീത ഐസക്ക്,
ജപകുമാർ പി, എയിഞ്ചലീൻ വിഘ്നേശ്വർ,
റൗട്ട് യശോദബൻ വഗോര പ്രമോദ്കുമാർ,
അനിൽകുമാർ, നിരജ്ജൻ കുമാർ

# പഞ്ചാബ്

## ബത്തിണ്ട

**സജ്ജീബ് ആനന്ദ് &**
**പ്രസ്തുതപതി പാനി**

കുടുംബ പ്രശ്നത്താൽ മൂന്നു വർഷത്തോളം വേർപിരിഞ്ഞു ജീവിച്ച സുകേഷ്യൻ ദൈവത്തിന്റെ കൃപയാൽ അനുരജ്ഞനപ്പെട്ടു ഒരുമിച്ചു പാർക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും മാൻപ്രീത് കൗർ, പൂജ റാണി, സോണി റാണി എന്നിവർ ദൈവീക ഇടപെടലിനാൽ വിടുതൽ പ്രാപിച്ചു. പക്ഷാഘാതം വന്നു കഷ്ടപ്പെട്ട പ്രതിഭ കൗറിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. നായയുടെ കടിയേറ്റു ഗുരുതരാവസ്ഥയിലായ വീർപാൽ കൗറിനെയും നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നു വീർപാലിന്റെ അമ്മയെയും കർത്താവ് സൗഖ്യമാക്കി.

തൈറോയ്ഡ് സംബന്ധമായ രോഗത്തിൽ നിന്നും ജാസ്പ്രീത് കൗറും വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ധർമ്മ സിങ്ങും സുഖം പ്രാപിച്ചു. റാണി കൗറിന്റെ മകൻ മയക്കുമരുന്നിന്റെ ആസക്തിയിൽ നിന്നും ദൈവത്തിന്റെ അത്യന്ത ശക്തിയാൽ വിടുതൽ പ്രാപിച്ചു. ഈ മിഷൻ വയലിൽ സമർപ്പണമുള്ള പ്രാദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ മകൻ നഷ്ടപ്പെട്ട സീമയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. അവളുടെ ഭർത്താവ് മദ്യാസക്തിയിൽ നിന്നും മുക്തനായി സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാൻ പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## അമൃത്സർ

**ചിത്തരജ്ഞൻ താണ്ടി &**
**തേജസ്വിത ബബോർത്ത**

ദൈവത്തിന്റെ വലിയ കൃപയാൽ പുതിയ ആരാധനക്കൂട്ടം ഹസിയ നഗറിൽ ആരംഭിച്ചു. പക്ഷാഘാതത്തിൽ നിന്നും രാജ് കുമർ, അമിത രക്തസ്രാവത്തിൽ നിന്നും കമൽജിത്ത് കൗർ എന്നിവരെ കർത്താവ് സൗഖ്യമാക്കി. കഴിഞ്ഞ രണ്ടു വർഷമായി കഠിനമായ ഉദരവേദനയാൽ കഷ്ടപ്പെടുന്ന ജേക്കബ് മസി പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. വിശ്വാസ പ്രഖ്യാപന സമ്മേളനത്തിൽ ആറു വ്യക്തികൾ താൽപര്യപൂർവ്വം പങ്കെടുത്തു വിശ്വാസത്തിൽ ശക്തിപ്പെട്ടു ആത്മീകമായി വളരുന്നു.

ട്യൂമറിൽ നിന്നു അഞ്ചുവും വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു സുഖ്വീന്ദർ സിങ്ങും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കവൽജിത്, ഗംഗാദീപ്, സോണിയ, മാൻദീപ്, സുനിത, ഹർപ്രീത് എന്നിവർക്ക് മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ ഒമ്പതു മാസമായി കാണാതെ പോയ ജീവൻ സിങ് സുരക്ഷിതനായി ഭവനത്തിൽ തിരികെ വരേണതിനായി പ്രാർത്ഥിക്കുക.

**മെയ്**
**5**
**ചൊവ്വ**

## ജന്മദിനാശംസകൾ

സ്റ്റീഫൻ ജയശീലൻ, ജെസി ജീവ പ്രഭ,
മേബൽ ബാബുരാജ്,
പുഷ്പരാജ് ആർ, ഭരണിധരൻ എസ്

### അഹമ്മദ്ഗഢ് മാന്ദി

**കൃപ രക്ഷണ ബാരെ & ഷക്കീന**

ജണ്ഡാലി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. നമ്മുടെ വിശ്വാസിയായ മൻജിത്തിനു സ്വന്തമായി ഒരു പുതിയ ഭവനം പണിയുന്നതിനു ദൈവം കൃപ നൽകി. കുടുംബാംഗങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി രാമൻ മദ്യാസക്തിയിൽ നിന്നും മുക്തനായി ഇപ്പോൾ താൽപര്യപൂർവ്വം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ഈ മിഷൻ വയലിൽ നടത്തിയ ഉപവാസ പ്രാർത്ഥന ദൈവകൃപയാൽ അനുഗ്രഹകരമായി നടത്തി.

പക്ഷാഘാതത്തിൽ നിന്നും അലോകും ക്ഷയ രോഗത്തിൽ നിന്നു അർജുനും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജ്ക്കോട്, രഹീർ എന്നീ ആരാധനക്കൂട്ടത്തിലുള്ളവർ വിശ്വാസത്തിൽ ബലപ്പെട്ടു സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും മാൻപ്രീത് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിബിഎസ് പ്രോഗ്രാം ഭംഗിയായി നടത്തേണ്ടതിനും അനേക കുട്ടികൾ അതിൽ സംബന്ധിച്ചു ദൈവവചനം പഠിച്ചു അനുഗ്രഹം പ്രാപിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### മോഗ

**കൊങ്കാനി സമ്പത്ത് ഭായ് & റൗട്ട്**

ഗർഭപാത്രത്തിലുണ്ടായ ട്യൂമറിനാൽ കഷ്ടപ്പെട്ട സുനിത, മലിഗ, സോമ എന്നിവർക്കു ഉപവാസ പ്രാർത്ഥനയിൽ ദൈവം സമ്പൂർണ്ണ സൗഖ്യം നൽകി. കമൽ ദീപ് കൗർ, റീന ദേവി എന്നിവർ സന്നദ്ധ സുവിശേഷകരായി പുതുതായി നമ്മോടു ചേർന്നു. ദൈവത്തിന്റെ കൃപയാൽ രാജി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. സഭാമൂപ്പന്മാരും സുവിശേഷകരും ആവേശത്തോടെ സുവിശേഷ വേലയിൽ പങ്കാളികളാക്കുന്നു. സുവിശേഷ വേലയിൽ വിശ്വാസികളുടെ പങ്കാളിത്തം ഏറെ ആവേശകരമാകുന്നു.

ദരംകോട് റീജിയനിൽ ദിനപരിപാലന കേന്ദ്രം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജക്രോ, സൈദക്, ജലാദബാദ് എന്നീ പ്രദേശങ്ങളിൽ പുതിയ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സോനി സിങ്, അമൻ സിങ്, ശരൻദാസ്, ജാനാ സിങ്, മാഗ സിങ് എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരും വിശ്വാസികളും ആവേശ പൂർവ്വം സുവിശേഷ വേലയിൽ പങ്കാളികളാകേണതിനും സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**മെയ്**

**6**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ക്രിസ്റ്റി രാജൻ ഇ, സന്ധ്യാനായക്, വിമല ഡെയ്സി, സാമ്രാജ് ഡി, മേഴ്സി നെമ്ലിയാൻമാവി

## ഉത്തർഖാണ്ഡ്

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & കോകാനി സുമിത്രബൻ**

വലിയൊരു അപകടത്തിൽ നിന്ന് അകൻഷായെ വലിയ പരുക്കുകളേൽക്കാതെ ദൈവം കൃപയാൽ പരിപാലിച്ചു. വിശ്വാസിയായ ജോതിയുടെ ആറു മാസം പ്രായമുള്ള പൈതലിനെ ശ്വാസ തടസ്സത്തിൽ നിന്നും ദൈവം അത്ഭുതകരമായി വിടുവിച്ചു. ദൈവത്തിന്റെ കരുണയാൽ മേഴ്സി, റോമ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. റാംവതി, സാവത്രി ദേവി, സോനാവതി എന്നിവർ വിശ്വാസത്തിലേക്കു തിരികെവന്നു. അടിവയറ്റിൽ ട്യൂമർ ബാധിച്ച വൻഷികയെ കർത്താവ് സൗഖ്യമാക്കി.

പ്രമേഹത്തിൽ നിന്നു ഗീതയും മൂലക്കുരുവിൽ നിന്നു സോനലും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സാങ്ക് മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും കിഷൻസിങ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീവിതത്തിൽ പല പരാജയങ്ങൾ നേരിട്ട ധാരാസിങ്ങിന്റെ കുടുംബം നിരാശപ്പെടാതെ വിശ്വാസത്തിൽ ഉറച്ചുനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാതാവിന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന സോഹിനിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### നനകമ്മാട്ട

**രാമസ്വാമി ജെറോം & അന്തോണി രാജം**

ദൈവത്തിന്റെ വലിയ കൃപയാൽ മൂന്നു പുതിയ കുടുംബം സഭാ ആരാധനയിൽ സംബന്ധിക്കുന്നു. പിന്മാറ്റത്തിലായിരുന്ന രേണു അനുതപിച്ച് വിശ്വാസത്തിലേക്കു തിരികെ വന്നു. പച്ച്പേട ഗ്രാമത്തിലെ പാരി എന്നി ചെറു പൈതലിനെ മാരകമായ പനിയിൽ നിന്നും പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ സുത്തേന്ദർ വിടുതൽ പ്രാപിച്ചു. വിശ്വാസികളായ രാമൻ ദീപ് കൗർ, സിമ്രാൻ കൗർ എന്നിവർക്കു അദ്ധ്യാപികമാരായി ജോലി ലഭിച്ചു.

ബൽജിത്തിന്റെ ഹൃദയധമനികളിലുള്ള തടസ്സം മാറേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലിൽ പൊട്ടലുണ്ടായ ബജൻ കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും എയ്ഞ്ചൽ, ഭാവന എന്നിവർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്തത്തിന്റെ അളവ് കുറവായ സെൽവ ജ്യോതിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയുടെ 13 വയസ്സുള്ള മകൻ വൃക്ക സംബന്ധമായ രോഗത്താൽ വലയുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഫ്ളോറൻസ് സുധാകരൻ,
സമരേന്ദ്ര സിങ്, ദാനിയേൽ അരുൾമണി,
കുമാരവേൽ എസ്, നഗോമി രാജം,
മേനക ഗോപീകൃഷ്ണൻ

### കിച്ച

**ബിഭാബ പാനി & ബിത്തിക നായ്ക്**

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പൂരൻ സിങിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ഒരു വ്യക്തി യേശുക്രിസ്തുവിൽ പുതുജീവിതം ആരംഭിച്ചു. വിശ്വാസികളുടെ വയലുകളിൽ നല്ല വിളവ് നൽകി ദൈവം അനുഗ്രഹിച്ചു. ലാൽപൂർ ഗ്രാമത്തിൽ പുതിയ ബന്ധങ്ങൾ ലഭിച്ചു. വിശ്വാസികൾക്കും മിഷനറിക്കും ദൈവം നൽകിയ സംരക്ഷണത്തിനു സൗഖ്യത്തിനുമായി ദൈവത്തെ സ്തുക്കുന്നു.

ഈ മിഷൻ വയലിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ഉള്ളിലെ ഭയം മാറേണ്ടതിനും അവർ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ വേരൂന്നി വളരേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ദിനേശ്പൂർ

**ശിവകുമാർ & സുശീല മാരാക്**

ദൈവത്തിന്റെ കൃപയാൽ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അധരത്തിൽ കാൻസർ ബാധിച്ച രാംകാലിയെയും കാലിൽ പൊട്ടലുണ്ടായ പുതിയ വിശ്വാസിയായ സുരേഷിനെയും കർത്താവ് സൗഖ്യമാക്കി.

മസ്കാന്റെ ഉദരത്തിലുള്ള പൈതലിന്റെ വളർച്ച കുറവാണെന്നു കാണിക്കുന്നു. അവളുടെ സുഖപ്രസവത്തിനും ആരോഗ്യമുള്ള പൈതലിനെ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന ജോതിയുടെയും കരൾ വീക്കത്താൽ വലയുന്ന ബൽജിത്തിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു അനിൽ, ദിലീപ് എന്നിവർ വിടുതൽ പ്രാപിക്കേണതിനായി പ്രാർത്ഥിക്കുക.

### അത്ഭുതങ്ങളുടെ ദൈവം

പഞ്ചാബിൽ അഹമ്മദ്നഗർ മാന്ദി മിഷൻ വയലിലുള്ള റോകിത ഗ്രാമത്തിലെ മാൻപ്രീതിന്റെ മൂന്നു വയസ്സുള്ള മകൻ രാജ്‌വീർ ജനനം മുതലെ മാനസിക ബുദ്ധിമുട്ടിനാൽ കഷ്ടപ്പെടുകയാണ്. അവന്റെ വലതു കരം ചലിക്കുന്നില്ല. ഇത് ആ കുടുംബത്തെ നിരാശയിലും ദുഃഖത്തിലുമാക്കി. അവരുടെ വിഷാദത്തിൽ അവർ പ്രാർത്ഥനക്കായി ദൈവാലയത്തിൽ വന്നു. വിശ്വാസികൾ ഒരുമിച്ചു കൂടി ദൈവത്തിൽ ആശ്രയിച്ചു വിടുതലിനു വേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവം കരുണ ചെയ്ത് രാജ്‌വീറിനെ സൗഖ്യമാക്കി. അവൻ 80% സുഖമുള്ളവനായി. അവനു ഇപ്പോൾ സംസാരിക്കുവാനും നടക്കുവാനും സാധിക്കുന്നു. ഈ അത്ഭുതത്തിനു സാക്ഷ്യം വഹിച്ച ഗ്രാമത്തിലുള്ള അനേകരെ കർത്താവ് തൊട്ടു. അവർ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. സത്യമായിട്ടും നമ്മുടെ ദൈവം അത്ഭുതങ്ങളുടെ ദൈവമാകുന്നു.

**മെയ്**
**8**
**വെള്ളി**

## ജന്മദിനാശംസകൾ

ജസ്റ്റീൻ വൈ,
നിരുപമ ഘോശാല

## ഹരിയാന

### ഫത്തേബാദ്

**ഡേവിഡ് എസ് & ജപ ഗ്രേസ്**

ഏഴു പുതിയ കുടുംബങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. ഇതു നമ്മുടെ ശുശ്രൂഷക്കു വലിയ പ്രോത്സാഹനമാകുന്നു. മദ്യത്തിന്റെയും പുകയിലയുടെയും ആസക്തിയിൽ നിന്നു രാകേഷ് പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. റിങ്കി സങ്ങിന്റെ കുടുംബത്തിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു അവരെ അലട്ടിക്കൊണ്ടിരുന്ന വിവിധ പ്രശ്നങ്ങളിൽ നിന്നും വിടുതൽ നൽകി. കുടുംബത്തിൽ സമാധാനം സ്ഥാപിതമായി. പക്ഷാഘാതത്താൽ വലയുന്ന പ്രകാശിനെ കർത്താവിന്റെ വിശ്വാസ്തത സൗഖ്യമാക്കി.

ഗോപാലിനു ദൈവഹിതപ്രകാരമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹിസ്സാവൻ കലൻ, പട്ടിയ കോളനി, കുസുമ്പി, ജൻസാൾ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ വിജയിയുടെ മാനസിക വൈകല്യമുള്ള മൂന്നു കുഞ്ഞുങ്ങളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രമേഹ രോഗിയായ ദേവവിലാൽ, ശ്വസന സംബന്ധമായ പ്രയാസം അനുഭവിക്കുന്ന വിമാലി, ഹൃദയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന കോമ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സീമക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിച്ചു. മദ്യാസക്തിയിൽ നിന്നും സോനു സിങ്, മാങ്ക, നാജർ, ജസ, റാംകുമാർ, ബിബി, ബാബു എന്നിവർ ദൈവത്തിന്റെ വല്ലഭത്വത്താൽ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ജീവൻ നഗർ

**ഏലിയാക്കിം ജന & ദീപിക രേഖ**

സുലോചനയുടെയും പ്രകാശിന്റെയും കുടുംബത്തിൽ പ്രാർത്ഥനയുടെ ഫലമായി ദൈവം ഇടപെട്ടു ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. ക്ഷയ രോഗം നിമിത്തം കഴിഞ്ഞ വർഷം വളരെ ക്ഷീണിതയായ മിഷനറി ദീപിക വളരെയധികം കഷ്ടപ്പെട്ടു. വെല്ലൂർ സി എം സി യിൽ തക്ക ചികിത്സ ലഭിച്ചു. കർത്താവ് കൃപയാൽ അവളെ സൗഖ്യമാക്കി. പൂർണ്ണ ആരോഗ്യവതിയായി ആശുപത്രി വിട്ടു.

ജിവൻ നഗർ മിഷൻ വയലിൽ സുവിശേഷത്തിനായി വാതിലുകൾ തുറക്കേണതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവീക ശക്തിയാൽ ഹർസിത് സിങ് പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ റീജീയനിൽ അനേക യൗവ്വനക്കാർ സമാനമായ പൈശാചിക ബന്ധനത്തിൽ കഴിയുന്നു. അവർ ദൈവീക വിടുതൽ അനുഭവിക്കേണ്ടതിനും ദൈവ സ്നേഹം അനുഭവിച്ചറിയേണ്ടതിനുമായി പ്രാർത്ഥിക്കുക.

മെയ്
9
ശനി

## ജന്മദിനാശംസകൾ

വഗേര പ്രമോദ്കുമാർ
മുത്തു സെൽവി എസ്

### കാലൻവാലി

**അനിൽഭായ് ഗൻവിക് & കല്പന**

ഇന്ദു ബൻ കഴിഞ്ഞ മൂന്നു വർഷമായി അജ്ഞാത രോഗത്താൽ കഷ്ടപ്പെട്ടു. ആശുപത്രി ചിത്സയാലോ മതപരമായ ചടങ്ങുകളോ ഒന്നും അവളെ സൗഖ്യമാക്കിയില്ല. അവൾ ദൈവാലയത്തിൽ കടന്നു വന്നു പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം കൃപ ചൊരിഞ്ഞു അവളെ സൗഖ്യമാക്കി. രോഗം നിമിത്തം ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട കുൽദീപ് കൗർ പ്രാർത്ഥനക്കായ് ദൈവാലയത്തിൽ കടന്നുവന്ന വേളയിൽ ദൈവം അവളെ സൗഖ്യമാക്കി. പങ്കു ഗ്രാമത്തിലെ സാധഗുരു സിങ് ജോലിക്കായി അന്വേഷിച്ചു നടന്നു. ദൈവാലയത്തിൽ സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ച അവനു കർത്താവ് നല്ല ജോലി നൽകി അനുഗ്രഹിച്ചു.

പുതിയ വിശ്വാസിയായ രാജ് കൗർ ക്ഷയ രോഗത്താൽ വലയുന്നു, സുബ കടാരിയ കഴിഞ്ഞ 17 വർഷമായി ദഹനക്കേടിനാൽ കഷ്ടപ്പെടുന്നു, ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഒഥൻ, കാലൻവാലി, ആശീർ എന്നീ ഗ്രാമങ്ങളിലുള്ള പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതായി പ്രാർത്ഥിക്കുക. കുടുംബ പ്രശ്നത്താൽ വേർപിരിഞ്ഞു ജീവിക്കുന്ന പൊഹാത് സിങ് അനുരഞ്ജനപ്പെട്ടു ഒരുമിച്ചു പാർക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബർവാല

**മിന്തു കുതും & സുബ്രെ ബാഗ്**

നമ്മുടെ വിശ്വാസി റാംരാട്ടിനെ മോട്ടർ സൈക്കിൾ അപകടത്തിൽ ദൈവം അത്ഭുതകരമായി പരിപാലിച്ചു. ഉദര സംബന്ധമായ പ്രശ്നത്താൽ ഭക്ഷണം കഴിക്കുവാൻ കഴിയാതെ ഭാരപ്പെട്ട ഗോപിപൂർ ഗ്രാമത്തിലെ നമ്മുടെ വിശ്വാസി അമർജിത്തിനെ ദൈവം സൗഖ്യമാക്കി. കുടുംബാംഗങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി രമേശ് മദ്യാപാന സ്വഭാവം ഉപേക്ഷിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു കുടുംബത്തോടൊപ്പം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

പൈശാചിക ബന്ധനത്താൽ മാനസിക വിഭ്രാന്തി കാണിക്കുന്ന സാനിയാൻ ഗ്രാമത്തിലെ അഞ്ചുവിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ആശീഷ് എന്ന പൈതലിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ആരാധനയിൽ പുതുതായി സംബന്ധിക്കുന്ന നരേന്ദർ വിഷാദത്തിൽ നിന്നും ദൈവീക ശക്തിയാൽ മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും സുവിശേഷ വേലയിൽ പങ്കാളികളാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭാമൂപ്പന്മാരുടെയും യുവജനങ്ങളുടെയും സ്ത്രീകളുടെയും യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**മെയ്**

**10**

**ഞായർ**

## ജന്മദിനാശംസകൾ

കെന്നത് കരിയപ്പ, രത്തനമ്മ സന്ധ്യ,
ജയഗൗരി സെൽവിൻ സാം,
ശാന്തമ്മാൾ ജോൺസൺ,
ചരണി ഡിഹെ, വും ബിക് ലാൽ,
ഹെന്റി സോളമൻ ജി,
ഷീബ പുഷ്പ റാണി,
ബങ്കരു നായ്ക് കാരി, രശ്മി പ്രവ,
ദാനിയേൽ ധനസിങ് എസ്,
സംഗീത ജസീന്ത

### പെഹോവ

**ഭോർസാത് ബാബുഭായ് &**
**യാദവ് സാരാവാതിബൻ**

ദൈവത്തിന്റെ കൃപയാൽ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കരൾ സംബന്ധമായ രോഗത്താൽ വലഞ്ഞ കരിഷ്മക്കായി വിശ്വാസികൾ കൂടി വന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ സൗഖ്യമാക്കി. കാഴ്ച ശക്തി നഷ്ടപ്പെട്ട പ്രേമുവിനു പ്രാർത്ഥനയാൽ സൗഖ്യം ലഭിച്ചു ഇപ്പോൾ അവൻ ആരാധനയിൽ സംബന്ധിക്കുന്നു. ജ്യോതി സുഖ പ്രസവത്തിലൂടെ ഇരട്ടകുട്ടികൾക്കു ജന്മം നൽകി. ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

അശോകിന്റെയും സുമിത്രയുടെയും കുടുംബ പ്രശ്നങ്ങൾ പരിഹരിച്ച് കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ പ്രയാസത്താൽ കഷ്ടപ്പെടുന്ന അമർജിത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാൽജിത്ത്, മാൻജിത്ത് എന്നിവർ ക്രിസ്തു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞ് സഭാ ആരാധനയിൽ സജീവമായി പങ്കെടുക്കുന്നു. കൊച്ചു എലിസ നടക്കുവാനും സംസാരിക്കുവാനും പ്രയാസപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### തിദി

**ദെബാഷിസ് ഹെമ്പ്രം &**
**ഷെഫാലി ഹൻസ്ത**

ദൈവകൃപയാൽ നരേശ് ഭായ് പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. വ്യാജ കേസ്സിൽ ജയിലിൽ അടച്ച രാഹുലിനെ സഭയുടെ ഒത്തൊരുമയോടു കൂടിയ പ്രാർത്ഥനയുടെ ഫലമായി അടുത്ത ദിവസം തന്നെ ജയിലിൽ മോചനം ലഭിച്ചു. അധരത്തിൽ കാൻസർ ബാധിച്ച സാമു ബൻ, മാനസിക രോഗിയായ സോണിയ ശയ്യാവലംബയായ കരുണ, കൈകാലുകളിൽ ഒടിവ് സംഭവിച്ച ഹർജി ബൻ എന്നിവരെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി.

ജഗദീഷ്, കാലു, ആശീഷ് എന്നിവർ കർത്താവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ആരാധനയിൽ സംബന്ധിക്കുന്നതിനു തടസ്സം നിൽക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അരവിന്ദന്റെ കുടുംബം വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. നർമ്മദ ബൻ, സമുദ്ര ബൻ എന്നിവർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ വിശ്വാസി അമ്പ ബന്നിന്റെ രണ്ടു മക്കളുടെ വിവാഹം അനുഗ്രഹകരമായി നടത്തി. നരേശ്, മമത എന്നീ കുടുംബം സ്വദേശ സുവിശേകരായി നമ്മോടു ചേർന്നു.

മെയ്
11
തിങ്കൾ

## ജന്മദിനാശംസകൾ

അഗസ്റ്റസ് പുഷ്പരാജ്,
ജോൺസ് സ്വീറ്റ്ലീൻ, ജിൻസി ശാന്തകുമാർ
അനന്ത കുമാർ സെൽവരാജ്

### ഖാജുവാല : വി കുമാർ & പാട്രിഷ്യ തമിഴ് സെൽവി

ദൈവത്തിന്റെ കൃപയാൽ സുനിൽ വഴിക്കള്ളന്മാരിൽ നിന്നും രക്ഷപ്പെട്ടു. ഈ മിഷൻ വയലിലെ വിശ്വാസികൾക്കു അവരുടെ വയലുകളിൽ നല്ല വിളവ് ലഭിച്ചു. കുടുംബത്തിന്റെ സന്ധാരണത്തിനായി ജോലി ചെയ്തു കൊണ്ട് ഹർഷദീപ് കോളജിൽ പഠിക്കുന്നു.

പൈശാചിക ബന്ധനത്തിൽ നിന്നും പൂജ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി രോഗിയാകുന്ന രൂപ് സിങിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലോപ്സിങ്, സുനിൽ എന്നിവർക്കു വിടു പണിയുവാൻ സർക്കാരിൽ നിന്നു സഹായം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖെർവാദ

### കെനോസ് സ്റ്റാൻലി & വങ്കാൽപുടി ചാന്ദിനി

ഒരാഴ്ചയായി സംസാരിക്കുവാൻ കഴിയാതെ ക്ഷീണിതയായിരുന്ന രൂപ്ലി ബന്നിനെ കർത്താവ് കൃപ ചെയ്തു സൗഖ്യമാക്കി. ബാല ഭവനത്തിലെ പരീക്ഷ എഴുതിയ എല്ലാ കുട്ടികളും നല്ല മാർക്കോടെ വിജയിച്ചു.

ക്ഷയ രോഗത്താൽ കഷ്ടപ്പെട്ട മാർത്ത രക്തം ശർദ്ദിച്ചു, ദൈവം അവൾക്കു സമ്പൂർണ്ണ സൗഖ്യം നൽകി. ജോതി ബൻ, ഹിര ഭായ്, റാഷെത്ത് ഭായ് എന്നിവർ വിശ്വസ്തരായി സഭാ ആരാധനയിൽ ക്രമമായി പങ്കെടുക്കുന്നു. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പുര താമോറിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനും അവന്റെ മുഴുകുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സംസാര ശേഷിയില്ലാത്ത ശങ്കർ, ആശീഷ്, ശരീര ബലഹീനതയാൽ കഷ്ടപ്പെടുന്ന ദിലീപ്, ഗണേഷിന്റെ വീർത്ത തലയുള്ള പൈതൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### അജിത്ഗഢ്

### ജൈബീർ സിങ്

എതിർപ്പുകൾ നിമിത്തം നിർത്തിവെച്ച പ്രവർത്തനം ദൈവകൃപയാൽ പുനരാരംഭിച്ചു. ഒരു പുതിയ കുടുംബം ശുശ്രൂഷയിൽ നമ്മുടെ മിഷനറിമാരെ സഹായിക്കുവാൻ സമർപ്പിതരായി മുന്നോട്ടു വന്നു. അടിവയറ്റിൽ കഠിനമായ വേദനയനുഭവിച്ച മാനിഷയെ കർത്താവ് സൗഖ്യമാക്കി. മഹേന്ദ്രക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിച്ചു. പ്രേംദേവി പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയായി.

അപകടത്തിലുണ്ടായ മുറിവിനാൽ കഷ്ടപ്പെടുന്ന ഹരിറാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നട്ടെല്ലിൽ പരുക്കു പറ്റിയ ധരംപാലിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. അടിക്കടി രോഗിയാകുന്ന സോണിയായുടെ മാതാവിന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന മധു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 12 ചൊവ്വ

### ജന്മദിനാശംസകൾ

കുമാർ പോൾ കെ,
മിത്‌ലേശ് ദീപരത്‌ന

## ഡൽഹി

### പട്പർഗഞ്ച്

**ജോൺ ഡേവിഡ്സൺ & എസ്ഥേർ**

ദൈവകൃപയാൽ സ്ത്രീജന ഞായർ ആരാധനയ്ക്കു സ്ത്രീകൾ നേതൃത്വം നൽകി. ഭവനത്തിൽ നിന്നും കാണാതെ പോയ സുനിലിനെ സുരക്ഷിതനായി കണ്ടെത്തി തിരികെ കൊണ്ടുവന്നു. കഴിഞ്ഞ മാസത്തെ പ്രവർത്തനം തടസ്സമില്ലാതെ അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ നൽകി. ഒമ്പതിലെയും പത്തിലെയും പരീക്ഷ എഴുതിയ എല്ലാ കുട്ടികളും നല്ല മാർക്കോടെ വിജയിച്ചു.

മദ്യാസക്തിയിൽ നിന്നു സോനു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചൂതുകളിയിൽ നിന്നും അരുൺ, കണ്ണയ്യ, ജിത്തിൻ എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ബിസിനസ്സിൽ സാമ്പത്തിക നഷ്ടം വന്നപ്പോൾ തെറ്റായ വഴി തിരഞ്ഞെടുത്ത ബർഗ്ഗി തെറ്റു മനസ്സിലാക്കി അനുതാപത്തോടെ ക്രിസ്തുവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പാചക വാതക സിലണ്ടർ കിട്ടുന്നതിനു പ്രയാസമുള്ള ഈ നാളുകളിൽ ദൈവത്തിന്റെ കരുതൽ നമ്മുടെ വിശ്വാസികൾക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### ബസ്തി

**ശ്രീനിവാസൻ ജെ & ഷീബ ചന്ദ്ര**

സ്ത്രീജന ഞായർ ആരാധനയിൽ സ്ത്രീകൾ നേതൃത്വം നൽകിയതു വളരെ പ്രചോദനവും ആനന്ദകരവുമായിരുന്നു. വിഷപാമ്പിന്റെ ദംശനമേറ്റ കിരൺ മാസോയെ കർത്താവ് അത്ഭുതകരമായി രക്ഷിച്ചു. വിശ്വാസി കുടുംബങ്ങളായ അച്ചയ്, അയാളുടെ സഹോദരി എന്നിവർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിച്ചു. വൃക്ക, കരൾ എന്നിവ സംബന്ധമായ രോഗത്താൽ ഭാരപ്പെട്ട കാജലിന്റെ അമ്മയ്ക്കു തക്കസമയത്തു ചികിത്സ ലഭിച്ചു. പ്രാർത്ഥനയിലൂടെയും ശസ്ത്രക്രീയിലൂടെയും ദൈവം അവൾക്കു സൗഖ്യം നൽകി. റാം കിഷോറിന്റെ ഭാര്യ താൽപര്യത്തോടു കൂടി സുവിശേഷം ശ്രവിക്കുന്നു.

സൈനസൈറ്റിസിനു മൂന്നു ശസ്ത്രക്രീയക്കു വിധേയനായ കൈലാസിന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രവീൺ, കിരൺ, കീർത്തീ എന്നിവരുടെ ഭവന നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വസ്തു സംബന്ധമായ പ്രശ്നത്താൽ പൂട്ടപ്പെട്ട ബങ്കത് ദൈവാലയം ദൈവീക ഇടപെടലിനാൽ വീണ്ടും തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും ദൈനം ദിന ജീവിതത്തിലൂടെ ക്രിസ്തുവിനെ ധൈര്യപൂർവ്വം മറ്റുള്ളവരോടു പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പുകളുടെ മദ്ധ്യേ വിശ്വാസികളെയും മിഷനറിമാരെയും സുവിശേഷകരെയും സുരക്ഷിതമായി പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 13 ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ആൽബിൻ റ്റി, മിത്രൻ ഇ,
രമേശ് വേൽരാജ് എ, മുത്തയ്യ യു ശമുവേൽ,
പങ്കജം ഹരി ബാബു, ഹന്ന മേരി സ്ലെഷർ,
നെഹമ്യാവ്

### സിക്കന്ദ്ര : വസാവ പച്ചിയ ഭായ് & വസാവ സവിതബെൻ

പൽഹമെനേരു ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ ശശിയുടെ പ്രാർത്ഥനയുടെ മറുപടിയായി അവന്റെ ആട് നാല് കുട്ടികളെ പെറ്റു. നമ്മുടെ പ്രാർത്ഥനയുടെ ഫലമായി ദൈവകൃപയാൽ വിശ്വാസികളുടെ മക്കളായ മൂന്നു പെൺകുട്ടികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിച്ചു. പൂജ, പൂനം, ഉർമ്മിൽ എന്നിവർ കുടുംബമായി സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

എതിർപ്പിനെ തുടർന്നു നിർത്തിവെച്ച ചെറു പ്രാർത്ഥനക്കൂട്ടങ്ങൾ പുനരാരംഭിക്കേണതിനായി പ്രാർത്ഥിക്കുക. കമലേശ്, ഭാരത് എന്നിവർ മദ്യാസക്തിയിൽ നിന്നും ദൈവീക ശക്തിയാൽ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജനയോഗം അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. മിഷൻവയലിൽ പുതുതായി ആരംഭിച്ച ഇടത്താവളങ്ങളായ ഔരിയ, സാന്ദൽപൂർ എന്നീ ഗ്രാമങ്ങളിൽ പ്രവർത്തകരെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രവർത്തനം ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക. അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പൊക്കറായൻ

### ശാന്ത കുമാർ & ജിൻസി

ദൈവത്തിന്റെ കൃപയാൽ നമ്മുടെ സഭാ മൂപ്പൻ രാജ്കുമാറിനു ഭവനം പണിയുവാൻ സർക്കാരിൽ നിന്നും സഹായം ലഭിച്ചു. എതിർപ്പിനെ തുടർന്നു കഴിഞ്ഞ രണ്ടു മാസമായി അടച്ചിട്ട ദിനപരിപാലന കേന്ദ്രം തുറന്നു പ്രവർത്തിക്കുവാൻ ദൈവം സഹായിച്ചു. നിരക്ഷരരായ വിശ്വാസികൾ വചനം കേട്ടു ശക്തിപ്പെടുവാനും വിശ്വാസത്തിൽ വളരുവാനുമായി വിശ്വാസികളുടെ ഇടയിൽ ഓഡിയോ ബൈബിളുകൾ വിതരണം ചെയ്തു.

എതിർപ്പിനെ തുടർന്നു തകർക്കപ്പെട്ട മാൻസ ദൈവാലയ മതിൽ വേഗത്തിൽ പുനർ നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയത്തിനു സമീപം താമസിക്കുന്ന അജയ്, വർമ്മ എന്നിവർ ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദൈവാലയത്തിനു നാശം വരുത്തുന്ന പ്രവർത്തനം അവർ നിർത്തേണ്ടതിനായി പ്രാർത്ഥിക്കുക. പരൂർ ഗ്രാമത്തിലെ സഭയിൽ ഒരു പ്രാദേശിക സുവിശേഷകനെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകരായ രാജേന്ദ്ര കുമാർ, വികാസ് എന്നിവർക്കെതിരെയുള്ള കേസിൽ അനുകൂല വിധിയുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. പേരമ്പൂർ, പരുൾ എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ വിശ്വസ്തരായി ആരാധന യോഗങ്ങളിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മെയ്
14
വ്യാഴം

## ജന്മദിനാശംസകൾ

ജ്ഞാന പുഷ്പം അരുൾരാജ്, വിനോദ കുമാർ സിങ്, രവി കെ, മമത തിമ്മാന

## മദ്ധ്യപ്രദേശ്

**ദുൽക്കോത് : ഗോപീകൃഷ്ണൻ എം & മേനക എൽ**

മോട്ടർ സൈക്കിൾ അപകടത്തിൽ നമ്മുടെ മിഷനറിയെയും ഭാര്യയെയും സുരക്ഷിതമായി സൂക്ഷിച്ചത് ദൈവീക പരിപാലനത്തിന്റെ തെളിവാണ്. പിപ്പിലിയ, പുട്ട എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പസാലി ഗ്രാമത്തിൽ സംഘടിപ്പിച്ച സ്ത്രീജന യോഗത്തിൽ നല്ലൊരു കൂട്ടം സ്ത്രീകൾ സംബന്ധിച്ചു.

തളർവാതത്തിൽ നിന്നും കരാന ഗ്രാമത്തിലെ സോൻലി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഗം മൂലം ജോലി ചെയ്യുവാൻ കഴിയാത്ത രാധയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സോമാലി ഗ്രാമത്തിൽ സുവിശേഷത്തെ എതിർക്കുന്നവർ മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ധാർ

**സാന്തു മാറാണ്ടി & രാഖി മാദി**

എതിർപ്പിനെ തുടർന്നു കഴിഞ്ഞ എട്ടു മാസമായി അടഞ്ഞു കിടന്ന ലാൽഭാഗ് ദൈവാലയം ദൈവകൃപയാൽ വീണ്ടും തുറക്കുവാൻ സാധിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. തടസ്സങ്ങളില്ലാതെ രാത്രി യോഗങ്ങൾ, സ്ത്രീജന യോഗങ്ങൾ, പുതിയ വിശ്വാസികളുടെ യോഗങ്ങൾ എന്നിവ അനുഗ്രഹകരമായി നടത്തി.

ശരീരത്തിൽ ഉണ്ടായ നീർവീക്കത്താൽ കഷ്ടപ്പെടുന്ന അനിൽ ഗുരുവാലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും ബക്രീത്, പരമത്, ചൗഹാൻ, അനിൽ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദേശിൽ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാൻവാർ, കുകുഷി, മഹേശ്വർ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

### ദോഷം ഭവിക്കാതെ സംരക്ഷിക്കുന്ന ദൈവം

മഹാരാഷ്ട്രയിൽ പെയിന്റ് മിഷൻ വയലിലെ ശുശ്രൂഷക്കു ശേഷം നമ്മുടെ മിഷനറി അലക്സും ഭാര്യയും മകളും മോട്ടർ സൈക്കിളിൽ ഭവനത്തിലേക്കു മടങ്ങിവരുകയായിരുന്നു. രണ്ടു കുന്നുകൾക്കിടിലുള്ള ഒരു വന താഴ്വരയിൽ അവർ പെട്ടെന്നു ഒരു കടുവയുടെ മുമ്പിൽ പെട്ടു. 50 വാര അകലെ കടുവ നിൽക്കുന്നു. ഭയപ്പെടുത്തുന്ന നിമിഷം. ദൈവത്തിന്റെ കൃപയാൽ കടുവ അവരുടെ അടുക്കലേക്കു വന്നില്ല. പകരം അത് തിരിഞ്ഞ് വനത്തിനുള്ളിലേക്കു ഓടിപ്പോയി. ഇത് തീർച്ചയായും ദൈവം തന്റെ ദാസന്മാർക്കു നൽകിയ ദിവ്യ സംരക്ഷണമാകുന്നു. എല്ലാ അപകടങ്ങളിൽ നിന്നും ഒരു ദോഷവും ഭവിക്കാതെ ദൈവം കാത്തു സൂക്ഷിച്ചു. ഹല്ലെലുയ്യ! മിഷനറിമാരുടെയും സുരക്ഷിതത്വത്തിനും പരിപാലനത്തിനുമായി നമുക്കു തുടർന്നും പ്രാർത്ഥിക്കാം.

മെയ്
15
വെള്ളി

## ജന്മദിനാശംസകൾ

ജാൻസി രാജേന്ദ്രൻ, തോമസ് മാത്യു, ബാബു പുഷ്പരാജ് ഡി, വിൽസെറ്റ് ക്രിസ് എൽ, സെൽവറാണി ഭരണീധരൻ, ലക്ഷ്മി വേദിയപ്പൻ, ഭഗീരഥി ബിസോയ്, സുരേഷ് മാൽട്ടോ, ഹിമ്പാൾ ദിലീപ് ബായ് രഘുബായ്, മെൽറ്റ കെ, അജയ് ബർദെ, ദേവാശീഷ് ഹെബ്രം, മെലിതാക്

### ഗുണ : സതീഷ് ടി & ശർമ്മിള

പൈശാചിക ബന്ധനത്താൽ രാത്രിയിൽ ഉറങ്ങുവാൻ കഴിയാതെ ബുദ്ധിമുട്ടിയ സങ്കു ഭായിയെ പ്രാർത്ഥന കേട്ട ദൈവം കരുണ ചെയ്തു സൗഖ്യമാക്കി. അനേക നാളുകളായി അടിവയറ്റിൽ വേദനയനുഭവിക്കുന്ന അൻവികയെ കർത്താവ് സൗഖ്യമാക്കി. കഴിഞ്ഞ നാലു വർഷമായി പൈശാചിക ബന്ധനത്തിലായിരുന്ന രാംക്രിഷിനെ കർത്താവ് വിടുവിച്ചു. ക്ഷയ രോഗിയായ പൂര ഭായിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

അലർജി സംബന്ധമായ രോഗത്തിൽ നിന്നു കച്ച പട്ടേൽ, കാലിൽ നീർവീക്കമുള്ള രാജൻ, വൃക്ക നീക്കം ചെയ്യുന്ന ശസ്ത്രക്രിയയെ തുടർന്നു വേദനയനുഭവിക്കുന്ന ഗ്യാൻ സിങ്, കഴുത്തിൽ പരു വന്ന സാരങ്കി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവുശേഷ പ്രവർത്തനത്തെ എതിർക്കുന്ന സിങ് പട്ടേലിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നഗേര ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം സ്വന്ത ഗ്രാമക്കാരിൽ നിന്നും പീഡനം നേരിടുന്ന തുളാർ സിങ് വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഭിന്ദ്

### ജപകുമാർ പി & ജയന്തി ഗ്രേസ്

ദൈവത്തിന്റെ കൃപയാൽ ഗിരിജയുടെ നഷ്ടപ്പെട്ട മൊബൈൽ ഫോൺ തിരികെ ലഭിച്ചു. നീതുവിന്റെ 20000 രൂപ അടങ്ങിയ പേഴ്സ് നഷ്ടപ്പെട്ടു പോയെങ്കിലും പ്രാർത്ഥനയെ തുടർന്നു അത് തിരികെ ലഭിച്ചു. കഴുത്തിലുണ്ടായ പരുവിനെ തുടർന്നു വേദനയോടെ നിലവിളിച്ച മകനു വേണ്ടി വിശ്വാസിയായ മോഹിൻ പ്രാർത്ഥിച്ച വേളയയിൽ ദൈവം അവനു ആശ്വാസവും സൗഖ്യവും നൽകി.

ബഗത്പുര, കുമകപുര, ഹദ്പുര എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗങ്ങളിൽ സംബന്ധിക്കുന്ന വിശ്വാസികൾ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സാവത്രി, ഞരമ്പും നട്ടെല്ലും സംബന്ധമായി പ്രയാസം അനുഭവിക്കുന്ന സത്യറാം, നേത്ര രോഗത്താൽ കഷ്ടപ്പെടുന്ന പ്രേമ, മുട്ടു വേദനയുള്ള വിമല ദേവി, ചൊറിച്ചിലിനാൽ ഭാരപ്പെടുന്ന ശിവം, ശരീര ബലഹീനത അനുഭവപ്പെടുന്ന ദത്ത് സിങ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായ കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ഏഴു കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മെയ്
16
ശനി

## ജന്മദിനാശംസകൾ

വിൽസൺ ഡി, എബനേസർ ജി സാം,
സിനിഗ്ദ മോഹിനി ദേവി, ക്രിസ്റ്റി ജയന്തി

## അസം

### ഗോഹ്പൂർ: ആരോൺസിങ് നർസാരി & റീന ബാസുമതാരി

നൊയമ്പു കാലത്ത് 12 ഗ്രാമങ്ങളിൽ വേദപഠന ക്ലാസ്സുകളും പ്രാർത്ഥനക്കൂട്ടങ്ങളും ക്രമമായി നടത്തി. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സുവിശേഷ പ്രവർത്തനത്തിന്റെ പുരോഗതിക്കായി ദൈവം പുതിയ അവസരങ്ങളെ നൽകുന്നു.

ഒമ്പതു ഗ്രാമങ്ങളിൽ ആരാധന ക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനും അനുധാവന പ്രവർത്തനം നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ ഉദ്ദേശിക്കുന്ന യുവജനയോഗം, ജീസസ് ഫിലിം പ്രദർശനം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ സാക്ഷ്യമുള്ള ജീവിതത്തിലൂടെ അനേകർ യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.

### ധെമാജി

### പ്രവീൺ ദാസ് & മാർഗരറ്റ് സിങ്

ദൈവ കൃപയാൽ രണ്ടു ഗ്രാമങ്ങളിൽ കുട്ടികളുടെ യോഗം സംഘടിപ്പിച്ചു. 90 ലധികം കുട്ടികൾ സംബന്ധിച്ച് ദൈവവചനം പഠിച്ച് അനുഗ്രഹം പ്രാപിച്ചു. ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 11 വ്യക്തികൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നമ്മുടെ മിഷനറിമാർക്കും സുവിശേഷകർക്കും ദൈവീക സംരക്ഷണവും നല്ല ആരോഗ്യവും നൽകി ദൈവം അനുഗ്രഹിച്ചു.

ദേമാജി മിഷൻ വയലിൽ പ്രവർത്തിക്കുവാൻ സമർപ്പണമുള്ള പ്രാദേശിക സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം ഉപദ്രവം സഹിക്കുന്ന കോനാക്, അലിത്താർ എന്നിവർ നിരാശപ്പെട്ടു പോകാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിസിങ് ജനവിഭാഗത്തിന്റെ മദ്ധ്യേ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ഹന്നായുടെ ദൈവം

മദ്ധ്യപ്രദേശിൽ ഗുണ മിഷൻ വയലിലുള്ള കദൌഗുവാർ ഗ്രാമത്തിലെ വിശ്വാസിയായ പൂര ഭായ് വിവാഹം കഴിഞ്ഞ് ആറു വർഷമായിട്ടും മക്കളില്ലാതെ ഭാരപ്പെട്ടു. ഗ്രാമത്തിലുള്ളവരുടെ പരിഹാസത്തിനും നിന്ദക്കും അവർ പാത്രയായി. അത് അവളെ ഏറെ ദുഖിതയാക്കി. ഈ ദുഖ ഭാരത്തോടെ അവൾ ദൈവാലയത്തിൽ പ്രാർത്ഥനക്കായി കടന്നു വന്നു. കർത്താവിന്റെ ദാസന്മാർ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. അവൾ കർത്താവിലുള്ള വിശ്വാസത്തോടെ ദിനം തോറും പ്രാർത്ഥിച്ചു. ദൈവം അവളുടെ പ്രാർത്ഥനയെ മാനിച്ചു. കൃപയാൽ ഉദരഫലം നൽകി ദൈവം അവളെ അനുഗ്രഹിച്ചു. ദൈവം അവളുടെ നിന്ദ നീക്കി കളഞ്ഞു. ഇപ്പോൾ അവൾ ആനന്ദത്തോടെ കർത്താവിനെ സാക്ഷിക്കുകയും വിശ്വസ്തയുള്ള ജീവിതം നയിക്കുകയും ചെയ്യുന്നു.




## ജന്മദിനാശംസകൾ

ആശീർ റ്റി വൈ പി, ഉൽഗാൾ മാഗി എസ്ഥേർ,
വാസന്തി ജപകുമാർ,
ജ്ഞാനജപ ഷീല റ്റി,
മുധവാത്തു രാജു നൈക്

## ബീഹാർ

### റാണിഗഞ്ച് / അരാരിയ

**ധർമ്മേന്ദ്ര പരിച്ച & മധു സ്മിത പാനി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിതഗണത്തിലായി. നമ്മുടെ വിശ്വാസിയായ ദീപക് സോഡയുടെ രണ്ടു വയസ്സുള്ള മകൻ ആനന്ദ് അബദ്ധത്തിൽ വിഴുങ്ങിയ കല്ല് തൊണ്ടയിൽ കുടുങ്ങിയ വേളയിൽ വിശ്വാസികൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിച്ചു. ദൈവത്തിന്റെ അത്ഭുതകരത്തിന്റെ തെളിവായി പ്രാർത്ഥന കേട്ട ദൈവം പൈതലിന്റെ തൊണ്ടയിലെ കല്ല് പുറത്തു വരുവാൻ സഹായിച്ചു. മറ്റു സംസ്ഥാനങ്ങളിലേക്കു കുടിയേറ്റ തൊഴിലാളികളായി പോയ നമ്മുടെ വിശ്വാസികൾ സുരക്ഷിതരായി തിരികെ വന്നു.

കരൾ സംബന്ധമായ രോഗത്താൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച ദീപക് കുമാറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം പരിഹാസത്തിനും നിന്ദക്കും പാത്രയാകുന്ന വിശ്വാസിയായ മുനിക ദേവിയെ കർത്താവ് തന്റെ ചിറകടിയിൽ പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രലോഭനങ്ങളെ വിജയ് റിഷി ദൈവീക ശക്തിയാൽ അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും കുന്ദൻ, റിഷി ദേവ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

### പാക്കുടിയ

**സെന്തിൽ കുമാർ പി & മുത്തുസെൽവി**

നമ്മുടെ വിശ്വാസികളുടെ ഭവനങ്ങളിൽ നൊയമ്പു കാലത്ത് പ്രാർത്ഥനകൾ നടത്തി. ഉത്സാഹമില്ലാതിരുന്ന ബീജാപൂർ സഭാ വിശ്വാസികൾ ഈ പ്രാർത്ഥനയിലൂടെ ശക്തി പ്രാപിച്ചു ഉത്സാഹത്തോടും പുതിയ ഉണർവ്വോടും ഉന്മേഷത്തോടും കൂടെ ആരാധന യോഗങ്ങളിൽ സംബന്ധിക്കുന്നു.

ക്രിസ്തീയ വിശ്വാസം ഉപേക്ഷിച്ച് പൂജാരികളുടെ പിന്നാലെ പോയ സുനിറാം വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സഭാ മൂപ്പന്മാർ ആത്മീയ എരിവോടും ഉന്മേഷത്തോടും കൂടെ സഭയെ നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസത്തെ എല്ലാ ശുശ്രൂഷകളും തടസ്സമില്ലാതെ വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസത്തെ എല്ലാ പ്രവർത്തനങ്ങളും അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. റാപൂർ ഗ്രാമത്തിലെ വിശ്വാസികൾ ഭയമില്ലാതെ തടസ്സങ്ങളില്ലാതെ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനും അവർ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ ഉറച്ച് നിലനിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## മെയ് 18 തിങ്കൾ

### ജന്മദിനാശംസകൾ

എലിസബേത്ത് സോളമൻ,
കൊങ്കാനി ചന്ദ്രികബൻ ചങ്കൻഭായ്
സ്റ്റീഫൻ ആർ, പൊർസെൽവി കമാലിയോൾ,
റീത്താജ്ഞലി കരോട, മുത്തു കുമാർ എം,
ഷീബ വെങ്കിടേഷ്, ഝാൻസി റാണി,
ചിങ് ഖാൻ മാവി തങ്ഖാൻ സങ്,
ഗവിത് രാകേശ് രത്തിലാൽ

### ഗംഗുപാട ബാലഭവനം

**ഈവ്‌ലിൻ പാക്കിയ;**
**എസ്ഥേർ സാവിത്രി; ഹിൽദ ഗ്രേസ്**

വിഷപാമ്പ് കിടപ്പറയിൽ പ്രവേശിച്ച വേളയിൽ നമ്മുടെ കുട്ടികളെ എല്ലാം ദൈവം അത്ഭുതകരമായി പരിപാലിച്ചു. സണ്ഡോല ഗ്രാമത്തിലെ വിശ്വാസിയുടെ കാണാതെ പോയ മകനെ കുട്ടികളുടെയും രക്ഷിതാക്കളുടെയും തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി 40 ദിവസത്തിനു ശേഷം കണ്ടെത്തുന്നതിനും സുരക്ഷിതനായി ഭവനത്തിൽ എത്തിക്കുന്നതിനും സാധിച്ചു. കാറ്റിലും മഴയിലും വലിയ മരം കടപുഴകി മിഷനറിയുടെ വീടിന്റെ മേൽ വീണെങ്കിലും ദൈവം തന്റെ കൃപയാൽ ഒരു ദോഷവും തട്ടാതെ മിഷനറിയെയും കുടുംബത്തെയും പരിപാലിച്ചു.

അവധിക്കു ഭവനങ്ങളിലേക്കു പോയ കുട്ടികൾ അവരുടെ ഗ്രാമത്തിൽ സംഘടിപ്പിക്കുന്ന വിബിഎസിൽ സംബന്ധിച്ച് ആത്മീക ഉണർവ്വ് പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇപ്പോഴത്തെ താമസ സൗകര്യം അപര്യാപ്തമായതിനാൽ ബാലഭവനത്തിനു പുതിയ കെട്ടിടം വേഗത്തിൽ നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാതാവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന സുനിത മേഷയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. റാഞ്ചിയിൽ നേഴ്സിംങ് പഠനം നടത്തുന്ന ബാലഭവനത്തിലെ കുട്ടികൾ പഠനത്തിൽ മികവ് പുലർത്തേണ്ടതിനും സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**മൺട്രോ : ഹിജാം കെന്നടി സോങ് & ഹോജാം ലിന്തോബി**

രണ്ടു സ്ഥലത്തു സൗഖ്യദായക ശുശ്രൂഷ സംഘടിപ്പിച്ചു. ദൈവകൃപയാൽ അനേകർ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. ഇസ്തു ടോള, ഇത്തഗരി, കിട്ടാനിയ, പൊർക്കകൊണ്ട എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള അവസരം നൽകി ദൈവം അനുഗ്രഹിച്ചു. പുതിയ വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

ആത്മാക്കളെ നേടുന്നവർക്കായുള്ള പരിശീലനം, സഭാമൂപ്പന്മാരുടെ ക്യാമ്പ്, ചെറു പ്രാർത്ഥന സംഘനേതാക്കന്മാരുടെ പരിശീലനം എന്നിവ വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പൊർടാല, മെഗന്ദി, തിയാര പുൽപാരിയ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലവും ആവശ്യമായ അനുവാദവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ ഹാപ്പൻ മാറാണ്ടിയുടെയും വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സുവിശേഷകൻ ഇമ്മാനുവേലിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

മെയ്
19
ചൊവ്വ

## ജന്മദിനാശംസകൾ

ഹേമന്ത കുമാർ സാബർ,
ത്ധാൻസി ബാലാജി സാബർ

### സുന്ദർപഹാഡി / ലാൽമട്ടിയ

**അമരേന്ദിരൻ & ഗൗരമ്മ സ്വേത**

അനേക നാളുകൾ മാർത്ത സൊറനെ അലട്ടിയ കാലിലെ നീർ ദൈവകൃപയാൽ കർത്താവ് സൗഖ്യമാക്കി. നമ്മുടെ സഭമൂപ്പന്റെ മകൻ ബഞ്ചമിൻ അപകടത്തെ തുടർന്നു രണ്ടു മാസത്തോളം നടക്കുവാൻ കഴിയാതെ ഭാരപ്പെട്ടു. ദൈവം സൗഖ്യമാക്കി. മീരു മുർമ്മുവിനു സുഖ പ്രസവം നൽകി.

മോനിക്ക, മാറാണ്ടി, മാനുവേൽ, ഷീലാസ് ഹൻസ്ത എന്നീ കുടുംബങ്ങളിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നും ജോസഫ് മുർമ്മു, മാനസീക രോഗികളായ മാർഷില കിസ്കു, ജിത്തറായ് സൊറൻ, സോനലാൽ ഹെബ്രം എന്നിവരെ കർത്താവ് സൗഖ്യമാക്കേണതിനായി പ്രാർത്ഥിക്കുക.

### ബടിടോള : സുന്ദർ ദുരൈ & മെൽബിൻ റെജിനി

സഹോദരൻ നവനീഥറും സംഘവും നടത്തിയ ലൈറ്റ് & സൗണ്ട് പ്രോഗ്രാം 15 ഗ്രാമങ്ങളിലെ ആളുകൾ കാണുകയും സുവിശേഷം ശ്രവിക്കുകയും ചെയ്തു. നൊയമ്പു കാലത്ത് ആദ്യമായി നടത്തിയ മുന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ അനേകർ പങ്കെടുത്തു ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

അനേക ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന വി ബി എസിൽ കുട്ടികൾ തടസ്സമില്ലാതെ സംബന്ധിക്കേണ്ടതിനും ദൈവവചനം പഠിച്ചു അനുഗ്രഹം പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലുള്ള 176 ഗ്രാമങ്ങളിലും സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നല്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമത്തലവന്മാർ ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനും സത്യത്തോടു പ്രതികരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### പത്തർഗാമ

**കൃഷൻ കുമാർ & ശാന്തി ലാൽ**

ദൈവത്തിന്റെ കൃപയാൽ സുഷമ ദേവിക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. രാജ്കുമാർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അണുബാധയിൽ നിന്നും മാനഷി ദത്തിയും വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു അയാളുടെ മകനും വിടുതൽ പ്രാപിച്ചു. ഗുരുതരമായ ചുമയിൽ നിന്നു സുരേന്ദ്ര രവി സൗഖ്യം പ്രാപിച്ചു.

പ്രതിമ റായിയുടെ കുടുംബവും അവരുടെ കന്നുകാലികളും പൈശാചിക പോരാട്ടത്തിൽ നിന്നും മുക്തി പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാധൻ കുമാർ, സരസ്വതി, നിഷ കുമാരി, രൂപ, ഗീത, റാം പ്രകാശ് എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന റൂബി കുമാരി, നിർമ്മല ദേവി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മെയ്**
**20**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

സ്റ്റാൻലി ജോർജ്, എസ്ഥേർ എസക്കിയ,
ജ്ഞാനാലിൻ സെൽവ വിജില,
മിർജിയോ കിസ്കു, ഇളങ്കോവൻ എസ്,
എഡ്വേർഡ് രാജദുരൈ, മുനിവീര ആർ

### മഹാറോ : ഹമ്മുവേൽ ലിമ്മ & റിന്താജ്ഞലി കർദ

പാൻക്രീയാസിനുണ്ടായ രോഗത്തിൽ നിന്നു പ്രകാശ് തസും, രണ്ടു വൃക്കകളുടെയും പ്രവർത്തന ക്ഷമത നഷ്ടപ്പെട്ട സുനിൽ തസും എന്നിവരെ കർത്താവ് കൃപയാൽ സൗഖ്യമാക്കി. ജോലി തേടി കുടിയേറി പോയ നമ്മുടെ സഭാമൂപ്പൻ ജയ്ഹിന്ദ് തൗറി സുരക്ഷിതനായി മടങ്ങി വന്നു. സോനോറായ്ത്താരി ഗ്രാമത്തിലെ മൂന്നു കുടുംബങ്ങൾ എതിർപ്പിന്റെ മദ്ധ്യത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിന്നു ദൈവനാമം മഹത്വപ്പെടുത്തുന്നു.

പപ്പുണ്ടിയ ആരാധനക്കൂട്ടത്തെ ആത്മീയമായി നയിക്കുവാൻ സമർപ്പിതരായ സഭാമൂപ്പന്മാരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ആറു കുടുംബം വിശ്വാസത്തിൽ ശക്തപ്പെട്ടു വളരേണ്ടതിനായി പ്രാർത്ഥിക്കുക. മഞ്ഞപിത്ത രോഗിയായ പ്രദീപ് ദാസ്, പാൻക്രീയാസിനു രോഗം വന്ന പ്രകാശ് ദാസ്, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സുനിൽ ദാസ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസികൾക്കെതിരെ ഗ്രാമത്തിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനും ഗ്രാമത്തിലുള്ള അനേകർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനുമായി പാർത്ഥിക്കുക.

### ഗോർപാട

### കിൻസ്ലി എ ആർ & ഷൈനി എ ഡബ്ലു

പ്രാദേശിക സുവിശേഷകർക്കും സഭാമൂപ്പന്മാർക്കും വിശ്വാസികൾക്കുമായി നടത്തിയ സുവിശേഷ യോഗം തടസ്സമില്ലാതെ അനുഗ്രഹകരമായിരുന്നു. ബഹാടി ഗ്രാമത്തിലെ ഒരു കുടുംബം പ്രതിബദ്ധങ്ങളെ അവഗണിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാസാനി ഗ്രാമത്തിലെ വിമൽ സൗഖ്യം പ്രാപിച്ചു. ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

ക്രിസ്തീയ വിശ്വാസം നിമിത്തം സ്വന്ത ഗ്രാമത്തിലുള്ളവരിൽ നിന്നും എതിർപ്പും പീഡനവും സഹിക്കുന്ന പുതിയ വിശ്വാസിയായ ജാമയുടെ സുരക്ഷിതത്തിനായി പ്രാർത്ഥിക്കുക. രോഗത്താൽ വലയുന്ന ദിന്തുവിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന രാമ യേശുവിനെ പൂർണ്ണ ഹൃദയത്തോടെ സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ദിനപരിപാലന കേന്ദ്രത്തിലുള്ള കുട്ടികൾ അഞ്ചാം ക്ലാസ്സ് പഠനം പൂർത്തീകരിച്ചു. അവർ അപ്പർ പ്രൈമറി സ്കൂളിലേക്കു പോകുവാൻ ഒരുങ്ങുന്നു. അവർക്കു ബാലഭവനത്തിൽ പ്രവേശനം ലഭിക്കേണ്ടതിനും പഠനം തുടരുവാൻ സാധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ആധാർ കാർഡില്ലാത്ത കുട്ടികൾക്കു വേഗത്തിൽ അതു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**21**
**വ്യാഴം**

## ജന്മദിനാശംസകൾ

വിജയറാണി ആൽബിൻ

# പശ്ചിമ ബംഗാൾ

### താപാൻ

**ഹരമോഹൻ പ്രഭുദാസ് & കുമാരി സുസമ്മ**

വൃക്കസംബന്ധമായ രോഗത്താൽ വലയുന്ന മീഖായേൽ ഹൻസ്ത പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. മേരി സൊറന്റെ നാലു വയസ്സുള്ള മകന്റെ ശരീര അവയവങ്ങൾ കാൽസ്യത്തിന്റെ അഭാവത്താൽ ചലിപ്പിക്കുവാൻ കഴിയുന്നില്ല. ദൈവീക ഇടപെടലിനാൽ അവനു സൗഖ്യം ലഭിച്ചു. അലുത്താണ്ടി, കട്ടത്താണ്ടി, ഉലക്കുട്ടു എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

വിശ്വാസികളുടെ ഭവനത്തിലെ യുവജനങ്ങൾ താൽപര്യപൂർവ്വം ആരാധന യോഗങ്ങളിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ കുട്ടികളും സണ്ടേസ്കൂളിൽ ആവേശത്തോടെ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബേൽഡിഹ ഗ്രാമത്തിലെ പ്രിമാൽ മുർമ്മു പതിനാറു വർഷത്തിനു ശേഷം സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു. കുടുംബവുമായുള്ള ബന്ധങ്ങൾ ഭംഗിയായി പുനസ്ഥാപിച്ചു. ദുത്തുമോട ഗ്രാമത്തിൽ അമിതമായ മദ്യപാനത്താൽ അകാല മരണങ്ങൾ സംഭവിക്കുന്നു. ദൈവം ഇടപെടേണ്ടതിനും ഇവിടെയുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക.

### മാൽദ

**ഉദിപ്ത കുമാർ ബാഗ് & സുർജ്യകാന്തി സേനാപതി**

കൊൽക്കത്തയിൽ സംഘടിപ്പിച്ച പ്രാദേശിക സുവിശേഷകരുടെ ആത്മീക യോഗത്തിൽ എല്ലാവരും കുടുംബമായി സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. സുരക്ഷിതരായി ഭവനത്തിൽ തിരികെ വന്നു. തുടർമാനമായ ശർദ്ദിലിൽ നിന്നും ബാരതം സൗര്യയെയും അടിവയറ്റിലുണ്ടായ കഠിന വേദനയാൽ കഷ്ടപ്പെട്ട അക്കോടി ബഹാടിയായെയും പ്രാർത്ഥന കേട്ടു കർത്താവ് കൃപയാൽ സൗഖ്യമാക്കി. ബപിത്ത ബഹാടിയ, ദർദൻ ബഹാടിയ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവരുടെ ഗ്രാമമായ പുത്ക്കേലയിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു.

പൈശാചിക പോരാട്ടത്താൽ ശരീരമാസകലം പരുക്കൾ വന്ന പത്രസ് സൗര്യയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാലു മക്കളുടെ മാതാവായ കവിത ബഹാടിയ മാനസിക രോഗത്താൽ വലയുന്നു. ദൈവം സൗഖ്യമക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് സുവിശേഷവേലയിൽ സജീവ പങ്കാളിത്തം വഹിക്കേണതിനായി പ്രാർത്ഥിക്കുക. ഈ വരുന്ന ഇലക്ഷനിൽ മതേതര സ്വഭാവമുള്ള ഗവൺമെന്റ് അധികാരത്തിൽ വരേണ്ടതിനും ജ്ഞാനത്തോടും നീതിയോടും ഭരണം നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക.

**മെയ്**
**22**
**വെള്ളി**

## ജന്മദിനാശംസകൾ

ജയശേഖർ പി റ്റി, സുനിൽ ദത്തകര, ബിപിൻ ബീഹാരി പ്രധാൻ, ശമുവേൽ. ആർ

## ഛത്തീസ്ഘട്

### തപ്കാര & ലുടെഗ്

**അരുൺ കുമാർ ജി & സാരഥി എ**

കൊരക്കചാസാർ, കുൻമേര എന്നീ ഗ്രാമങ്ങളിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 80 സ്ത്രീകൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ആറു ഗ്രാമങ്ങളിൽ ഉപവാസ പ്രാർത്ഥന ക്രമീകരിച്ചു. അനേകർ സംബന്ധിച്ചു ദേശത്തിന്റെ വിടുതലിനും സൗഖ്യത്തിനുമായി പ്രാർത്ഥിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ഗുമൻസാനിയ ഗ്രാമത്തിലെ രാധിക വിടുതൽ പ്രാപിച്ചു. ഇന്ന് അവൾ മുഴുകുടുംബത്തോടെ സഭ ആരാധനയിൽ സംബന്ധിക്കുന്നു.

സുവിശേഷത്തിനെതിരായി ഈ സംസ്ഥാനത്തു നിലനിൽക്കുന്ന എതിർപ്പുകൾ ഇല്ലാതാകേണ്ടതിനും ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു തുറന്ന അവസരങ്ങൾ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കാഴ്ച ശക്തി നഷ്ടപ്പെട്ട വിശ്വാസിയായ സോനാപതി പ്രാർത്ഥനയിൽ സംബന്ധിക്കുന്നു. അവന്റെ സൗഖ്യത്തിനും പ്രത്യാശയുള്ള ഭാവിക്കുമായി പ്രാർത്ഥിക്കുക. കുമേര ഗ്രാമത്തിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്ന മൂന്നു പേർ പൈശാചിക ഭയത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. അവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കണ്ടതിനായി പ്രാർത്ഥിക്കുക.

### ബലോട ബസാർ

**രാമേശ്വർ ദയാൽ & മധു കല**

കാഞ്ചി, പഹോട എന്നീ ഗ്രാമങ്ങളിൽ സുവിശേഷ പ്രഘോഷിക്കുന്നതിനുള്ള അവസരം നൽകി. ഇവിടുത്തെ പ്രവർത്തനം പുരോഗമിക്കുന്നു. ബക്കർക്കുട ഗ്രാമത്തിൽ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുവാൻ തയ്യാറെടുക്കുന്നവർ അന്വേഷക ക്യാമ്പിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. മദിയാത്ത്, കൈനാട എന്നീ ഗ്രാമങ്ങളിൽ ആരംഭിച്ച ചെറുപ്രാർത്ഥനക്കൂട്ടം വിശ്വാസികൾക്കു ഉത്സാഹവും പ്രചോദനവും നൽകുന്നു. ദൈവകൃപയാൽ മൂന്നു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശനത്തിലൂടെ അനേകരോടു സുവിശേഷം അറിയിച്ചു.

അനിത സോണി, രാമൻ പട്ടേൽ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ആത്മീകമായി വളരേണ്ടതിനായി പ്രാർത്ഥിക്കുക. ദൈറാമിന്റെയും പ്രീയയുടെയും കുടുംബ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട് അനുരഞ്ജനപ്പെട്ടു സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ ആനന്ദ് പട്ടേലിന്റെ ഭവന നിർമ്മാണവുമായി സംബന്ധിച്ചുള്ള പ്രശ്നം പരിഹരിച്ച് വേഗത്തിൽ പണി പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സെമസരത്ത് ഗ്രാമത്തിൽ സുവിശേഷത്തോടുള്ള എതിർപ്പ് ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. എതിർക്കുന്നവർ മാനസാന്തരപ്പെട്ടു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**23**
**ശനി**

## ജന്മദിനാശംസകൾ

കണ്ണുസ്വാമി തോമസ്, വിജയ് ബാബു എസ്, ഗോപികൃഷ്ണൻ എം, എസ്ഥേർ നിഷോണി ജെ

## ഒഡിഷ

### തിരിങ്

**അജിത് പാണ്ഡ്യൻ & സെൽവി ബർധൻ**

ഈ പുതിയ മിഷൻ വയലിനെ കുറിച്ചു പഠിക്കുവാൻ ദൈവം സഹായിച്ചു. ദൽബുംഗട്ട് ഗ്രാമത്തിൽ ചെയ്ത ശുശ്രൂഷയുടെ ഫലമായി പുതിയ ഒരു സ്നേഹിതനെ ലഭിച്ചു. സഭാമൂപ്പൻ സിത്തിലാൽ ടുഡു കർത്താവിന്റെ വേലയിൽ നമ്മെ സഹായിക്കുന്നു.

ഈ പ്രദേശത്തുള്ള അനേകർ രോഗത്താൽ വലയുന്നു. ഇവിടെയുള്ളവർക്കു നല്ല ആരോഗ്യം നൽകേണ്ടതിനും ഈ പ്രദേശത്തെ ശുശ്രൂഷ തടസ്സമില്ലാതെ മുന്നേറണ്ടതിനുമായി പ്രാർത്ഥിക്കുക. കർത്താവിന്റെ വേലക്കാരെ ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേകർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാർ വേഗത്തിൽ പ്രാദേശിക ഭാഷ പഠിക്കേണ്ടതിനും പുതിയ കുടുംബം വിശ്വാസത്തിൽ സ്ഥിരപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണതിനായി പ്രാർത്ഥിക്കുക.

### കിയോൻജർ & റിമുലി

**സുഖിൻലാൽ സി & ജയ റാണി**

അഞ്ചു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പെൻഗർസുരി, ഹന്ദിപാങ്ക, പിത്തിബോൾക്കി എന്നീ ഗ്രാമങ്ങളിലെ ദൈവാലയ സമർപ്പണ ശുശ്രൂഷ തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തി. പുതുതായി മൂന്നു സഭകളും അഞ്ചു ആരാധനക്കൂട്ടങ്ങളും രൂപീകരിക്കുവാൻ ദൈവം കൃപ നൽകി.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്താൽ വലയുന്ന നവോമി മുണ്ട, ജിത്തൻ മുണ്ട, പുറം വേദനയാൽ കഷ്ടപ്പെടുന്ന സുകുമാരി, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഗണേഷ്, കാനിയ മുണ്ട എന്നിവരുടെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ബിജിതാല: ഷിശങ്കർ & ഘാന്തിദേവി

താക്കൂർ ദാസ്, സങ്കരാം നായക് എന്നീ കുടുംബങ്ങൾ സന്നദ്ധ സുവിശേഷകരായി നമ്മോടു ചേർന്നു പ്രവർത്തിക്കുന്നു. വിട്ടുമാറാത്ത പനിയാൽ കഷ്ടപ്പെടുന്ന തുലാടി ഹെബ്രത്തെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. അഞ്ചു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തുന്നതിനും മൂന്നു ദിവസത്തെ കൺവൻഷൻ നടത്തുന്നതിനും ദൈവം സഹായിച്ചു.

വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന പിദാർ ഭസ്കി, മാറിടത്തിൽ കാൻസർ ബാധിച്ച സർബാർ ടുഡു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകനായ മാധൻ സൊറനെയും ലക്കി മുർമ്മുവിനെയും കർത്താവ് ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**24**
**ഞായർ**

## ജന്മദിനാശംസകൾ

വേദമാണിക്യം അപ്പാദൂരൈ

## ഗുജറാത്ത്

### നിസാർ/ സെളംമ്പ

**യുവനേശ് & ഝാൻസി റാണി**

സ്ത്രീകളുടെ ആത്മീക സമ്മേളനത്തിൽ 260 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ അനേകർ സംബന്ധിച്ചു ദേശത്തിന്റെ വിടുതലിനും സൗഖ്യത്തിനുമായി പ്രാർത്ഥിച്ചു. ഞരമ്പു സംബന്ധമായ രോഗത്താൽ വലഞ്ഞ സുനിത ബന്നിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. കാലാവസ്ഥ വ്യതിയാനത്തിൽ നമ്മുടെ മിഷനറിമാരെയും വിശ്വാസികളെയും ആരോഗ്യത്തോടെ ദൈവം പരിപാലിച്ചു.

ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും പുത്തൂർ ഭായ് സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒൽക്കാം, കാല്ലി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഫിലിപ്പ്, ആശീസ് എന്നിവർ ദൈവത്തോടുള്ള സമർപ്പണത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പിനെ തുടർന്നു നിർത്തിവെച്ച ലക്ഷ്മിക്കോട സഭ ആരാധന വേഗത്തിൽ പുനരാരംഭിക്കേണതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ മൊമത് ഭായ് ക്രിസ്തേശുവിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### മോസ്ദ: പോൾരാജ് ആർ & കോയിൽ പുഷ്പം എൽ

നിവെൽദ, ജാടോലി എന്നീ ഗ്രാമങ്ങളിൽ സ്ത്രീകളുടെ പ്രാർത്ഥന യോഗം പുതുതായി ആരംഭിച്ചത് ശുശ്രൂഷക്കു പ്രചോദനമായി. രക്തത്തിന്റെ അളവ് കുറഞ്ഞതിനാൽ കഷ്ടപ്പെട്ട കൽപന വിശ്വാസികളുടെ പ്രാർത്ഥനയെ തുടർന്നു സൗഖ്യം പ്രാപിച്ചു. വരൾച്ചയുടെ കാഠിന്യത്തിൽ നമ്മുടെ വിശ്വാസികളായ സോമ ഭായിയും ഭീംസിങ്ങും പ്രാർത്ഥനയോടെ കുഴൽ കിണർ കുഴിച്ചു. ദൈവം ആ ഗ്രാമത്തിന്റെ മുഴുവൻ ആവശ്യവും നിറവേറ്റുന്നതിനാവശ്യമായ വെള്ളം ആ കിണറിൽ നൽകി അനുഗ്രഹിച്ചു. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട അനിത രണ്ടു മക്കളോടൊപ്പം ഉപജീവന മാർഗ്ഗത്തിനായി വലഞ്ഞു. ദൈവത്തിന്റെ കൃപയാൽ പണ്ടു നഷ്ടപ്പെട്ടു പോയ 13,000 രൂപ തിരികെ ലഭിക്കുവാൻ ഇടയായി. അത് അവൾക്കു വലിയ ആശ്വാസമായി തീർന്നു. അവൾക്കു സ്ഥിര വരുമാനമുള്ള ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

കാന്ദ്പുടി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വദാർശ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അരവിന്ദ് ഭായ്, ചന്ദ്ര സിങ് എന്നിവർ തമ്മിലുള്ള പ്രശ്നം പരിഹരിച്ച് രമ്യപ്പെട്ട് സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റിങ്കിക്കു പൂർണ്ണ വളർച്ച എത്തുന്നതിനു മുമ്പു ജനിച്ച പൈതൽ ആരോഗ്യത്തോടെ വളരുന്നു.

**മെയ്**
**25**
**തിങ്കൾ**

## ജന്മദിനാശംസകൾ

ഫ്രീഡ സാം, രാജരത്തിനം എബ്രഹാം, ക്രിസ്റ്റ രവി കുമാർ, കിൻസ്ളി എ ആർ, ഷൈല കുപ്പുസ്വാമി, സാമ്മിൻലുൻ റ്റി, വിജയകുമാർ

### കവാന്ത്

**അഖിലേശ് കുമാർ & കിരൺ ദേവി**

മഗുദുബാറി ഗ്രാമത്തിൽ നടത്തിയ മൂന്നു ദിവസത്തെ യുവജന ക്യാമ്പിൽ സംബന്ധിച്ചവർ തങ്ങളുടെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചു സാക്ഷ്യമുള്ള ജീവിതം നയിക്കുന്നു. ദിഗ്രാഭിൽ ഗ്രാമത്തിലുള്ള മദ്യാസക്തിയും ദുഷ് സ്വഭാവങ്ങളും ഇല്ലാതാകേണ്ടതിനായി വിശ്വാസികൾ പ്രാർത്ഥിച്ചതിന്റെ ഫലമായി ഗ്രാമത്തലവന്റെ ഉള്ളിൽ ദൈവം പ്രവർത്തിച്ചു. ആ ഗ്രാമത്തിൽ മദ്യം ഉണ്ടാക്കുന്നതും വില്പന നടത്തുന്നതും നിരോധിച്ചു.

ഇരു കരങ്ങളിലും ഉണ്ടായ പരുക്കുകളാൽ കഷ്ടപ്പെടുന്ന അമ്പദുങ്കാർ ഗ്രാമത്തിലെ ബിനി ബന്നിനെ കർത്താവ് സൗഖ്യമാക്കി. അടിവയറ്റിലുണ്ടായ കഠിനമായ വേദനയാൽ കഷ്ടപ്പെട്ട മാൽമുടി ഗ്രാമത്തിലെ പുതിയ വിശ്വാസിയായ കാവേരി ബന്നിനെ കർത്താവ് സൗഖ്യമാക്കി.

### അഹവ/ പിപൽവാട

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം**

നാലു സഭകളിൽ കൊയ്ത്തുൽസവം വളരെ ഭംഗിയായി സംഘടപ്പിച്ചു. കൊസൻബിയ ഗ്രാമത്തിൽ നിർമ്മിച്ച ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷയിലൂടെ ദൈവ നാമം മഹത്വപ്പെട്ടു. ഹൃദയ സംബന്ധമായ രോഗത്താൽ വലഞ്ഞ തുംങ്കകാൽ ഗ്രാമത്തിലെ രമാഭായ്, കാൽക്കുണ്ടു സഭയിലെ അശ്വിൻ എന്നിവരെ ദൈവം അത്ഭുതകരമായി സൗഖ്യമാക്കി.

രുപാദിയ ഗ്രാമത്തിലെ പുതിയ വിശ്വാസി രക്തം ശർദ്ധിക്കുന്നതിനാൽ കഷ്ടപ്പെട്ടു. ദൈവം അവനെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമത ഗ്രാമത്തിലെ ആനന്ദ് ബന്നിന്റെ കണ്ണിലെ മുറിവ് കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജന്മന നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന വദിയാൻ ഗ്രാമത്തിലെ ജസ്ന ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മാൻസ

**ചെല്ലദുരൈ ജെ & കനകനേശൻ**

മരണ ശയ്യയിൽ നിന്നും പ്രാർത്ഥനയാൽ മാൻസി സൗഖ്യം പ്രാപിച്ചു. അനേക നാളത്തെ പരിശ്രമത്തിനൊടുവിൽ രാകേഷ് ഭായിക്കു വികാലംഗ സർട്ടിഫിക്കറ്റ് ലഭിച്ചു. രണ്ടു വ്യക്തികൾ പ്രാർത്ഥന യോഗങ്ങൾ നടത്തുന്നതിനായി തങ്ങളുടെ ഭവനങ്ങൾ തുറന്നു.

നമ്മുടെ സഭയിലെ യൗവ്വനക്കാരായ ദക്ഷ ബൻ, ഹെതാൽ ബൻ, വർഷ ബൻ, സാപ്ന ബൻ, പാർവതി ബൻ, രോഷനി, ഭാരതി എന്നിവർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കണ്ണുഭായ്, ഈശ്വർ ഭായ്, മങ്കാജി ഭായ് എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു നിൽക്കുന്ന സാമൂഹ്യ തിന്മയായ ശൈശവ വിവാഹം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**26**
**ചൊവ്വ**

## ജന്മദിനാശംസകൾ

സിസിലി ജ്ഞാനം രാജ്കുമാരി,
ബാബുരാജ് കെ, ജപല വിജയകുമാർ,
മീഖായേൽ ജോൺ ശമുവേൽ,
ഹെപ്സി സെൽവം തവമണി,
തുമ്പാട റാസില രാമുബായ്,

## മഹാരാഷ്ട്ര

**തലസാരി : ഗെദ്ദം ശ്രീനിവാസ റാവു & രാജ്യലക്ഷ്മി**

അന്തരാഷ്ട്ര വനിത ദിനത്തിൽ മത്ഗാവ് ഗ്രാമത്തിൽ സംഘടിപ്പിച്ച സ്ത്രീജന സമ്മേളനത്തിൽ പ്രാദേശിക MLA സംബന്ധിച്ചത് വളരെ സന്തോഷകരമായിരുന്നു. നമ്മുടെ മുതിർന്ന വിശ്വാസിയായ മകാല (86) യുടെ സംസ്കാര ശുശ്രൂഷ ക്രീസ്തീയ രീതിയിൽ നടത്തിയതിലൂടെ ദൈവ നാമം മഹിമപ്പെട്ടു. ജാറി ഗ്രാമത്തിൽ പഞ്ചായത്ത് അധികാരികളുടെയും പോലിസ് ഉദ്യോഗസ്ഥരുടെയും അനുവാദത്തോടെ വിശ്വാസികൾക്കായി നടത്തിയ സുവിശേഷ മേള വലിയ അനുഗ്രഹമായിരുന്നു. ധാരാളം ആളുകൾ അതിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഏകദിന കുടുംബ സംഗമം, വിശ്വാസ പ്രഖ്യാപന ക്യാമ്പ്, യുവജന ക്യാമ്പ്, വിബിഎസ് എന്നിവ തടസ്സങ്ങളില്ലാതെ സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ സംസ്ഥാനത്തു പാസ്സാക്കിയ മതപരിവർത്തന നിരോധന ബിൽ ബലമായി നടപ്പിലാക്കാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭ നടത്തുന്ന എല്ലാ ആത്മീക കൂട്ടങ്ങളിലും വിശ്വാസികൾ ആത്മാർത്ഥതയോടെ പങ്കെടുത്തു വിശ്വാസത്തിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## പെയിന്റ്

**അലക്സ് പ്രഭു & പ്രീയ ഹെപ്സി**

പൈശാചിക ബന്ധനത്തിൽ മൂന്നു ദിവസം കണ്ണു കാണാതിരുന്ന അമ്പീഭായ് പ്രാർത്ഥനയുടെ ഫലമായി സുഖം പ്രാപിച്ചു. പർവെൽ ഗ്രാമത്തിൽ എതിർപ്പിനെ തുടർന്നു പിന്മാറിപ്പോയ മൂന്നു കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വന്നു. നടക്കുവൻ പ്രയാസപ്പെട്ട പ്രാദേശിക സുവിശേഷകൻ നംദേവ് പ്രാർത്ഥനയുടെ ഫലമായി ദൈവകൃപയാൽ നടക്കുവാൻ ആരംഭിച്ചു. കുടൽ സംബന്ധമായ രോഗത്താൽ വലയുന്ന മത്തുരഭായിയെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി.

കുടുംബ പ്രശ്നത്താൽ വേർപിരിഞ്ഞു പോയ ലീനയുടെ കുടുംബം അനുരഞ്ജനപ്പെട്ടു ഒരുമിച്ചു ജീവിക്കുന്നു. ശങ്കർ, പത്തിനായ് എന്നീ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കക്കദ്പാന, ഫുഗത്പാട എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം തടസ്സമില്ലാതെ പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന കേശവ്, അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന നിതിഭായ്, പക്ഷാഘാതത്താൽ വലയുന്ന പണ്ഡിറ്റ് എന്നിവർക്കു പരിപൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## മെയ് 27 ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

ജോസഫ് ദുരരാജ്, അരുൾ മേരി അൻപയ്യ,
റിബേക്കമ്മാൾ ജ്ഞാനം ചാൾസ് ചെല്ലകുമാർ,
ശമുവേൽ ജപകുമാർ എ,
മായാ സൂസൻ സുനിൽ,
എലിശ ഡൈഡെ, ഡേവിഡ് ആർ

### ചാലിസ്ഗൗൺ

**യേശു പ്രകാശ് & സുനന്ദ ബല്ലി**

സംഗീത പ്രവീൺ ഭായ് ശരീരത്തിൽ പൊട്ടാസ്യത്തിന്റെ കുറവിനാൽ കഷ്ടപ്പെടുന്നു പ്രാർത്ഥനയിലൂടെ ദൈവം സൗഖ്യമാക്കി. മാനസിക രോഗിയായ ഹർഷാദിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. പക്ഷാഘാതത്താൽ വലഞ്ഞ ദേവറാം കൗലെയുടെ പ്രാർത്ഥന കേട്ടു കർത്താവ് വിടുവിച്ചു.

വിനോദ് മോറെയുടെ തലയിലുണ്ടായ മാരകമായ മുറിവ് പൂർണ്ണമായി സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും അഞ്ചന ഭായ്, ശാരദ ഭായ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മോൾഗി

**രൂബൻ ടുഡു & രുക്മണി ഹെബ്രം**

ഉദരവേദനയാൽ കഷ്ടപ്പെട്ട ബിജു ഭായ്, ശ്വസന സംബന്ധമായ പ്രയാസത്താൽ ഭാരപ്പെട്ട സമറിയ ദത്ത എന്നിവരെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇവിടെ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് അനേകർക്കു പ്രയോജനപ്പെട്ടു.

മങ്കിഭായിയുടെ മാനസീക രോഗം നിമിത്തം സമാധാനമില്ലാതെ കഷ്ടപ്പെടുന്ന കുടുംബങ്ങളിൽ ദൈവം കൃപ ചെയ്തു സൗഖ്യവും സമാധാനവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ഓർമ്മ ശക്തി നഷ്ടപ്പെട്ടതിനാൽ ഭാരപ്പെടുന്ന ഇഷയുടെ അത്ഭുത സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സിഗ്ലി ഗ്രാമത്തിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള പ്രാദേശിക സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തലോദ

**ഭരണിധരൻ & സെൽവരണി**

നാലു കുടുംബം വിശ്വാസത്തിലേക്കു കടന്നു വന്നു സമൃദ്ധിയായ ജീവിതം നയിക്കുന്നു. മൂന്നു ഗ്രാമങ്ങളിൽ തടസ്സമില്ലാതെ സുവിശേഷം പ്രഘോഷിച്ചു. അബദ്ധത്തിൽ നദിയിൽ വീണ അങ്കുഷിനെ കർത്താവ് രക്ഷിച്ചു. ഗുരുതര രോഗാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച ദേരുഭായിയെ ദൈവം കരുണ ചെയ്തു പൂർണ്ണ സൗഖ്യം നൽകി വിടുവിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ഒമ്പതു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദര വീക്കത്താൽ കഷ്ടപ്പെടുന്ന സമ്മ ദാദയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇടതു കൈയിലും തൊണ്ടയിലും വേദനയനുഭവിക്കുന്ന സായ് സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഷാഹിദ് പവാർ അനിൽ ദാസ് കുടുംബം വിശ്വാസത്തിൽ ബലപ്പെട്ടു വളരേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**28**
**വ്യാഴം**

## ജന്മദിനാശംസകൾ

ജയസെൽവി മണിമാരൻ

### ഖാന്തബാര / നവാപൂർ

**തിമ്മാന & മമത**

നാലു സ്ഥലത്തു വിശ്വാസികൾക്കായി പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നൽകി. ന്യുമോണിയ ബാധിച്ച ശിവയെ കർത്താവ് സൗഖ്യമാക്കി. ശസ്ത്രക്രീയയെ തുടർന്നുണ്ടായ രോഗങ്ങളാൽ വലഞ്ഞ അശോകിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. മോലിപാട, ബിജദേവി എന്നീ ആരാധനക്കൂട്ടങ്ങളിൽ നാലു പേർ സ്ഥിരമായി സംബന്ധിക്കുന്നു.

നവഗാവ് ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പലവിധ രോഗങ്ങളാൽ വലയുന്ന സുമ ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുഷ്ഠരോഗത്താൽ വലയുന്ന പാടി ഭായ്, അധരത്തിൽ കാൻസർ ബാധിച്ച ലതഭായ്, ഉദരത്തിൽ കാൻസർ ബാധിച്ച മീര ഭായ്, പക്ഷാഘാതത്താലും അരിവാൾ രോഗത്താലും വലയുന്ന കാത്ത ബാബ, എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്താൽ കഷ്ടപ്പെടുന്ന രോഹഹിണി, ജാഗുരിതി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയാൽ കഷ്ടപ്പെടുന്ന രാജുവിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. ആശീഷ്, പ്രവീൺ, ഫിലിപ്പ് എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഇട്ടപ്പള്ളി

**ബാബുജി മുർമ്മു & വയലറ്റ് ഹസ്ത**

ഉദരവേദനയാൽ കഷ്ടപ്പെട്ട ആയുഷ് ധർമ്മ പലവിധ മരുന്നുകൾ കഴിച്ചിട്ടും ആശ്വാസം ലഭിച്ചില്ല. എന്നാൽ ദൈവാലയത്തിൽ കടന്നു വന്നു പ്രാർത്ഥിച്ചതിനെ തുടർന്നു സൗഖ്യം ലഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും പോച്ചു നരോട്ടി, റാണു നരോട്ടി എന്നിവർ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. മാനസിക രോഗിയായ അനിൽ അത്രാം, അപസ്മാരത്തിൽ നിന്നും നിലേഷ് എന്നിവർ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സമൃദ്ധിയായ ജീവൻ പ്രാപിച്ചു.

പുതിയ വിശ്വാസിയായ രേണുവിന്റെ കുടുംബം സമാധാനത്തോടെ ഒരുമിച്ചു പാർക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്താം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന മകന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന ആദ്രാമിന്റെ കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഗുരുതരമായ ചുമ നിമിത്തം ക്ഷീണിതയായ സുഗിലുഭായ്, പക്ഷാഘാതത്താൽ വലയുന്ന ദേവ കോട്ട എന്നിവരുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തിൽ വിശ്വസ്തരായ യുവജനങ്ങൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മെയ്
29
വെള്ളി

## ജന്മദിനാശംസകൾ

ഷക്കീന കൃപ,
ഇമ്മാനുവേൽ എസ്

## കർണ്ണാടക

### സീപൂർ

**മീനുക അടെപ്പ & രാമപുരം പെദ്ദക്ക**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എല്ലാ ശുശ്രൂഷകളും ഭംഗിയായി നടത്തുവാൻ ദൈവം കൃപ നൽകി. കഴിഞ്ഞ ചില ദിവസങ്ങൾ മിഷനറിയെയും സുവിശേഷകനെയും ദൈവം സുരക്ഷിതമായി പരിപാലിച്ചു. പൈനഹള്ളി, കർസമംഗലം എന്നീ ഗ്രാമങ്ങിൽ ദൈവകൃപയാൽ പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു.

വൃക്കയുടെ പ്രവർത്തനം നിലെച്ച ബാബ്ലുവിന്റെയും മാനസിക രോഗിയായ പർവത്തമ്മയുടെയും വിടുതലിനായി പ്രാർത്ഥിക്കുക. വിശാലാക്ഷി, ആശ എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. അശ്വിൻ, പുരുഷോത്തമൻ എന്നിവരുടെ കുടുംബത്തിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ അഖിലേശിനു അനയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നഗിനെള്ള് പ്രദേശത്തു പുതിയ സ്നേഹിതരെ ലഭിക്കേണതിനും അവിടെ പുതിയ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ആന്ധ്രപ്രദേശ്

### നല്ലമദ

**ദിനേശ് മറിയ & മേരി മുർമ്മു**

കോതലപ്പള്ളി, താന്ദ, സാമക്കാട്ടപ്പള്ളി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മാനസിക വിഭ്രാന്തിയാൽ ഭവനത്തിൽ നിന്നും നഷ്ടപ്പെട്ടു പോയ വനിത കുടുംബാംഗങ്ങളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി സുരക്ഷിതയായി തിരികെ വന്നു. ഗോപിപ്പള്ളി സഭയിലെ വിശ്വാസികൾ എല്ലാ ബുധാനാഴ്ചയും അവരുടെ ഭവനങ്ങളിൽ കൂടി ഭവനാരാധനയും പ്രാർത്ഥനയും നടത്തുന്നു. വിശ്വാസികൾക്കായി സംഘടിപ്പിച്ച വേദപഠനക്കൂട്ടങ്ങൾ ഭംഗിയായി വിഘ്നമില്ലാതെ മുന്നേറുന്നു.

ശിവമ്മ, ശ്രീറാം, തിമ്മാക്ക, എസ്ഥേർ, ജോസഫ് എന്നിവർ ദൈവ സഹായത്താൽ കടഭാരത്തിൽ നിന്നു മുക്തരായി. പുതിയ വിശ്വാസികൾ സാമൂഹ്യ സമ്മർദ്ദങ്ങളെയും ഭീതിയെയും മറന്നു വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള വിശ്വാസികളുടെ ആത്മീക വളർച്ചക്കായും അവർ സുവിശേഷ വേലയിൽ സജീവമായി പങ്കെടുക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരും സഭാമൂപ്പന്മാരും സുവിശേഷകരണ പ്രവർത്തനത്തിൽ സദീവമാകേണതിനും ഈ മിഷൻ വയലിൽ ധാരാളം ആരാധനക്കൂട്ടങ്ങൾ ഉരുവാക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ സരോജയുടെ കൈയിലെ ബലഹീനത പ്രാർത്ഥനയാൽ സുഖമായി. കേവരിപ്പള്ളി, റേത്തപള്ളി, ധോനിക്കൊട്ട എന്നീ ഗ്രാമങ്ങളിൽ പുതിയ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ചു.

**മെയ്**
**30**
**ശനി**

## ജന്മദിനാശംസകൾ

രൂബൻ രവി, മെർലിൻ ഫ്രാങ്കളിൻ, ഗ്ലാഡി ബ്യൂല സാം, യിസ്രായേൽ നഥാനിയേൽ എഡ്വേർഡ്, വാവച്ചൻ എം പി, ഉഷ യേശുബാബു, അഞ്ജലി ദേവി ബി

## ധാമലച്ചെരിവ്

**ജോൺ ഡേവിഡ് രാജ് (റിട്ട) & ജ്ഞാനശേഖരി**

പത്തൂർ ഗ്രാമത്തിലെ ദൈവാലയത്തിന്റെ അറ്റകുറ്റ പണി ദൈവകൃപയാൽ ആരംഭിച്ചു. മൂന്നു പ്രാവശ്യം ഗർഭസ്ഥ ശിശു നഷ്ടപ്പെട്ട കരീന ഹേമ പ്രാർത്ഥനയുടെ ഫലമായി വീണ്ടും ഗർഭിണിയായി. ഹൃദയ സംബന്ധമായ രോഗത്തിനു ചികിത്സിക്കുന്ന മേരി രാമണമ്മയെ ശസ്ത്രക്രിയ ഇല്ലാതെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ വിശ്വാസിയായ എയ്ഞ്ചൽ അശ്വനിയുടെ പിതാവ് സന്ധി വേദനയാലും നീർവീക്കത്താലും കഷ്ടപ്പെട്ടിരുന്നു. പ്രാർത്ഥനയാൽ ഓപ്പറേഷൻ ചെയ്യാതെ ദൈവം സൗഖ്യമാക്കി. വേർപിരിഞ്ഞു ജീവിച്ച കുറുമ്പയ്യ, സുഹാസ് കുടുംബം പ്രാർത്ഥനയാൽ ഒരുമിച്ചു ജീവിക്കുവാൻ തുടങ്ങി.

കാഴ്ചക്കു പ്രയാസം അനുഭവിക്കുന്ന ആരോൺ ബാബുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ യുവജനങ്ങൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു വൃക്കകളും പരാജയപ്പെട്ട വിക്ടർ വീരസ്വാമിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുറം വേദനയാൽ കഷ്ടപ്പെടുന്ന സിലുക്കാമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അവർ ക്രിസ്തു യേശുവിലുള്ള വിശ്വാസം ധൈര്യത്തോടെ പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. യോശുവ, രങ്കരാജ്, സത്യ എന്നീ കുടുംബങ്ങളിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൊത്തപ്പെട്ടൈ പ്രദേശത്തു ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു വാങ്ങേണ്ടതിനും വേഗത്തിൽ ദൈവാലയം പണി ആരംഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ശാന്തിപുരം

**ബാലാജി നേടാലം & ജഗദീശ്വരി**

അഞ്ചു പുതിയ വ്യക്തികൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. കൊന്താതിം മാനപ്പള്ളി, കാട്ടുരു, ഒദുമാടി, ശാന്തിപുരം എന്നീ ഗ്രാമങ്ങളിൽ ഏകദിന ഉപവാസ പ്രാർത്ഥനകൾ സംഘടിപ്പിച്ചു. വിശ്വാസത്തിൽ നിന്നും പിന്മാറി പോയ അഞ്ചു പേർ തിരികെ വന്നു ആരാധനയിൽ സംബന്ധിക്കുന്നു.

മല്ലൂർ, സാന്തൂർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധന ക്കൂട്ടങ്ങൾ ഉരുവാക്കി. വിശ്വാസത്തിൽ നിന്നു വീണു പോയവർ തിരികെ വിശ്വാസത്തിലേക്കു വരേണ്ടതിനായി പ്രാർത്ഥിക്കുക. സുരേഷ്. ദേവരാജ്, മുനുസ്വാമി, ആദി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.സിങ്കസമുദ്ര ഗ്രാമത്തിലെ ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**31**
**ഞായർ**

## ജന്മദിനാശംസകൾ

വിജയൻ റ്റി, അരുൾ ആശീർ ഡി, ശാന്തനി പാനി, സ്വാതി ശർമ്മ

# തമിഴ്നാട്

## നേതൃത്വ പരിശീലന കേന്ദ്രം - പെരിയമലൈ

### ബാബുരാജ് & മേബൽ

സ്ത്രീജന യോഗവും മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയും അനുഗ്രഹകരമായി നടത്തി. പേട്ടകുഗിലാലം ദൈവാലയത്തിന്റെ അറ്റകുറ്റ പണി തടസ്സമില്ലാതെ പുരോഗമിക്കുന്നു. കലിക്കാട്ടം, പോളകൊല്ലൈ, കണികാര പുരം, സീതാപുരം, സുക്കലപേട് എന്നിവിടങ്ങളിൽ നടത്തിയ കുട്ടികളുടെ യോഗം അനുഗ്രഹകരവും പ്രചോദന കരവും ആയിരുന്നു.

പേട്ടകുഗിലാലം ദൈവാലയത്തിന്റെ അറ്റകുറ്റപണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ വലയുന്ന മുരുകന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾക്കിടയിലുള്ള ഭിന്നത പിരിഹരിക്കേണ്ടതിനും അവർ ക്രിസ്തുവിൽ വേരൂന്നി വിശ്വാസ ജീവിതത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ചന്ദ്രപെട്ടി

### അർച്ചന എം

അന്ധെവാനപള്ളിയിലെ മുനിരത്തിനത്തെ രണ്ടു വർഷത്തോളം കഷ്ടപ്പെടുത്തിയ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. പ്രാർത്ഥനയുടെ ഫലമായി ദൈവം സഹായിച്ചതിനാൽ സുമനു നല്ല ജോലി ലഭിച്ചു. രക്തം ശർദ്ദിച്ച പെരുമാളിനു ദൈവകൃപയാൽ സൗഖ്യം ലഭിച്ചു. മുരളി, തങ്കരാൻ എന്നിവർക്കു സ്വന്തമായി ഭവനം പണിയുന്നതിനു വേണതെല്ലാം നൽകി ദൈവം അനുഗ്രഹിച്ചു.

ആരതി, ബാഗത്തമ്മാൾ, മുനിരത്തിന, അവളുടെ ഭർത്താവ് മുനിരാജ് എന്നിവർ തടസ്സമില്ലാതെ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ശിവകുമാറും അവന്റെ കുടുംബാംഗങ്ങളും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഷൂലഗിരി

### കരുണാകരൻ & എലിസബേത്ത്

കഴിഞ്ഞ ചില ദിവസങ്ങളിൽ 18 കുടുംബങ്ങളെ സന്ധിക്കുന്നതിനും അവരെ വേദവചനം പഠിപ്പിക്കുന്നതിനും സാധിച്ചു. പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ വിജയകരമായി നടത്തി. കാലിൽ ഒടിവു സംഭവിച്ച മാരിമുത്തുവിനെ കർത്താവ് സൗഖ്യമാക്കി. ഇപ്പോൾ ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കുന്നു.

നമ്മുടെ വിശ്വാസികളായ ഡേവിഡ്, ആശിഷ് എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി നഷ്ടപ്പെട്ട ബാബു ദിനകരനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗണേഷ് വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. രാജപ്പ, സുബ്രമണ്യൻ, തിമ്മരാജ്, രംങ്കസ്വാമി എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## We want to help you to be in touch with…
## Friends Missionary Prayer Band

**ZONAL ADVISOR : Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR: Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, TC 25/654,
..................................Menathottathil House, Opp. Josco Jewellery, Pattom P.O,
..................................Trivandrum - 695 004. Mob.8951 766 255, E- Mail. manoj@fmpb.org

**Parassala: ................Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East: Mr. L. Sathyadas,** Hon. Pro. secretary, FMPB, “Bethanya,
................................ Parakudivila, Cheruvarakonam P O, Parassala Via - 695 502
................................ Mob.93880 38920

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Mob.94460 90636

**Tiruvanathapuram: Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION : Rev. Thomas Mathew,** Regional Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta : Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :....... Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha............Mrs. Parimalam Isaiah** Prom. Secretary Mob. 94959 90899

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:....... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**416** മിഷനറി ആൽബം



**ശ്രീ. ആർ സെൽവകുമാർ ജോസഫ് വിൽസൺ & ശ്രീമതി. ജയ ഹെലൻ റോസ് കുടുംബം**

കന്യാകുമാരി ജില്ലയിൽ തേങ്ങൈ പട്ടണത്തിൽ ക്രിസ്തീയ കുടുംബമായ ശ്രീ രാജാമണിയുടെയും ശ്രീമതി മറിയ അർപുതത്തിന്റെയും രണ്ടാമത്തെ മകനായി ശ്രീ. ജോസഫ് വിൽസൺ 10/3/1968 ജനിച്ചു. എട്ടാമത്തെ വയസ്സിൽ അവൻ മാരകമായ രോഗിയായി മരണത്തോടു അടുത്തു. അത്ഭുതകരമാം വിധം യേശു ക്രിസ്തു അവനു പ്രത്യക്ഷനായി അവനെ മരണത്തിൽ നിന്നും രക്ഷിച്ചു. യൗവ്വന പ്രായത്തിൽ അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവവേലക്കായി തന്നെ സമർപ്പിച്ചു.

വനം വകുപ്പിൽ ജോലി ചെയ്തിരുന്ന പിതാവിനു ധർമ്മപുരിയിലുള്ള അഞ്ചെട്ടിയിലേക്കു സ്ഥലം മാറ്റം ലഭിച്ചു. ശ്രീ. ജോസഫ് വിൽസൺ റവ. ജോൺ ധർമ്മമണിയെയും FMPB മിഷനറിയായ റവ. വരദരാജനെയും കണ്ടുമുട്ടി. 1983 ന്റെ ഒടുവിൽ അവന്റെ പിതാവിനു ഷൂലഗിരിയിലേക്കു സ്ഥലം മാറ്റം ലഭിച്ചു. അവിടേക്കു താമസം മാറ്റിയ കുടുംബം FMPB മിഷനറിമാർ ആരംഭിച്ചു നേതൃത്വം നൽകിയ മിഷൻ വയലിലെ ആരാധന യോഗത്തിൽ സജീവമായി പങ്കെടുത്തു. സ്കൂൾ അവിധിക്കാലത്തു അവൻ മിഷനറിമാരോടു ചേർന്നു ഗ്രാമ സുവിശേഷീകരണത്തിലും ലഘുലേഖ വിതരണത്തിലും പങ്കാളികളായി.

1986 ൽ പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. മിഷനറിമാരോടു ചേർന്നു ഒരു സുവിശേഷകനായി പ്രവർത്തനം ആരംഭിച്ചു. 1990 ൽ മിഷൻ വയലിന്റെ ചുമതല നൽകി. 1993 FMPB യിലെ മിഷനറിയായി ചേർന്നു. ബഥേൽ ബൈബിൾ കോളജിൽ ഒരു വർഷത്തെ മിഷനറി പരിശീലനം പൂർത്തീകരിച്ചു. 1994 മുതൽ 1996 വരെ ജാർഖണ്ഡിലും ഉത്തർപ്രദേശിലും മിഷനറിമാരായി പ്രവർത്തിച്ചു.

കന്യാകുമാരി ജില്ലയിൽ കർത്താവിന്റെ ദാസനായ പരേതനായ ശ്രീ. ജോർജ്ജ് വില്യമിന്റെയും ശ്രീമതി രത്തിനത്തിന്റെയും ഇളയ മകളായി 11/1/1974 ൽ സഹോദരി ജയ ഹെലൻ റോസ് ജനിച്ചു. ചെറു പ്രായം മുതലെ മാതാപിതാക്കളുടെ പ്രേരണയാൽ കർത്താവിന്റെ വേല ചെയ്യണമെന്ന തീവ്രമായ ആഗ്രഹം അവൾക്കുണ്ടായിരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ അനേക മിഷനറിമാരുടെ ജീവചരിത്രം വായിച്ച അവൾക്കു മിഷനറിയാകണമെന്ന ദൈവീക വിളി ലഭിച്ചു.

19/2/2001 ൽ ശ്രീ. ജോസഫ് വിൽസണും ശ്രീമതി ജയ ഹെലൻ റോസും തമ്മിലുള്ള വിവാഹം നടന്നു. 2002 മുതൽ ഫെബ്രുവരി 2008 വരെ അവർ ഒരുമിച്ചു കൃഷ്ണഗിരി, മാധെപ്പള്ളി, കുണ്ടാരപള്ളി, ഗുരുപാരപ്പള്ളി എന്നി മിഷൻ വയലുകളിൽ പ്രവർത്തിച്ചു. 2008 മുതൽ 2012 വരെ അവർ ആസ്ഥാന മന്ദിരത്തിൽ പ്രവർത്തിച്ചു. 2012 മുതൽ 2020 വരെ അവർ ഈറോഡ്, കോലാർ എന്നീ റീജിയനിൽ മൊബലൈസേഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടു. തുടർന്നു പൂണ്ടി മേഖലയിൽ പ്രവർത്തിച്ചു. 2020 ഡിസംബർ മുതൽ അവർ സേലം, ഇല്ലംപള്ളി മിഷൻ വയലിൽ പ്രവർത്തിച്ചു വരുന്നു.

ദൈവം അവർക്കു ജെറ്റ് ജെ വില്യം (2/9/2002) എന്ന മകനെ നൽകി അനുഗ്രഹിച്ചു. അവൻ അവസാന വർഷ മെഡിക്കൽ വിദ്യാർത്ഥിയാണ്.

ഈ കുടുംബത്തെ നമ്മുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.




***Published by:*** Vijay Prasanna Isaac on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: Vijay Prasanna Isaac***